മാറാനാഥ വോയ്സ്

MONTHLY

15 ഒക്ടോബർ 2026

വാല്യം-27/ ലക്കം-5/ തിരുവല്ല/ പേജ്-16/ വില-15.00



8 പേജ് നിറതോക്കിനെ നിശബ്ദമാക്കിയ ദൈവശബ്ദം

9 പേജ് ടാറ്റുമാന്റെ മാറ്റം!



പ്രവേശനം
ക്രൈസ്തവ വിശ്വാസികൾക്ക് മാത്രം

ഛത്തീസ്ഗഡിൽ ക്രൈസ്തവ സഭകൾക്ക് നേരേയുള്ള നിരന്തര ആക്രമണത്തെ തുടർന്ന് ആരാധനാലയങ്ങൾക്ക് മുന്നിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ച് സഭാധികൃതർ



ഛത്തീസ്ഗഡിലെ ധംതാരി നഗരത്തിലെ 116 വർഷം പഴക്കമുള്ള സുന്ദർഗഞ്ച് മെന്നോനൈറ്റ് ചർച്ചിന് പുറത്ത്, അക്രൈസ്തവർക്ക് ആരാധനാലയത്തിലേക്കുള്ള പ്രവേശനം നിയന്ത്രിക്കുന്ന ഒരു നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു

ധംതാരി: ഛത്തീസ്ഗഢ് സംസ്ഥാനത്തെ ക്രിസ്തീയ ആരാധനാലയങ്ങളിൽ ക്രിസ്ത്യാനികൾക്ക് മാത്രം ആരാധനയ്ക്കുള്ള പ്രവേശനം പരിമിതപ്പെടുത്തുന്ന നോട്ടീസുകൾ സ്ഥാപിച്ചു സഭാധികൃതർ. മതപരിവർത്തന ആരോപണങ്ങളും പ്രാർത്ഥനാ ശുശ്രൂഷകൾ തടസ്സപ്പെടുത്തലും സംബന്ധിച്ച സംഘർഷങ്ങൾ വർദ്ധിച്ച സാഹചര്യത്തിൽ മുൻകരുതൽ നടപടിയാണിതെന്ന് സഭാ വക്താക്കൾ പറയുന്നു.. ചത്തീസ്ഗഡിലെ ധംതാരി ജില്ലയിലെ പള്ളികളിലാണ് നോട്ടീസുകൾ പ്രത്യക്ഷപ്പെട്ടത്. 116 വർഷം പഴക്കമുള്ള സുന്ദർഗഞ്ച് മെന്നോനൈറ്റ് പള്ളിക്ക് പുറത്തുള്ള ഒരു നോട്ടീസിൽ ഇങ്ങനെ എഴുതിയിരുന്നു: 'പള്ളി മാനേജ്മെന്റ് നിയമ പ്രകാരം, ആരാധനയ്ക്കായി പള്ളി കെട്ടിടത്തിൽ പ്രവേശിക്കുന്നത് ക്രിസ്ത്യാനികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.' 'സ്വമേധയാ പ്രവേശിക്കുന്ന ക്രിസ്ത്യാനികൾ അല്ലാത്തവർ സ്വന്തം ഉത്തരവാദിത്തത്തിൽ പ്രവേശിക്കണം'

ധംതാരിയിലെ പ്രമുഖ ചർച്ച് ഓഫ് ഗോഡ് പെന്തക്കോസ്തൽ ചർച്ചിന് പുറത്തുള്ള സമാനമായ ഒരു നോട്ടീസിൽ ഇങ്ങനെ പറയുന്നു, 'സഭയ്ക്കുള്ളിലെ ആരാധന ക്രിസ്ത്യാനികൾക്ക് മാത്രമുള്ളതാണ്, അക്രൈസ്തവർ പരിസരത്ത് പ്രവേശിക്കുന്നതിന് പൂർണ്ണമായി അവർ തന്നെ ഉത്തരവാദികൾ ആയിരിക്കും.'സംസ്ഥാനത്തിന്റെ പുതിയ മതസ്വാതന്ത്ര്യ നിയമപ്രകാരമുള്ള തർക്കങ്ങളിൽ നിന്നും സാധ്യമായ നിയമപരമായ സങ്കീർണതകളിൽ നിന്നും സഭകളെ സംരക്ഷിക്കുന്നതിനാണ് നോട്ടീസുകൾ ഉദ്ദേശിച്ചതെന്ന് ധംതാരി ഡിസ്ട്രിക്റ്റ് ക്രിസ്ത്യൻ ഫോറത്തിന്റെ ജനറൽ സെക്രട്ടറി ഡയമണ്ട് ഫിലിപ്പ് സെപ്റ്റംബർ 25 ന് മാധ്യമങ്ങളോട് പറഞ്ഞു.

"ഞങ്ങൾ ആരെയും നിയന്ത്രിക്കുന്നില്ല, പക്ഷേ ആളുകൾ വരാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവർ സ്വന്തം ഉത്തരവാദിത്തത്തിൽ വരണം," ഫിലിപ്പ് പറഞ്ഞു.ധംതാരി നഗരത്തിലെ എട്ട് ചർച്ചുകളിൽ നോട്ടീസുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ക്രിസ്ത്യൻ നേതാവ് പറഞ്ഞു, അതേസമയം ജില്ലയിലുടനീളമുള്ള 40 ഓളം പള്ളികളിലും പ്രാർത്ഥനാ കേന്ദ്രങ്ങളിലും സമാനമായ

(ശേഷം പേജ് 15)

Phone: Office: 9061105278, 8547414937,Google Pay-9446785383, (usa) 708 254 7402 **Email:** maranathavoice@gmail.com

MARANATHA VOICE
Monthly
Plamoottil building
mepral P.o
Thiruvalla-689591
Pathanamthitta dist.
PH: 9061105278
8547414937

CHIEF EDITOR
Thampi P Thomas
MANAGER
pastor. K.V Kuruvila
GENERAL SECRETARY
Evg. Mathew Thomas
MANAGING EDITOR
Sajimone Thankachan
EDITOR
Thomas George Anayazhikathu
pastor Veeyapuram Georgekutty
Evg. Kurian Philip
NEWS EDITOR
Roy Mannoor
ASSOCIATE EDITOR
James Oommen
CONTRIBUTING EDITORS
Jose Mathews
K.V Varghese, Houston
OVERSEAS EDITOR
Noble John
CIRCULATION MANAGER
Thomson K Thomas
MEMBERS
Chummar P Thomas
Thomas Abraham, FL.
John Chandy
Joby John
Dr. P.A Philip
Samuel George
Manoj George
Jojo A George
Ben Cherian
Eappen Varghese
ADVISORY BOARD
Pastor Thomas Koodampallam
Abraham Kuruvila

വാർഷിക വരിസംഖ്യ
ഇന്ത്യ- 200 ₹
യുഎസ്എ- $40
കാനഡ- $40
ഗൾഫ് നാടുകൾ-1000 ₹
(മറ്റ് രാജ്യങ്ങൾ 40 ഡോളറിന് തത്തുല്യമായ തുക)

Contact Address in USA
MARANATHA VOICE
926 East point DR.
SCHAUMBURG, IL 60193
Ph: (708) 254 7402

മാറാനാഥാ വോയ്സിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ഉള്ളടക്കങ്ങൾ സംബന്ധിച്ചുള്ള പൂർണ്ണമായ ഉത്തരവാദിത്വം രചയിതാക്കൾക്ക് തന്നെയായിരിക്കും- പത്രാധിപർ

മതാന്ധത യുവതയെ കീഴടക്കുന്നു

മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് കാറൽ മാർക്സ് പറഞ്ഞ കാലത്ത് അതൊരു വിചിത്ര വാദമായിട്ടാണ് മനുഷ്യർ കണ്ടത്. പക്ഷേ ഇന്ന് മതം മനുഷ്യന്റെ തലയ്ക്ക് പിടിച്ചാൽ അതിനെക്കാൾ വലിയ ലഹരി ലോകത്തിൽ വേറെ ഉണ്ടാകില്ല എന്നത് ആധുനിക ലോകം വേഗത്തിൽ തിരിച്ചറിയുന്നുണ്ട്. മതം തലയ്ക്ക് പിടിച്ചവന്റെ മനസിൽ പിന്നെ സഹോദരനോ അയൽക്കാരനോ സുഹൃത്തോ നാട്ടുകാരനോ, സഹജീവിയോ ഒന്നുമുണ്ടാകില്ല പിന്നെയോ മതത്തിന്റെ അളവുകോലിൽ അളക്കപ്പെടുന്ന കുറെ മനുഷ്യകോലങ്ങൾ മാത്രമാകും ഉണ്ടാവുക. സ്വന്തം മതത്തിനും താത്പ്പര്യങ്ങൾക്കും അപ്പുറമായി ആരു നിന്നാലും അവർ ബദ്ധശത്രുക്കളായി മാറും. അങ്ങനെ ചിന്തിക്കുന്ന കുറെ മനുഷ്യരും നമുക്കിടയിൽ ഉണ്ട് എന്നത് ഏറെ ഭീതിയോടെ കാണേണ്ട കാര്യമാണ്. ഈ കാലഘട്ടത്തിന്റെ ശാപമാണിത്. അത് വർദ്ധിച്ച് കൊണ്ടേയിരിക്കുന്നു.

ഒരു കാലത്ത് സ്വന്തം മതത്തേയും അതിന്റെ സൂക്തങ്ങളേയും ആരാധനാചാരങ്ങളേയും സ്വകാര്യതയുടെ ഭാഗമായി കാണുകയും മറ്റ് മതങ്ങളേയും മതാനുയായികളേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന ഒരു തലമുറ നമുക്കുണ്ടായിരുന്നു. ഇന്ന് ആ നന്മ നഷ്ടമായി കൊണ്ടിരിക്കുന്നു. അത് വലിയൊരു അപകടം തന്നെയാണ്.

സെപ്റ്റംബർ 30ന് ദുബൈയിൽ നിന്ന് യിസ്രയേലിലെ ടെൽ അവിവിനെ ലക്ഷ്യമാക്കി പറന്നുയർന്ന ഫ്ളൈ ദുബൈ വിമാനത്തിന്റെ പ്രധാന പൈലറ്റിനെ അടിച്ച് വീഴ്ത്തി വിമാനത്തിലെ 174 യിസ്രയേലികൾ അടക്കമുള്ള യാത്രക്കാരെ ഇല്ലാതാക്കാനുള്ള ശ്രമം നടത്തിയ ഒമാനി സഹ പൈലറ്റിന്റെ ശ്രമങ്ങളെ ഭീതിയോടെയാണ് ലോകം കേട്ടത്. സഹപൈലറ്റിന്റെ ശ്രമത്തെ ചെറുത്തുതോൽപ്പിച്ചത് പ്രധാന പൈലറ്റ്, ഇന്ത്യക്കാരനായ സുമിത് മച്ചാറിന്റെ അസമാന്യ ധീരതയും യാത്രക്കാരിൽ ചിലരുടെ കൃത്യസമയത്തുള്ള ഇടപെടലുമായിരുന്നു.. ക്രൂരമായി ആക്രമിക്കപ്പെട്ട് ചോര വാർന്നിട്ടും ജീവന്റെ അവസാന കണികയും ഉപയോഗിച്ച് കോക്പിറ്റിന്റെ വാതിൽ തുറന്നുകൊടുത്ത പ്രധാന പൈലറ്റിന്റെ വീര്യമാണ് വൻ ദുരന്തമുഖത്ത് നിന്ന് 182 യാത്രികരെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവന്നത്. ടെൽ അവീവിലെ ബെൻ ഗുറിയോൺ വിമാനത്താവളത്തിൽ എത്തിയ യാത്രക്കാരെ സ്വീകരിക്കാൻ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു നേരിട്ടെത്തിയതോടെയാണ് കോക്പിറ്റിൽ നടന്ന അതിസാഹസികമായ പോരാട്ടത്തിന്റെ ഞെട്ടിക്കുന്ന വിവരങ്ങൾ പുറംലോകം അറിയുന്നത്. കോക്പിറ്റിൽ ഇരച്ചുകയറി അക്രമിയെ കീഴ്പ്പെടുത്തിയ യാനിവ് എന്ന യാത്രികനെ നെഞ്ചോട് ചേർത്തണച്ച നെതന്യാഹു, ഇയാളെ 'യഥാർത്ഥ സിംഹം' എന്നാണ് വിശേഷിപ്പിച്ചത്.

കേവലം 29 വയസുമാത്രം പ്രായമുള്ള സഹ പൈലറ്റ് ഹമാം അൽ ഹമാമിയുടെ യിസ്രയേലിനോടുള്ള വെറുപ്പും ജൂത മതാന്ധതയും എത്രമാത്രം ഭീകരമായിരുന്നുയെന്ന് തെളിയിക്കുന്നതാണ് സംഭവം. കരിയറിനെ മെച്ചപ്പെടത്തി ഭാവിയെ ശോഭനമാക്കേണ്ട പ്രായത്തിൽ ആ യുവാവിന്റെ മനസിനെ കീഴ്പ്പെടുത്തിയത് മതാന്ധതയണ്. ജീവിതത്തിലെ ഏറ്റവും സമ്പന്നമായ യൗവ്വനകാലത്ത് മതാന്ധത തലയ്ക്ക് പിടിച്ചാൽ....അത് വരുത്തുന്ന നാശം എത്ര വലുതായിരിക്കും? സത്യത്തിൽ മനുഷ്യരുടെ ഇടയിൽ മതമാത്സര്യങ്ങളും അതിന്റെ പേരിലുള്ള വിഭാഗീയതയും വെറുപ്പും വിദ്വേഷവും ആളിപ്പടർന്നു കൊണ്ടിരിക്കുന്ന ഇക്കാലത്ത് യുവാക്കളുടെ ഇടയിൽ വളർന്ന് കൊണ്ടിരിക്കുന്ന അന്ധമായ മതചിന്തകൾ മാരകമായ അണുവായുധത്തേക്കാളും പ്രഹരശേഷിയുള്ളതാണെന്ന് തെളിയിക്കുകയാണ് ഇം സംഭവവും.

യുവജനങ്ങൾ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറുന്ന കാലഘട്ടമാണിത്. എല്ലാ രംഗത്തും യുവതയുടെ സംഭാവന ഇന്ന് വളരെ വിലപ്പെട്ടതാണ്. അപ്പോൾ തന്നെ യുവജനങ്ങളുടെ നീക്കം ഏറെ ശ്രദ്ധയോടെ വീക്ഷിക്കേണ്ട കാലഘട്ടവുമാണിത്. കാരണം മതവും ലഹരിയും തലയ്ക്ക് പിടിച്ച വലിയൊരു കൂട്ടം സമൂഹത്തിന്റെ ജീവന് നേരെ വാൾ ഉയർത്തിയിരിക്കുന്ന കാഴ്ച്ച ഇന്നെവിടേയും ദൃശ്യമാണ്. ഭീകരപ്രവർത്തനങ്ങൾക്കും ലഹരി കടത്തിനും അക്രമ സംഭവങ്ങൾക്കും മതപരമായ അതിക്രമങ്ങൾക്കും നക്സലിസത്തിനും എല്ലാം പിടിയിലാകുന്നവരിൽ ഏറിയപങ്കും യുവാക്കളും യുവതികളുമാണ്. അവരിൽ എല്ലാ മതക്കാരുമുണ്ട്. അതിനെതിരെ സമൂഹവും ഭരണകൂടങ്ങളും കണ്ണും കാതും തുറന്ന് പിടിക്കുകയും ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതുണ്ട്.

ക്രൈസ്തവ സഭകൾക്ക് ഇക്കാര്യത്തിൽ വലിയൊരു ഉത്തരവാദിത്വം നിർവ്വഹിക്കാനുണ്ട്. കാരണം ഭൗതിക പ്രലോഭനങ്ങളിൽ കുടുങ്ങി ലഹരിയുടെ നീരാളി പിടുത്തത്തിലേക്കും ഭീകരവാദത്തിന്റെ ചതിക്കുഴികളിലേക്കും ആഴത്തിൽ പതിച്ച നിരവധി ക്രൈസ്തവ യുവതീയുവാക്കളുടെ കണ്ണീർ കഥകൾ നമുക്ക് മുന്നിലുണ്ട്. സാമൂഹ്യ ഉത്തരവാദിത്വങ്ങൾ മറന്ന് കഥയില്ലാത്ത പ്രസംഗങ്ങളിൽ കടമ നിർവ്വഹിക്കുന്ന സഭകളുടെ നിഷ്ക്രിയ നിലപാട് ഉപേക്ഷിക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. ഇല്ലെങ്കിൽ സഭയിലെ വഴിതെറ്റുന്ന യുവജനങ്ങളെ കണ്ട് ലജ്ജിക്കേണ്ടി വരും തീർച്ച. ഇടയന്മാരുടെ പ്രസംഗകസർത്തുകൾ കേട്ട് പഞ്ചപുച്ഛമടക്കിയിരിക്കുന്ന ഒരു തലമുറയല്ല ഇന്നത്തേത്. ലോകത്തെ അറിയാൻ അവർക്ക് ഇന്ന് ഉലകം ചുറ്റേണ്ടതില്ല, ലോകം ഇന്നവരുടെ വിരൽ തുമ്പിലാണ്. അവരെ പ്രലോഭിപ്പിച്ച് കൈണിയിലാക്കാനും അവരുടെ ജീവിതം തിന്മയുടെ പാത്രമാക്കാനും പദ്ധതിയിട്ട് ഗൂഡസംഘങ്ങൾ അവരെ വലയം ചെയ്യുന്നുണ്ട്. കുറഞ്ഞ പക്ഷം സഭയിലെ യുവതയിലെങ്കിലും ബോധവൽക്കരണം നടത്താനും സാന്മാർഗിക വെളിച്ചം വീശാനും ക്രൈസ്തവ സഭയ്ക്ക് കഴിയണം. അതിന് ഓരോ ആഴ്ചയും എഴുതി തയാറാക്കുന്ന പ്രസംഗങ്ങൾ മാത്രം പോരാ. സഭാനേതൃത്വം പുറത്തിറങ്ങണം. ഭവനങ്ങൾ തേടി പോകണം. യുവതയെ സഭയ്ക്ക് അകത്തേക്കാനയിക്കണം. തങ്ങളുടെ കുടുംബങ്ങളിൽ ഉൾപ്പെട്ട യുവജനങ്ങൾ എങ്ങോട്ട് പോകുന്നുയെന്നും അവരുടെ ജീവിതം എങ്ങനെ രൂപപ്പെടുന്നുയെന്നുമറിയാൻ ഇടയൻമാർക്കും പ്രാദേശിക സഭാനേതൃത്വങ്ങൾക്കും വലിയ ഉത്തരവാദിത്വമുണ്ട്. സഭയുടെ നട്ടെല്ലായ യുവജനങ്ങൾക്ക് വേണ്ടി ക്രിയാത്മകമായി സഭ ഇന്ന് എന്ത് ചെയ്യുന്നുയെന്ന് നോക്കിയാൽ ഫലം വിചിത്രമായിരിക്കും. തമ്മിൽ തല്ലിക്കാൻ കുറെ അധികാര കസേരകൾ അവരെ ഏൽപ്പിക്കുന്നുയെന്നല്ലാതെ അവരുടെ ആത്മീയവും സാമൂഹ്യവുമായ ജീവിതത്തെ കെട്ടിപ്പടുക്കുവാൻ ഇന്ന് ഏത് സഭയാണ് മുൻകൈ എടുക്കുന്നത്? സാമൂഹിക തിന്മകളിൽ ക്രൈസ്തവ കുടുംബങ്ങളിലെ യുവജനങ്ങളുടെ പങ്കും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ അവരുടെ ഭാവി അപകടത്തിലാണെന്ന് സഭ തിരിച്ചറിയണം. അവരെ ഉദ്ധരിക്കാനുള്ള ശ്രമങ്ങളുമുണ്ടാകണം. ഒപ്പം മതങ്ങൾക്കിടയിൽ മതിൽ പണിയുന്നവരായല്ല, പാലം പണിയുന്നവരായി സാഹോദര്യത്തിന്റെ സന്ദേശം പകരാനും ക്രൈസ്തവ സഭയ്ക്ക് കഴിയേണ്ടതുണ്ട്.



ഷാജി മാറാനാഥ
shajimaranatha@yahoo.co.in

വായനക്കാരുടെ ശ്രദ്ധയ്ക്ക്:

> എല്ലാ മാസവും 17ന് കോട്ടയത്ത് നിന്ന് കൃത്യമായി മാറാനാഥ വോയ്സ് പോസ്റ്റ് ചെയ്യുന്നു. മാറാനാഥ തുടർച്ചയായി ലഭിക്കുന്നില്ലെങ്കിൽ നിങ്ങളുടെ പോസ്റ്റ് ഓഫീസുമായി ബന്ധപ്പെടുക.

> വരിസംഖ്യ അയക്കുന്നവർ അഡ്രസ് ദയവായി വ്യക്തമാക്കുക. മണിയോർഡർ ഫോമിൽ നിന്ന് പലപ്പോഴും പണമയക്കുന്നവരുടെ അഡ്രസ് വ്യക്തമായി ലഭിക്കുന്നില്ല. ഗൂഗിൾ പേയിലൂടെ പണം അയക്കുന്നവരും അഡ്രസ് അറിയിക്കുന്നില്ല. തന്മൂലം പുതിയ വരിക്കാർക്ക് പത്രം അയക്കുവാൻ കാലതാമസം നേരിടുന്നു.

> ഒന്നിലധികം കോപ്പികൾ ലഭിക്കുന്നവർ യഥാസമയം അത് അറിയിക്കേണമേ.

> വാർത്തകളും ഇതര രചനകളും എല്ലാം മാസവും 10 ന് മുമ്പ് ഇ-മെയിൽ, വാട്സ്ആപ്, തപാൽ, നേരിട്ട്, പ്രതിനിധികൾ മുഖേന മാറാനാഥയിൽ എത്തിക്കുക.

> വ്യക്തി താത്പ്പര്യങ്ങൾ മുൻനിർത്തിയുള്ള, സഭയ്ക്ക് ദോഷം ചെയ്യുന്ന വിമർശനങ്ങളോ, പക്ഷം തിരിഞ്ഞുള്ള സഭാവാർത്തകളോ പ്രസിദ്ധീകരിക്കുന്നതല്ല.

> ലേഖനങ്ങളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖനകർത്താക്കൾക്ക് തന്നെയായിരിക്കും.

> ഇന്ത്യയിൽ വാർഷിക വരിസംഖ്യ 200 രൂപ മാത്രം. കുടിശിക വരുത്താതെ ക്രമമായി അടച്ച് മാറാനാഥ പ്രവർത്തനങ്ങളോട് സഹകരിക്കുക.

പത്രാധിപർ.

ഒഡീഷയിൽ ക്രൈസ്തവരുടെ ശവസംസ്കാരം പ്രതിസന്ധിയിൽ; കഴിഞ്ഞ 2 വർഷത്തിനിടെ 29 ശവസംസ്കാരങ്ങൾ തടയപ്പെട്ടു; ഗോത്രമേഖലകളിൽ ക്രിസ്ത്യാനികൾക്ക് പ്രത്യേക ശ്മശാനങ്ങൾ വേണമെന്ന് ആവശ്യം ശക്തം

മതപരിവർത്തനം

ഒഡീഷയിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ വിവിധ ഗോത്ര വിഭാഗങ്ങളുടെ ഭാഗമായ ക്രൈസ്തവരുടെ ശവസംസ്കാരം നിരന്തരമായി തടയുകയും സാമൂഹ്യ ആവശ്യങ്ങൾക്ക് കടുത്ത പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ക്രിസ്ത്യാനികൾക്ക് പ്രത്യേക ശ്മശാനങ്ങൾ വേണമെന്ന് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് നബരംഗ്പൂർ ജില്ലാ ക്രിസ്ത്യൻ ന്യൂനപക്ഷ കൗൺസിൽ പ്രതിനിധി സംഘം സെപ്റ്റംബർ 18 ന് കിഴക്കൻ ഒഡീഷ സംസ്ഥാനത്തെ ന്യൂനപക്ഷ, പിന്നാക്ക വിഭാഗ ക്ഷേമ മന്ത്രി നിത്യാനന്ദ ഗോണ്ടിനെ കണ്ടു തങ്ങളുടെ അടിയന്തിര ആവശ്യങ്ങളും നേരിടുന്ന വിവേചനങ്ങളും പ്രശ്നങ്ങളും അറിയിച്ചു. ഒഡീഷയിലെ നബരംഗ്പൂർ ജില്ലയിലെ രണ്ട് ഗോത്ര ക്രിസ്ത്യാനികൾക്ക് അവരുടെ ജന്മഗ്രാമങ്ങളിലെ പൊതുസ്ഥലങ്ങളിൽ ശ്മശാന സ്ഥലം നിഷേധിച്ചതിനെത്തുടർന്ന്, സെപ്റ്റംബർ 18ന് ഒഡീഷയിലെ ഒരു ക്രിസ്ത്യൻ അഭിഭാഷക സംഘമാണ് മന്ത്രിയെ കണ്ട്. പ്രത്യേക ശ്മശാനങ്ങൾ ആവശ്യപ്പെട്ടത്.

സെപ്റ്റംബർ 18 ന് ന്യൂനപക്ഷ, പിന്നാക്ക വിഭാഗ ക്ഷേമ മന്ത്രി നിത്യാനന്ദ ഗോണ്ടുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് നബരംഗ്പൂർ ജില്ലാ ക്രിസ്ത്യൻ ന്യൂനപക്ഷ കൗൺസിൽ സെക്രട്ടറി പാസ്റ്റർ ഗൗരബ് കൗരി ഈ ആവശ്യം ഉന്നയിച്ചതെന്ന് പറഞ്ഞു.

'എല്ലാ ഗ്രാമപഞ്ചായത്തിലും ക്രിസ്ത്യാനികൾക്കും മറ്റുള്ളവർക്കും – മുസ്ലീങ്ങൾക്കും ബുദ്ധമതക്കാർക്കും ഹിന്ദുക്കൾക്കും – പ്രത്യേക ശ്മശാന സ്ഥലങ്ങൾ സർക്കാർ നൽകണമെന്ന് ഞങ്ങൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടു, നബരംഗ്പൂർ ജില്ലാ ക്രിസ്ത്യൻ ന്യൂനപക്ഷ കൗൺസിൽ സെക്രട്ടറി പാസ്റ്റർ ഗൗരബ് കൗരി പറഞ്ഞു. ഗണ്യമായ ക്രിസ്ത്യൻ ജനസംഖ്യയുള്ള നബരംഗ്പൂർ ജില്ലയിൽ നിന്നുള്ള രണ്ട് നിയമസഭാംഗങ്ങളായ ഗൗരി ശങ്കർ മാജ്ഹിയും നരശിംഗ ഭത്രയും തങ്ങളോടൊപ്പം ചേർന്നതായും അദ്ദേഹം പറഞ്ഞു. 'നിയമനിർമ്മാതാക്കൾ ഞങ്ങളുടെ ആവശ്യത്തെ പിന്തുണച്ചു, ഞങ്ങൾ മന്ത്രിയെ കണ്ടപ്പോൾ ഞങ്ങളുടെ പ്രതിനിധി സംഘത്തോടൊപ്പം അവരും ഉണ്ടായിരുന്നു,' കൗരി കൂട്ടിച്ചേർത്തു. കഴിഞ്ഞ ആഴ്ച ജില്ലയിൽ രണ്ട് വ്യത്യസ്ത സംഭവങ്ങൾ ഉണ്ടായതായി കൗൺസിൽ പ്രസിഡന്റ് എച്ച്.ഡി. സുധീർ പത്ര പറഞ്ഞു. മരണപ്പെട്ടവരുടെ ക്രിസ്തുവിശ്വാസം കാരണം' ഹിന്ദു ഗ്രാമവാസികൾ ക്രിസ്ത്യാനികളായ മരിച്ചവരെ സംസ്കരിക്കാൻ അനുവദിച്ചില്ല. സെപ്റ്റംബർ 17 ന്, ജില്ലയിലെ ഉമർകോട്ട് പട്ടണത്തിലെ ഹിന്ദു ഗ്രാമവാസികൾ 55 വയസ്സുള്ള ക്രൈസ്തവനായ ഭഗബൻ ബാഗിന്റെ കുടുംബത്തെ പൊതു ശ്മശാനത്തിൽ അടക്കം ചെയ്യുന്നതിൽ നിന്ന് തടഞ്ഞു. തന്മൂലം ദുഃഖിതരായ കുടുംബാംഗങ്ങൾക്ക് അദ്ദേഹത്തിന്റെ മൃതദേഹം ഏകദേശം 75 കിലോമീറ്റർ അകലെയുള്ള കൊബാഗുഡ ഗ്രാമത്തിലേക്ക് കൊണ്ടുപോയി സംസ്കരിക്കേണ്ടി വന്നു.



ഒഡീഷയിലെ റായഗഡ ഗാജിഗാം ഗ്രാമത്തിൽ മരിച്ച ജകാക ഡാമിന്റെ ശവസംസ്കാരം പൊതു ശ്മശാനത്തിൽ നടത്തുന്നത് ഗ്രാമവാസികൾ തടഞ്ഞതിനെ തുടർന്ന് സ്വന്തം കൃഷിയിടത്തിൽ നടത്തുന്നു

സെപ്റ്റംബർ 14 ന്, ഒഡോണ്ടി ഗ്രാമത്തിൽ 60 വയസ്സുള്ള ഗഗാരി ഗോണ്ട് എന്ന ക്രിസ്ത്യൻ സ്ത്രീ മരിച്ചു. അവരേയും ഗ്രാമത്തിൽ അടക്കം ചെയ്യാൻ അനുവദിച്ചില്ല, 2 ദിവസം പിന്നിട്ടതോടെ മൃതദേഹം അഴുകാൻ തുടങ്ങി, തുടർന്ന് പോലീസ് എത്തി മൃതദേഹം വാഹനത്തിൽ കയറ്റി ഏകദേശം 160 കിലോമീറ്റർ അകലെയുള്ള ലോഹർകാനി ഗ്രാമത്തിലേക്ക് കൊണ്ടുപോയി അവിടെ സംസ്കരിച്ചു, സുധീർ പത്ര പറഞ്ഞു. ക്രിസ്ത്യൻ ആചാരങ്ങൾ അനുസരിച്ച് ശവസംസ്കാരത്തിന് ഹിന്ദു ഭൂരിപക്ഷ സമൂഹത്തിൽ നിന്ന് യാതൊരു തടസ്സവുമില്ലെന്ന് സർക്കാർ ഉറപ്പാക്കണമെന്നും വർഗ്ഗീയ ശക്തികളുടെ ആക്രമണത്തിന് ഇരയായിക്കൊണ്ടിരിക്കുന്ന ഗ്രാമങ്ങളിലെ ക്രിസ്ത്യൻ ആരാധനാലയങ്ങളിൽ ജില്ലാ അധികാരികൾ ക്രമസമാധാനപാലനവും, സാമുദായിക സമാധാനവും, ഐക്യവും നിലനിർത്തണമെന്നും . പ്രതിനിധി സംഘം മന്ത്രിക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ പറയുന്നു. 'അവരുടെ യഥാർത്ഥ ആവശ്യങ്ങൾക്ക് ഒരു പരിഹാരം കണ്ടെത്തുമെന്ന്' മന്ത്രി ക്രിസ്ത്യൻ പ്രതിനിധി സംഘത്തിന് ഉറപ്പ് നൽകിയതായി കൗരി പറഞ്ഞു.

'ക്രിസ്ത്യാനികളെ വ്യവസ്ഥാപിതമായി ലക്ഷ്യം വയ്ക്കുന്നത് നിർബാധം തുടരുകയാണെന്ന് ഒരു എക്യുമെനിക്കൽ സ്ഥാപനമായ യുണൈറ്റഡ് ബിലീവേഴ്സ് കൗൺസിൽ നെറ്റ്വർക്ക് ഓഫ് ഇന്ത്യയിലെ ബിഷപ്പ് പല്ലബ് ലിമ പറഞ്ഞു.



ഒഡീഷയിലെ നബരംഗ്പൂർ ജില്ലയിലെ മാൽബേഡയിൽ മരിച്ച ശരവൺ ഗോണ്ടിന്റെ മൃതദേഹം കുടുംബത്തിന്റെ കൃഷിയിടത്തിൽ സംസ്കരിക്കുന്നതിനായി കിടത്തിയിരിക്കുന്നു. കുടുംബാംഗങ്ങൾ പുനർ മതപരിവർത്തനം നടത്താൻ വിസമ്മതിച്ചതിനെ തുടർന്ന് മൃതദേഹം പൊതു ശ്മശാനത്തിൽ സംസ്കരിക്കാൻ ഗ്രാമവാസികൾ അനുവദിച്ചില്ല.

കഴിഞ്ഞ രണ്ട് വർഷത്തിനിടെ, ബാലസോർ, ഭദ്രക്, കോരാപുട്ട്, റായഗഡ, മൽക്കാൻഗിരി, കിയോഞ്ജർ, നബരംഗ്പൂർ എന്നീ ഏഴ് ജില്ലകളിലായി ക്രിസ്ത്യൻ കുടുംബങ്ങൾക്ക് പ്രിയപ്പെട്ടവരെ അടക്കം ചെയ്യാനുള്ള അവകാശം നിഷേധിക്കപ്പെട്ട ഏകദേശം 29 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് . ഹിന്ദുമതത്തിലേക്ക് പുനഃപരിവർത്തനം നടത്തുന്നതിനോ പ്രാദേശിക പള്ളികൾ അടച്ചുപൂട്ടുന്നതിനോ വേണ്ടി ദിവസങ്ങൾ മൃതദേഹങ്ങളെ ബന്ദികളാക്കി വയ്ക്കുന്ന അവസ്ഥയാണുള്ളതെന്ന് യുണൈറ്റഡ് ബിലീവേഴ്സ് കൗൺസിൽ നെറ്റ്വർക്ക് ഓഫ് ഇന്ത്യയിലെ ബിഷപ്പ് പല്ലബ് ലിമ പറയുന്നു



ക്രിസ്ത്യാനികൾക്ക് പ്രത്യേക ശ്മശാനങ്ങൾ വേണമെന്ന് ആവശ്യപ്പെട്ട് നബരംഗ്പൂർ ജില്ലാ ക്രിസ്ത്യൻ ന്യൂനപക്ഷ കൗൺസിലിൽ നിന്നുള്ള ഒരു പ്രതിനിധി സംഘം സെപ്റ്റംബർ 18 ന് കിഴക്കൻ ഇന്ത്യയിലെ ഒഡീഷ സംസ്ഥാനത്തെ ന്യൂനപക്ഷ, പിന്നാക്ക വിഭാഗ ക്ഷേമ മന്ത്രി നിത്യാനന്ദ ഗോണ്ടിനെ കാണുന്നു.

കഴിഞ്ഞ രണ്ട് വർഷത്തിനിടെ, ബാലസോർ, ഭദ്രക്, കോരാപുട്ട്, റായഗഡ, മൽക്കാൻഗിരി, കിയോഞ്ജർ, നബരംഗ്പൂർ എന്നീ ഏഴ് ജില്ലകളിലായി ക്രിസ്ത്യൻ കുടുംബങ്ങൾക്ക് പ്രിയപ്പെട്ടവരെ അടക്കം ചെയ്യാനുള്ള അവകാശം നിഷേധിക്കപ്പെട്ട ഏകദേശം 29 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

(ശേഷം പേജ്-13)

റഷ്യയിൽ സുവിശേഷ സഭകൾക്കും സംഘടനകൾക്കും വിലക്ക്

ചില ക്രൈസ്തവ സംഘടനകൾ രാജ്യത്തിന് സുരക്ഷ ഭീഷണിയെന്ന് ജനറൽ പ്രോസിക്യൂട്ടർ



റഷ്യ : റഷ്യയുടെ സുരക്ഷയ്ക്ക് ഭീഷണിയാണെന്ന് ചൂണ്ടിക്കാട്ടി ക്രിസ്ത്യൻ മിനിസ്ട്രികൾ ഉൾപ്പെടെയുള്ള വിദേശ സംഘടനകൾക്ക് ജനറൽ പ്രോസിക്യൂട്ടർ ഓഫീസ് വിലക്കേർപ്പെടുത്തിയതായി മനുഷ്യാവകാശ സംഘടനയായ 'ഫോറം 18' വെളിപ്പെടുത്തി. ഈ ഉത്തരവിനെത്തുടർന്ന് അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന 'മിഷൻ യുറേഷ്യ' എന്ന ക്രിസ്തീയ പ്രസ്ഥാനത്തെ റഷ്യൻ നീതി ന്യായ മന്ത്രാലയം 'രാജ്യദ്രോഹ സംഘടനകളുടെ ഔദ്യോഗിക പട്ടികയിൽ ഉൾപ്പെടുത്തി.

റഷ്യൻ നിയമപ്രകാരം കറുത്ത പട്ടികയിൽ ഉൾപ്പെടുത്തിയ ഇത്തരം സംഘടനകളുമായി സഹകരിക്കുന്ന പൗരന്മാർക്കും സ്ഥാപനങ്ങൾക്കും വൻ തുക പിഴയും കഠിനമായ ക്രിമിനൽ നടപടികളും നേരിടേണ്ടി വരുമെന്ന് അധികൃതർ വ്യക്തമാക്കി. വിദേശ ഏജൻസികളുമായുള്ള ബന്ധം തടയുന്നതിന്റെ ഭാഗമായി പ്രാദേശിക ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെ റഷ്യൻ ഭരണകൂടം ഇതിനോടകം തന്നെ കടുത്ത നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മിഷൻ പ്രവർത്തനങ്ങളും ആതുര ശുശ്രൂഷകളും ജീവകാരുണ്യ

(ശേഷം പേജ് -13)

ശ്രീലങ്കൻ ഈസ്റ്റർ സ്ഫോടനം;

സൂത്രധാരർക്ക് മരണം വരെ തടവ് ശിക്ഷ

കുറ്റവാളികളുടെ സ്വത്തുക്കൾ സർക്കാർ പിടിച്ചെടുക്കും; 5 വർഷം നീണ്ട കേസ് നടപടികൾ പൂർത്തിയായി



വിധി പ്രസ്താവനയ്ക്ക് ശേഷം പ്രതികളെ പുറത്തേക്ക് കൊണ്ട് വരുന്നു

കൊളംബോ: ശ്രീലങ്കയുടെ ചരിത്രത്തിലെ ഏറ്റവും ക്രൂരമായ ഭീകരാക്രമണമായ ഈസ്റ്റർ ദിന സ്ഫോടന പരമ്പരയ്ക്ക് പിന്നിൽ പ്രവർത്തിച്ച 15 ആളുകൾക്ക് 200 മുതൽ 260 വർഷം വരെ തടവുശിക്ഷ നൽകിക്കൊണ്ട് അഞ്ച് വർഷം നീണ്ടുനിന്ന കേസിന്റെ നടപടികൾ കൊളംബോ ഹൈക്കോടതി സെപ്റ്റംബറിൽ പൂർത്തിയാക്കി. 2019 ഏപ്രിൽ 21-ലെ ഈസ്റ്റർ ഞായറാഴ്ച 3 ക്രിസ്തീയ ആരാധനാലയങ്ങളിലും ഹോട്ടലിലുമായി നടന്ന ബോംബാക്രമണ പരമ്പരയിൽ 279 പേരാണ് മരിച്ചത്, നൂറുകണക്കിന് ആളുകൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിരുന്നു. മൂന്ന് ന്യായാധിപന്മാർ അടങ്ങിയ ഹൈക്കോടതി ബെഞ്ചാണ് വിധി പറഞ്ഞത്. കേസിൽ പെട്ട 14 പേർ ആളുകളെ കൊലപ്പെടുത്തിയത്, ഭീകരവാദ ആസൂത്രണം, ആയുധങ്ങളും സ്ഫോടകവസ്തുക്കളും കയ്യിൽ വെച്ചത് തുടങ്ങിയ എല്ലാ കുറ്റങ്ങളിലും തെറ്റുകാരാണെന്ന് കോടതി കണ്ടെത്തി. 15-ാം ആൾ ചില പ്രത്യേക കുറ്റങ്ങളിൽ തെറ്റുകാരനാ

(ശേഷം പേജ്

ലൂക്കോസിന്റെ സുവിശേഷം പൂർണ്ണമായും ആംഗ്യഭാഷയിൽ



ആഗോള ബധിരസമൂഹത്തിനായി പുതിയ അനിമേഷൻ സംരംഭം

ന്യൂയോർക്ക്: ലോകമെമ്പാടുമുള്ള ബധിര സമൂഹത്തിലേക്ക് സുവിശേഷമെത്തിക്കാൻ ലൂക്കോസിന്റെ സുവിശേഷം പൂർണ്ണമായും ആംഗ്യഭാഷയിൽ ദൃശ്യവൽക്കരിക്കുന്നു. പ്രമുഖ ബൈബിൾ മീഡിയ പ്രസ്ഥാനമായ റെവലേഷൻ മീഡിയയും ഇന്റർനാഷണൽ മിഷൻ ബോർഡും സംയുക്തമായാണ് ഈ ചരിത്രപരമായ അനിമേഷൻ സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുന്നത്.

അമേരിക്കൻ സൈൻ ലാംഗ്വേജിൽ വാക്കുപ്രതി വാക്കുകളോടെയാണ് ഈ സുവിശേഷ ഭാഗങ്ങൾ ആവിഷ്കരിക്കുന്നത്. തിരിശ്ശീലയുടെ താഴെ പരിഭാഷകരെ വെയ്ക്കുന്നതിന് പകരം, അനിമേഷൻ കഥാപാത്രങ്ങൾ നേരിട്ട് ആംഗ്യഭാഷയിലൂടെ കഥ പറയുന്ന രീതിയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ലോകത്താകമാനമുള്ള എഴുപത് മില്യണിലധികം വരുന്ന ബധിരരിൽ രണ്ട് ശതമാനം മാത്രമാണ് സുവിശേഷം എത്തിച്ചേർന്ന വിഭാഗമായി കരുതപ്പെടുന്നത്. ദൈവവചനം ലഭ്യമല്ലാത്ത ലോകത്തിലെ ഏറ്റവും വലിയ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളിലൊന്നിലേക്ക് യേശുക്രിസ്തുവിന്റെ സന്ദേശം എത്തിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്യമിക്കുന്നതെന്ന് അണിയറപ്രവർത്തകർ വ്യക്തമാക്കി.

ഉഗാണ്ടയിൽ ക്രിസ്തുവിശ്വാസം സ്വീകരിച്ച പെൺകുട്ടികളെ കൊല്ലാൻ പിതാവ് വീടിന് തീയിട്ടു

കുട്ടികൾ രക്ഷപെട്ടത് അത്ഭുതകരമായി

കസെസെ: പെൺ മക്കൾ ക്രിസ്തുവിനെ സ്വീകരിച്ചതിന് പിതാവ് പെൺകുട്ടികളെ ജീവനോടെ കത്തിക്കാൻ വീടിന് തീയിട്ടു. സെപ്റ്റംബർ 6ന് ഉഗാണ്ടയിലെ കസെസെ ജില്ലയിലാണ് സംഭവം

ഓഗസ്റ്റ് 26-ന് ആമിനയും സഹോദരി ഷാമിലയും സമീപത്തെ ക്രൈസ്തവ കുടുംബങ്ങളിൽ നിന്നാണ് ആദ്യമായി യേശുക്രിസ്തുവിനെ കുറിച്ച് കേൾക്കുന്നത്. തുടർന്ന് ചർച്ചിലൂടെ സുവിശേഷം കേട്ട് രക്ഷിക്കപ്പെടുവാനിടയായി. ഇതറിഞ്ഞ പിതാവ് മുഹമ്മദ് മക്കളെ ഇരുവരേയും ചോദ്യം ചെയ്തു.

എന്നാൽ പെൺകുട്ടികൾ തങ്ങൾ ക്രിസ്തുവിനെ സ്വീകരിക്കാനുള്ള കാരണം വിശദീകരിക്കുകയും ആ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തതോടെ പിതാവ് കോപാകുലനായി. അവരെ കൊലപ്പെത്തുക എന്ന ഉദ്ദേശ്യത്തോടെ അയാൾ പദ്ധതികൾ തയാറാക്കി. രാത്രി പെൺകുട്ടികൾ മുറിക്കുള്ളിൽ ഉറങ്ങുമ്പോൾ മുഹമ്മദ് പെട്രോൾ ഒഴിച്ച് വീടിനു തീകൊളുത്തുകയായിരുന്നു. പെട്രോളിന്റെ ഗന്ധവും ചൂടും തീജ്വാലകളും ഉയർന്നപ്പോൾ പെൺകു

(ശേഷം പേജ് 12)



ആമിനയും സഹോദരി ഷാമിലയും

സ്വവർഗ്ഗാനുരാഗികളുള്ള പ്രദേശത്ത് സോദോം ഗോമോറ മുന്നറിയിപ്പ് ലഘുലേഖ വിതരണം ചെയ്തു; ലണ്ടനിൽ പാസ്റ്റർക്കെതിരെ ചുമത്തിയ കേസ് കോടതി തള്ളി

ലഘുലേഖയിൽ ധാർമ്മികതയാണ് ഉപദേശിക്കുന്നതെന്നും അപമാന ലക്ഷ്യം ഉണ്ടായിട്ടില്ലെന്നും കോടതി

ലണ്ടൻ : എൽജിബിടി വിഭാഗക്കാർ കൂടുതലായി താമസിക്കുന്ന ലണ്ടനിലെ സോഹോ പ്രദേശത്ത് ബൈബിളിലെ പഴയനിയമത്തിൽ പ്രതിപാദിക്കുന്ന സോദോം ഗൊമോറ നഗരങ്ങളെക്കുറിച്ചു വിവരിക്കുന്ന ബൈബിൾ വാക്യങ്ങൾ അടങ്ങിയ സുവിശേഷ പത്രികകൾ വിതരണം ചെയ്തതിന് വിചാരണ നേരിട്ട 72-കാരനായ പാസ്റ്റർ റിച്ചാർഡ് ജോൺസണെ ലണ്ടൻ കോടതി കുറ്റവിമുക്തനാക്കി.

പ്രദേശം എൽ.ജി.ബി.ടി വിഭാഗക്കാരുടെ ഇടമാണെന്നും സുവിശേഷ പ്രവർത്തകൻ വിതരണം ചെയ്ത, സോദോം ഗോമോറ പ്രദേശത്തിന്റെ നാശം ഒരു മുന്നറിയിപ്പായി ചൂണ്ടിക്കാണിക്കുന്ന ലഘുലേഖ വായിച്ച ഇവിടെയുള്ള പലർക്കും അത് അസ്വസ്ഥത ഉണ്ടാക്കിയെന്നുമുള്ള പരാതി, വിശദമായി പരിശോധിച്ച കോടതി അത് തള്ളിക്കളയുകയായിരുന്നു. സുവിശേഷകന്റെ ലക്ഷ്യം ക്രൈസ്തവ വിശ്വാസം പ്രവരിപ്പിക്കുക മാത്രമായിരുന്നുയെന്നും ധാർമ്മികത ഉപദേശിക്കുന്ന ലഘുലേഖയിൽ യാതൊരുവിധ അക്രമ ഭീഷണിയോ കുറ്റകൃത്യമോ ഏതെങ്കിലും വിഭാഗത്തെ ലക്ഷ്യം വച്ചുള്ള അപമാനിക്കലോ നടന്നിട്ടില്ലെന്നും കോടതി വ്യക്തമാക്കുകയായിരുന്നു. തെറ്റിനെ ചൂണ്ടിക്കാട്ടുന്ന ബൈബിൾ വചനങ്ങളാണ് ലഘുലേഖയിലൂടെ പങ്ക് വച്ചതെന്നും സത്യവചനം പങ്കുവെക്കുകയെന്നത് ദൈവസ്നേഹത്തിന്റെ ഭാഗമാണെന്നും കോടതി വിധിക്ക് ശേഷം പാസ്റ്റർ റിച്ചാർഡ് ജോൺസൺ പ്രതികരിച്ചു. വിശ്വാസ സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണെന്ന് നിയമ നടപടികൾക്ക് പാസ്റ്ററെ സഹായിച്ച ക്രിസ്ത്യൻ ലീഗൽ സെന്ററും അറിയിച്ചു. കോടതി വിധി ലണ്ടൻ തെരുവുകളിൽ സുവിശേഷവുമായി നിൽക്കുന്ന നൂറ് കണക്കിന് സുവിശേഷ പ്രവർത്തകർക്ക് ആശ്വാസമായി മാറിയിരിക്കുകയാണ്.



പാസ്റ്റർ റിച്ചാർഡ് ജോൺസൺ





ചാവേർ സ്ഫോടനത്തിൽ തകർക്കപ്പെട്ട ഡമാസ്കസിലെ മാർ ഏലിയാസ് ഗ്രീക്ക് ഓർത്തഡോക്സ ചർച്ച്

ബൈബിൾ ചരിത്രനാടും ക്രിസ്ത്യാനിത്വത്തിന്റെ ജന്മസ്ഥലവുമായ സിറിയയിൽ ക്രൈസ്തവർ നിലനിൽപ്പിനായുള്ള പോരാട്ടത്തിലാണ്.

വിലാപ വീഥിയിൽ സിറിയൻ ക്രൈസ്തവർ

2025 ജൂൺ 22 ഞായറാഴ്ച പ്രഭാതം, ഡമാസ്കസിലെ മാർ ഏലിയാസ് ഗ്രീക്ക് ഓർത്തഡോക്സ് ചർച്ചിൽ ആരാധന നടക്കുന്നു. രണ്ടായിരം വർഷത്തോളം ചരിത്ര പാരമ്പര്യമുള്ള ക്രൈസ്തവർ അധിവസിക്കുന്ന ആ നഗരത്തിലെ ചരിത്രപ്രസിദ്ധമായ ദൈവാലയത്തിൽ കുടുംബങ്ങൾ ഒരുമിച്ച് ഇരുന്നു, പാടി, പ്രാർത്ഥനകൾ നടത്തി, ആരാധന മുന്നേറവേ പിന്നിൽ നിന്ന് ഒരാൾ സ്ഫോടകവസ്തുക്കളുമായി പള്ളിയിലേക്ക് കയറി. പിന്നെ അവിടെ നടന്നത് മഹാ ദുരന്തം; അക്രമി ദേവാലയത്തിനുള്ളിൽ ഒരു സ്ഫോടകവസ്തു പൊട്ടിത്തെറിക്കുന്നതിനു മുമ്പ് വെടിയുതിർത്തു. 25 വിശ്വാസികൾ കൊല്ലപ്പെടുകയും ഡസൻ കണക്കിന് പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. കൈകാലുകൾ അറ്റ് പോയ കുഞ്ഞുങ്ങൾ സ്ത്രീകൾ, പുരുഷന്മാർ, ആർത്തനാദങ്ങളാൽ മുഖരിതമായ അന്തരീക്ഷം..... ഇസ്ലാമിക് സ്റ്റേറ്റ് ഗ്രൂപ്പിന്റെ പ്രവർത്തനത്തെക്കുറിച്ചും സിറിയയിലെ മത ന്യൂനപക്ഷങ്ങളുടെ ദുർബലതയെക്കുറിച്ചും ആശങ്കകൾ തുടരുന്നതിനിടയിലാണ് ഈ ആക്രമണം ഉണ്ടായത്. ആ ബോംബാക്രമണം ഭയാനകമായിരുന്നു, സിറിയയിലെ ക്രിസ്ത്യാനികളെ സംബന്ധിച്ചിത്തോളം ഒരു ദശാബ്ദത്തിലേറെയായി അവരനുഭവിക്കുന്ന ദുരിതങ്ങളിൽ ഒന്നു മാത്രമായിരുന്നു അത്. ഈ ആക്രമണങ്ങളെല്ലാം ഇന്ന് അവരിൽ ഉയർത്തുന്ന ചോദ്യം ഒന്ന് തന്നെയാണ്. ഇവിടെ നമുക്ക് ഇനിയും ഒരു ഭാവിയുണ്ടോ? ആഭ്യന്തരയുദ്ധം, ഇസ്ലാമിക തീവ്രവാദം, സാമ്പത്തിക തകർച്ച, കുടിയിറക്കം, ആവർത്തിച്ചുള്ള രാഷ്ട്രീയ പ്രക്ഷോഭങ്ങൾ എന്നിവ സിറിയയിലെ ക്രിസ്ത്യൻ ജനതയിൽ നിന്ന് ജീവിക്കാനുള്ള പ്രതീക്ഷ നഷ്ടപ്പെടുത്തുകയാണ്. ഈ അടുത്തയിടെ യൂറോപ്യൻ പാർലമെന്റ് സിറിയൻ ക്രൈസ്തവരുടെ ജീവിതവും നിലനിൽപ്പും ഗൗരവമായി ചർച്ച ചെയ്തതോടെയാണ് സിറിയൻ ക്രൈസ്തവർ വീണ്ടും ലോക മാധ്യമങ്ങളിൽ ഇടം പിടിച്ചത്.

ക്രിസ്തീയ ചരിത്രത്തിൽ സിറിയയ്ക്ക് അസാധാരണമായ ഒരു സ്ഥാനമുണ്ട്. പുതിയ നിയമത്തിൽ ദമാസ്കസ് പ്രാധാന്യത്തോടെ പ്രത്യക്ഷപ്പെടുന്നു, നഗരത്തിലേക്കുള്ള വഴിയിൽ അപ്പോസ്തലനായ പൗലോസിന്റെ ജീവിത രൂപാന്തരത്തിന്റെ വിവരണത്തിൽ ഏറ്റവും പ്രസിദ്ധമാണ്.

ആധുനിക തുർക്കിയുടെ ഭാഗമായ ചരിത്രപരമായ സിറിയൻ പ്രദേശമായ അന്ത്യോക്യ, ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാന ഭൂമികയും ഏറ്റവും സ്വാധീനമുള്ള ക്രൈസ്തവ കേന്ദ്രവുമാണ്. സിറിയയിലുടനീളം, പുരാതന ക്രിസ്ത്യൻ പട്ടണങ്ങളും ഗ്രാമങ്ങളും നൂറ്റാണ്ടുകളായി നിലനിന്നിരുന്നു.

മാലൂലയിലെ നിവാസികൾ യേശുവുമായി അടുത്ത ബന്ധമുള്ള അരാമിക് ഭാഷയെ കാലങ്ങളോളം സംരക്ഷിച്ചു. ഇന്നും അവിടെ ആരാമിക് സംസാരിക്കുന്നവർ ഉണ്ട്. അലപ്പോയിലും ഡമാസ്കസിലും, അർമേനിയൻ, സിറിയക്, ഗ്രീക്ക് ഓർത്തഡോക്സ്, മെൽക്കൈറ്റ് കത്തോലിക്ക, മരോനൈറ്റ്, ഇവാഞ്ചലിക്കൽ, നവീകരണ പെന്തക്കോസ്ത്-കരിസ്മാറ്റിക് സമൂഹങ്ങൾ എന്നിവ നഗരങ്ങളുടെ സാമൂഹിക ഘടനയിൽ ആഴത്തിൽ ഇഴചേർന്നു.

ക്രൈസ്തവരുടെ ജന്മഭൂമിയിൽ കടന്ന് കയറി ഐഎസ് ചെയ്തത്

2011-ൽ സിറിയയിൽ ആഭ്യന്തരയുദ്ധം ആരംഭിക്കുന്നതിന് മുമ്പ്, രാജ്യത്തിന്റെ യുദ്ധാനന്തര പരിവർത്തനത്തെക്കുറിച്ചുള്ള ഇന്റർനാഷണൽ ക്രിസ്ത്യൻ കൺസേണിന്റെ (ഐസിസി) റിപ്പോർട്ടിൽ , ഏകദേശം 1.5 ദശലക്ഷം ക്രിസ്ത്യാനികൾ ഇവിടെ ഉണ്ടായിരുന്നു. പിന്നീട് രാജ്യം പിളർന്നു. 2011-ൽ ആരംഭിച്ച പ്രതിഷേധങ്ങൾ സിറിയൻ സർക്കാർ, പ്രതിപക്ഷ ഗ്രൂപ്പുകൾ, കുർദിഷ് സേനകൾ, ഇസ്ലാമിക വിഭാഗങ്ങൾ, ഐസിസ്, നിരവധി വിദേശ ശക്തികൾ എന്നിവ ഉൾപ്പെട്ട വിനാശകരമായ ആഭ്യന്തരയുദ്ധമായി വളർന്നു. മുഴുവൻ നഗരങ്ങളും യുദ്ധക്കളങ്ങളായി മാറി, ദശലക്ഷക്കണക്കിന് സിറിയക്കാർ പലായനം ചെയ്തു. അവരിൽ പലരും ഇന്നുവരേയും തിരിച്ചെത്തിയിട്ടില്ല.

സിറിയയിലെ ക്രിസ്ത്യൻ അധഃപതനം ആലപ്പോയോളം വ്യക്തമായി കാണിക്കുന്ന നഗരങ്ങൾ ചുരുക്കമാണ്. തലമുറകളായി, രാജ്യത്തെ ഏറ്റവും വലിയ ക്രിസ്ത്യൻ ജനസംഖ്യയുള്ള സ്ഥലങ്ങളിൽ ഒന്നായിരുന്നു ആലപ്പോ. ചർച്ചുകൾ, സ്കൂളുകൾ,, ക്രൈസ്തവ കേന്ദ്രങ്ങൾ, ക്രിസ്തീയ ബിസിനസ് സ്ഥാപനങ്ങൾ എന്നിവ നൂറ്റാണ്ടുകളുടെ ക്രിസ്ത്യൻ സാന്നിധ്യത്തെ പ്രതിഫലിപ്പിച്ചു. പിന്നീട് യുദ്ധം വന്നു. 2023 ഡിസംബറോടെ, സംഘർഷത്തിന്റെ തുടക്കം മുതൽ ഏകദേശം 200,000 ക്രിസ്ത്യാനികൾ അലപ്പോ വിട്ടുപോയതായി ഐസിസി കണക്കാക്കുന്നു.



ബോംബ് സ്ഫോടനത്തിൽ തകർക്കപ്പെട്ട ചർച്ചിന്റെ ഉൾഭാഗം

വടക്കുകിഴക്കായി മറ്റൊരു ക്രിസ്ത്യൻ സമൂഹം അതിലും ദുരിതപൂർണ്ണമായ മറ്റൊരു കഥ പറയുന്നു. പതിറ്റാണ്ടുകളായി ഖബൂർ നദിയുടെ തീരത്ത് സമൃദ്ധിയോടെ നിലനിന്നിരുന്ന ക്രിസ്ത്യൻ ഗ്രാമങ്ങൾ. പിന്നീട് അവരുടെ ഇടയിലേക്കാണ് ഐഎസ് തീവ്രവാദികൾ വന്നത്. 2015-ൽ തീവ്രവാദികൾ അസീറിയൻ ഗ്രാമങ്ങൾ ആക്രമിക്കുകയും ക്രിസ്ത്യാനികളെ തട്ടിക്കൊണ്ടുപോകുകയും കുടുംബങ്ങളെ അവരുടെ വീടുകളിൽ നിന്ന് ആട്ടിയോടിക്കുകയും ചെയ്തു. കൃത്യമായി പറഞ്ഞാൽ 2015 ഫെബ്രുവരി 23-ന് ഡസൻ കണക്കിന് ക്രിസ്ത്യാനികൾ കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്തു, 200-ലധികം പേരെ ബന്ദികളാക്കി . പള്ളികൾ ബോംബിട്ട് തകർത്തു, ആയിരക്കണക്കിന് ആളുകൾ പലായനം ചെയ്തു. വർഷങ്ങൾക്കുശേഷവും ഇവിടുത്തെ ക്രിസ്ത്യൻ ജനസംഖ്യ കഷ്ടിച്ച് മാത്രമേ പൂർവ്വസ്ഥിതിയിലെത്തിയിട്ടുള്ളൂ. സിറിയയിലെ ഖബൂർ താഴ്വരയിലെ ക്രിസ്ത്യൻ ജനസംഖ്യ ഏകദേശം 15,000 ൽ നിന്ന് ഏതാനും നൂറുകളായി കുറഞ്ഞുവെന്ന് ഐസിസി റിപ്പോർട്ട് ചെയ്യുന്നു.

'ക്രിസ്ത്യാനികളുടെ തലയറുത്ത മൃതദേഹങ്ങൾ നായ്ക്കൾ തിന്നുന്നത് ഞങ്ങൾ കണ്ടു,'

'ഞങ്ങൾ സമാധാനത്തോടെയാണ് ജീവിച്ചിരുന്നത്, നമ്മുടെ ആധുനിക ചരിത്രത്തിൽ ഇങ്ങനെയൊരു ഇരുണ്ട ദിനം സംഭവിക്കുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല,' വടക്കുകിഴക്കൻ സിറിയയിലെ കുർദിഷ് നേതൃത്വത്തിലുള്ള ഭരണകൂടത്തിലെ ഖബർ നദീതീരത്തെ ഗ്രാമങ്ങളെ പ്രതിനിധീകരിക്കുന്ന തെൽ താൽ നിവാസിയായ ഏലിയാസ് അന്റാർ ഏലിയാസ് പറഞ്ഞു. പതിറ്റാണ്ടുകളായി താരതമ്യേന സമാധാനത്തോടെ ജീവിച്ചിരുന്ന ജനങ്ങളെ ഭയപ്പെടുത്തിക്കൊണ്ടാണ് തീവ്രവാദികൾ ഒന്നിനുപുറകെ ഒന്നായി ക്രിസ്ത്യൻ ഗ്രാമങ്ങൾ ആക്രമിച്ചത്, 78 വയസ്സുള്ള ആ വൃദ്ധനും കുടുംബവും അർദ്ധരാത്രിയിൽ പലായനം ചെയ്തു. വിരമിച്ച അധ്യാപകനായ ഏലിയാസ് കുടുംബത്തോടൊപ്പം വടക്കുകിഴക്കൻ നഗരമായ ഹസാകെയിലേക്ക് പലായനം ചെയ്തു, മാസങ്ങൾക്ക് ശേഷം കുർദിഷ്, ക്രിസ്ത്യൻ പോരാളികൾ അവരുടെ ജന്മനാടിന്റെ നിയന്ത്രണം വീണ്ടെടുക്കുന്നതുവരെ അവിടെ താമസിച്ചു. 'വഴിയരികിൽ ക്രിസ്ത്യാനികളുടെ തലയറുത്ത മൃതദേഹങ്ങൾ നായ്ക്കൾ തിന്നുന്നത് ഞങ്ങൾ കണ്ടു,, അതിനെ 'ഞങ്ങളുടെ ഹൃദയത്തെ വേദനിപ്പിക്കുന്ന ഒരു ചിത്രം' എന്ന് വിളിച്ചു. ഐ.എസ് ആക്രമണത്തിന് മുമ്പ് ടെൽ താലിൽ ഏകദേശം 400 താമസക്കാർ ഉണ്ടായിരുന്നു, ഇന്ന് ഏകദേശം 30 പേർ മാത്രം.. മറ്റു പലരെയും പോലെ തന്റെ കുടുംബവും എന്നെന്നേക്കുമായി പ്രദേശം വിട്ട് പോകാത്തത് ഞങ്ങളുടെ പ്രീയപ്പെട്ടവരുടെ ശവകുടീരങ്ങളും ഞങ്ങളുടെ രക്തസാക്ഷികളും ഇവിടെയുണ്ട്. ഇത് ഞങ്ങളുടെ നാടാണ്.' ഏലിയാസ് പറയുന്നു.

2015 ലെ ആക്രമണത്തിന് മുമ്പ് ഖബൂർ നദിക്കരയിലുള്ള 34 ക്രിസ്ത്യൻ ഗ്രാമങ്ങളിൽ 45,000 അസ്സീറി

(ശേഷം പേജ് 10)



കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച 'ഹൈബ്രിഡീസ് ദ്വീപു സമൂഹങ്ങളുടെ രൂപാന്തരം സംബന്ധിച്ച് 'വാൻവാട്ടുവിലേക്ക് ക്രിസ്തുവിനെ ക്ഷണിച്ചപ്പോൾ' എന്ന സ്റ്റോറി യുടെ രാം ഭാഗമാണിത്. ഹൈബ്രിഡീസ് ദ്വീപുകളിൽ ഉായ ഒരു ആത്മീയ ചലനത്തിന് പിന്നിൽ വലിയൊരു ഉണർവ്വ് സംഭവിച്ചതായും ഈ ഉണർവ്വിന് ദൈവം നിയോഗിച്ചത് 2 വൃദ്ധകളെയായിരുന്നുയെന്നും ചരിത്രം രേഖപ്പെടുത്തുന്നു. അവരിലൊരാൾ അന്ധയും അടുത്തയാൾ കടുത്ത സന്ധിവാത രോഗിയുമായിരുന്നു. ആരാധനയ്ക്ക് ആലയത്തിൽ പോകാനാവാത്തതിനാൽ വീട് പ്രാർത്ഥനാലയമാക്കി മാറ്റിയ ആ വനിതകൾ ഒരു സുവിശേഷകനിൽ പകർന്ന ദർശനമാണ് ദ്വീപിന്റെ ആത്മീയ ഉണർവിന് കാരണമായത്....

ഹൈബ്രിഡീസിന്റെ ഉണർവ്വ്

ഹൈബ്രിഡീസ് ദ്വീപ് സമൂഹങ്ങളിൽ ചിലതിൽ ദൈവത്തന്റെ പരിശുദ്ധാത്മാവിന്റെ കാറ്റ് ആഞ്ഞ് വീശിയ കാലഘട്ടമായിരുന്നു 1949- 1952. ദൈവജനങ്ങളുടെ പ്രാർത്ഥനകൾക്ക് മറുപടിയായി ഈ ദ്വീപുകളിലൂടെ വ്യാപകമായ ഒരു ഉണർവ്വുണ്ടായി. കത്തോലിക്ക. പ്രസ്ബിറ്റേറിയൻ, മെതഡിസ്റ്റ്, ബാപ്റ്റിസ്റ്റ് സഭാവിഭാഗങ്ങൾക്ക് സ്വാധീനമുള്ള ഈ മേഘലയിൽ ഒരാത്മീക ചലനം സൃഷ്ടിക്കപ്പെടേണ്ടത് ദൈവഹിതമായിരുന്നുയെന്ന് പ്രസ്തുത കാലയളവിലുണ്ടായ സംഭവങ്ങൾ വെളിപ്പെടുത്തുന്നു..

ഇതിന് പ്രധാന പങ്കുവഹിച്ചത് സുവിശേഷകനായ ഡങ്കൻ കാമ്പ്ബെൽ ആയിരുന്നു. രണ്ടാഴ്ചത്തെ സുവിശേഷ പ്രചാരണത്തിനായി ഐൽ ഓഫ് ലൂയിസിൽ എത്തിയ അദ്ദേഹം രണ്ടുവർഷമാണ് അവിടെ താമസിച്ച് ഉണർവ്വിന് സാക്ഷ്യം വഹിച്ചത്. . ദൈവത്തിന്റെ ഈ മഹത്തായ നീക്കത്തിന് കാരണക്കാരായത് നിരന്തരമായി പ്രാർത്ഥനയിൽ പോരാടിയിരുന്ന 2 വൃദ്ധകളായിരുന്നു. ബാർവാസ് ഗ്രാമത്തിലെ റോഡരികിലുള്ള ഒരു ചെറിയ കുടിലിൽ പെഗി, ക്രിസ്റ്റിൻ സ്മിത്ത് എന്നീ 2 വൃദ്ധ സഹോദരിമാർ താമസിച്ചിരുന്നു. അവർക്ക് എൺപത്തിനാലും എൺപത്തിരണ്ടും വയസ്സായിരുന്നു. പെഗ്ഗി അന്ധയും സഹോദരി ക്രിസ്റ്റിൻ സന്ധിവാതത്താൽ ഏറെ ക്ലേശമനുഭവിക്കുകയുമായിരുന്നു. തന്മൂലം പൊതു ആരാധനയിൽ പങ്കെടുക്കാൻ കഴിയാതെ, അവരുടെ ചെറിയ കുടിൽ അവർ പ്രാർത്ഥനയിലൂടെ ദേവാലയമാക്കി മാറ്റുകയായിരുന്നു. നിരന്തര പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിച്ചിരുന്ന അവർ 'അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും, ''ദാഹിച്ചിരിക്കുന്നവന് മേൽ ജലവും വരണ്ട നിലത്തു നീരൊഴുക്ക് പകരുകയും ചെയ്യും" എന്നിത്യാദി ദൈവീക വാഗ്ദത്തങ്ങളെ മുറുകെ പിടിച്ച് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു അവർ.

ഒരു രാത്രിയിൽ പെഗ്ഗിക്ക് ഒരു ദർശനം ലഭിച്ചു.ഒരു ഉണർവ്വ് ദ്വീപിൽ ആഞ്ഞടിക്കാൻ പോകുന്നു.അവളുടെ പിതാക്കന്മാരുടെ പള്ളി വീണ്ടും യുവാക്കളാൽ തിങ്ങി നിറഞ്ഞിരിക്കും! 7 പുരുഷന്മാർ പുതിയ നിയോഗത്തിനായി തെരഞ്ഞെടുക്കപ്പെടും. ആ മാതാവ് പ്രഭാതത്തിൽ തന്നെ തന്റെ സഭയുടെ ശുശ്രൂഷകനായ റവ. ജെയിംസ് മുറെ മക്കെയെ വിളിച്ച്, ദൈവം കാണിച്ച കാര്യങ്ങൾ അദേഹത്തോട് പറഞ്ഞു, ദൈവ പ്രവർത്തിയെ വരവേൽക്കുവാൻ പ്രത്യേക സമയങ്ങളിൽ മൂപ്പന്മാരെയും ഡീക്കന്മാരെയും ഒരുമിച്ച് വിളിച്ച് കൂട്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. അതൊരു തുടക്കമായിരുന്നു. ഒരറ്റത്ത് നിന്ന് കൂട്ടം കൂട്ടമായി പ്രാർത്ഥന ആരംഭിച്ചു.

ഒരു രാത്രി അവർ ദൈവസന്നിധിയിൽ ആയിരിക്കുമ്പോൾ ഒരു ചെറുപ്പക്കാരൻ എഴുന്നേറ്റു പതിനഞ്ചാം സങ്കീർത്തനത്തിന്റെ ഒരു ആദ്യഭാഗം വായിച്ചു: "ആരാണ് കർത്താവിന്റെ വിശുദ്ധ പർവ്വതത്തിൽ വസിക്കുക? അല്ലെങ്കിൽ അവന്റെ വിശുദ്ധ സ്ഥലത്ത് ആരാണ് നിലകൊള്ളുക? ശുദ്ധമായ കൈകളും ശുദ്ധഹൃദയവും ഉള്ളവൻ; നിഷ്കളങ്കനായി നടന്ന് നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും ചെയ്യുന്നവൻ; അവൻ കർത്താവിൽ നിന്ന് അനുഗ്രഹം സ്വീകരിക്കും. '

മറ്റുള്ളവരോട് തിരിഞ്ഞുനോക്കി അദ്ദേഹം പറഞ്ഞു: "സഹോദരന്മാരേ, നാം കരണത്തിനായി വിനിയോഗിക്കുക, അനുതപിക്കുക." എന്നിട്ട് കൈകൾ സ്വർഗത്തിലേക്ക് ഉയർത്തി: ''ദൈവമേ, എന്റെ കൈകൾ ശുദ്ധമാണോ? എന്റെ ഹൃദയം ശുദ്ധമാണോ? ' പിന്നീട് അയാൾക്ക് കൂടുതൽ ഒന്നും പറയാൻ കഴിഞ്ഞില്ല. ആ യുവാവ് അനുതാപ നിലവിളിയോടെ നിലത്ത് വീണു ദൈവത്തോട് മാപ്പപേക്ഷിച്ചു.

അതൊരു തുടക്കമായിരുന്നു, അനുതാപമായി ദൈവത്തിന് സമർപ്പിച്ചു ഒരു ഉണർവിന് ഏൽപ്പച്ചുകൊടുത്തു. പരിശുദ്ധാത്മ വാഗ്ദാനത്തിൽ വ്യക്തമായി വിശ്വസിച്ചുകൊണ്ട് അവർ ദൈവത്തിന്റെ ആത്മമാരിക്കായി കാത്തിരുന്നു. ദ്വീപിൽ ഉപദേശ വ്യത്യാസമെന്യെ ഒരു കൂട്ടം മനുഷ്യരിൽ ദൈവത്തിന്റെ വാഗ്ദത്ത നിവർത്തി ആരംഭിക്കുകയായിരുന്നു. ഈ സമയത്താണ് സുവിശേഷകൻ ഡങ്കൻ കാംബെൽ രണ്ടാഴ്ചത്തെ സുവിശേഷ പ്രചരണത്തിനായി ദ്വീപിലെത്തുന്നത്. അന്ധയെങ്കിലും ആത്മജ്വാലയുടെ ഉൾക്കാഴ്ചയാൽ ദ്വീപിനെ ഉണർത്താൻ നിയോഗിക്കപ്പെട്ട പെഗ്ഗി സുവി, ഡങ്കനെ ക്ഷണിച്ച് അവിടുത്തെ ഒരു ഒറ്റപ്പെട്ട ഗ്രാമത്തിൽ മീറ്റിംഗ് നടത്താൻ ആവശ്യപ്പെട്ടു. ദൈവത്തിന്റെ വ്യക്തമായ നിയോഗപ്രകാരമായിരുന്നു അത്. പക്ഷേ ഡങ്കൻ അത് നിരസിച്ചു. ആ സ്ഥലത്തെ ജനങ്ങൾ ഒരു ഉണർവ്വിന് സന്നദ്ധരല്ലയെന്നതായിരുന്നു അദേഹം കാരണമായി പറഞ്ഞത്. പക്ഷേ പെഗ്ഗി ദൈവശബ്ദം കേട്ടിരുന്നതിനാൽ വിട്ട് കൊടുക്കാൻ തയാറായിരുന്നില്ല. അവർ പറഞ്ഞു: 'മിസ്റ്റർ. ക്യാമ്പ്ബെൽ, നിങ്ങൾ ദൈവത്തോട് അടുത്തിടപഴകുകയാണെങ്കിൽ, അവിടുന്ന് തന്റെ രഹസ്യങ്ങൾ നിങ്ങൾക്കും വെളിപ്പെടുത്തും' അത് ദൈവത്തിൽ നിന്നുള്ള ഒരു ശാസന പോലെയാണ് സുവി. ഡങ്കന് അനുഭവപ്പെട്ടത്. കർത്താവിൽ നിന്നുള്ളതുപോലെയുള്ള ശാസന അദ്ദേഹം താഴ്മയോടെ സ്വീകരിച്ചു, അടുത്ത പ്രഭാതത്തിൽ ഡങ്കനും പ്രാദേശിക പള്ളിയിലെ ശുശ്രൂഷകൻ ജെയിംസ് മുറെ മക്കെയ്നും പെഗ്ഗിയുടെ കുടിലിൽ മുട്ടുകുത്തിയപ്പോൾ പെഗ്ഗി പ്രാർത്ഥിച്ചു: ''കർത്താവേ, ഈ പ്രഭാതത്തിൽ നീ എന്നോടു പറഞ്ഞ കാര്യം ഞാൻ ഓർക്കുന്നു, ഈ ഗ്രാമത്തിൽ എന്റെ പിതാക്കന്മാരുടെ പള്ളിയിൽ ചിലരെ പ്രത്യേകിച്ച് 7 പേരെ അങ്ങ് ഉണർത്തുവാൻ പോകുന്നു. കർത്താവേ, ഞാൻ അവിടുത്തെ സന്ദേശം മിസ്റ്റർ ക്യാമ്പ്ബെല്ലിന് നൽകി, പക്ഷേ അത് സ്വീകരിക്കാൻ അദ്ദേഹം തയ്യാറല്ലെന്ന് തോന്നുന്നു. കർത്താവേ, അദേഹത്തോട് സംസാരിക്കേണമേ, വേണ്ട ജ്ഞാനം നൽകേണമേ. പ്രാർത്ഥന പൂർത്തിയായപ്പോൾ ഡങ്കൻ പറഞ്ഞു. "ശരി, പെഗ്ഗി, ഞാൻ ഗ്രാമത്തിലേക്ക് പോകാം," അവൾ മറുപടി പറഞ്ഞു, "നിങ്ങൾ നന്നായിരിക്കും!" ദൈവം നിങ്ങൾക്ക് ഒരു സഭ നൽകും.

ഏഴ് മണിയോടെ ഗ്രാമത്തിലെത്തിയ അവർ ഒരു മിഷൻ ബംഗ്ലാവിൽ പ്രാർത്ഥന നടത്തി. . ഡങ്കൻ അവരോട് സംസാരിച്ചു. "ഈ അജ്ഞതയുടെ കാലത്ത് ഇപ്പോൾ തന്നെ, മാനസാന്തരപ്പെടാൻ ദൈവം എല്ലായിടത്തുമുള്ള എല്ലാവരോടും കൽപ്പിക്കുന്നു.'' അവൻ പ്രസംഗം പൂർത്തിയാക്കിയപ്പോൾ, ശുശ്രൂഷകൻ പാപത്തെക്കുറിച്ച് വിലപിക്കുന്ന നിരവധി ആളുകളോട് വീണ്ടും സംസാരിക്കാൻ നിർബന്ധിച്ചു. ജനം അനുതപിച്ചു ഉണർന്നു. ആ യോഗത്തിൽ വലിയ മാറ്റം ഉണ്ടായി. നിരവധി പേർ രക്ഷകനായി തങ്ങളുടെ ജീവിതം മാറ്റി വച്ചു. അവരിൽ പെഗി ദർശനത്തിൽ കണ്ട ഏഴു പുരുഷന്മാരും ഉണ്ടായിരുന്നു!!

(ശേഷം പേജ് -12)



സുവിശേഷകൻ ഡങ്കൻ കാമ്പ്ബെലും സഹോദരിമാരായ പെഗ്ഗിയും ക്രിസ്റ്റീനും

ഒരു നിമിഷം അവർ ഇരിക്കുന്ന സ്ഥലം കുലുങ്ങിയതായി, വീട് ഇളകിയതായി അവിടെയുണ്ടായിരുന്ന പലരും സാക്ഷ്യം വഹിച്ചു. പരിശുദ്ധാത്മാവിന്റെ കൊടിയകാറ്റ് ആ കെട്ടിടത്തെ നിറച്ചു. യുവാക്കൾ ആത്മലഹരിയിലായി. ഡങ്കന്റെ അരികിൽ നിൽക്കുകയായിരുന്ന ശുശ്രൂഷകൻ പറഞ്ഞു: "മിസ്റ്റർ. ക്യാമ്പ്ബൽ, ഭൂചലനം സംഭവിക്കുന്നു! ' അപ്പോസ്തലന്മാരുടെ കാലത്ത് അവർ മാളികമുറിയിൽ കൂടിയിരുന്നപ്പോൾ സംഭവിച്ചത് ഇവിടേയും സംഭവിക്കുകയാണെന്ന് സുവി. ഡങ്കൻ മനസിലാക്കി. ലൂയീസിന്റെ തീരത്തുള്ള ബെർണറെ എന്ന ഗ്രാമത്തിലായിരുന്നു ആ സംഭവം.

ദൈവവുമായി ശരിയായ ബന്ധമില്ലാത്തവരാണെങ്കിൽ, നമ്മുടെ ഈ കാത്തിരിപ്പിന് അർത്ഥമില്ല. ഈ സമയം നാം ശുദ്ധീത്തിന്റെ ആവശ്യകത ജനത്തിന് ബോധ്യപ്പെട്ടു. ദൈവത്തെക്കുറിച്ചുള്ള ഒരു അവബോധം ആ പ്രാർത്ഥനാസ്ഥലത്ത് നിറഞ്ഞു, അവർ പൂർണ്ണ

സ്ത്രീകൾ പാസ്റ്ററാകുവാൻ ബൈബിൾ അനുവദിക്കുന്നുവോ ?





പാസ്റ്റർ സുധീർ കുറുപ്പ്

സഭയുടെ പാസ്റ്റർ ശുശ്രൂഷകൻ മാത്രമല്ല, സഭയെ അച്ചടക്കത്തിൽ നന്നായി ഭരിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. പുരുഷന്മാരുടെമേൽ കർത്തൃത്വം നടത്തുവാൻ (ഭരിക്കുവാൻ) സ്ത്രീകൾക്കു അനുവാദമില്ല. തർജ്ജനം ചെയ്യണം, ശാസിക്കണം, പുറത്താകേണ്ടവരെ പുറത്താക്കണം ഇതൊക്കെ അധികാരത്തിന്റെ ഭാഗമാണ്. സ്ത്രീയുടെ തലയാണ് പുരുഷൻ, പുരുഷന്റെ തലയാണ് ക്രിസ്തു ആ സീക്വൻസ് തെറ്റിക്കാൻ പാടില്ല.

'സ്ത്രീ മൌനമായിരുന്നു പൂർണ്ണാനു സരണത്തോടും കൂടെ പഠിക്കട്ടെ. മൌനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. (1 തിമോഥെയോസ് 2:11,12)

വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല. അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽ വെച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടേ; സ്ത്രീ സഭയിൽ സംസാരിക്കുന്നതു അനുചിതമല്ലോ. (1 കൊരിന്ത്യർ 14:34,35) ഇത് വിശുദ്ധ പൗലോസിന്റെ വാക്കുകളാണ്. സ്ത്രീകളെ കുറിച്ച് ആശയക്കുഴപ്പമുണ്ടാക്കുന്ന എന്തെങ്കിലും കാര്യങ്ങൾ പൗലോസ് പറഞ്ഞോ? തീർച്ചയായും. അദ്ദേഹത്തിന്റെ കത്തിൽ സഭയിലെ സ്ത്രീകൾ "നിശബ്ദത പാലിക്കണം" എന്ന് പറയുന്നു. മറ്റൊരു കത്തിൽ "ഭർത്താക്കന്മാർക്ക് കീഴടങ്ങണം" എന്ന് അവരോട് അഭ്യർത്ഥിക്കുന്നു. സഭയുടെ അധ്യക്ഷനായിരുന്ന വിശു: പത്രോസും; സ്ത്രീകൾ ബലഹീന പത്രങ്ങൾ ആണെന്ന് പറഞ്ഞിരിക്കുന്നു. സ്ത്രീകൾ മൗനമായിരിക്കേണം എന്നു പറഞ്ഞ അതേ പൗലോസ് തന്നെ പറയുന്നു സ്ത്രീകൾക്ക് സഭയിൽ പ്രാർത്ഥിക്കാം പ്രവചിക്കാം എന്ന്: *'മൂടുപടം ഇട്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അപമാനിക്കുന്നു. മൂടുപടമില്ലാതെ പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു; അതു അവൾ ക്ഷൌരം ചെയ്യിച്ചതുപോലെയല്ലോ'* (1 കൊരിന്ത്യർ 11:4)

'അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; 18 എന്റെ ദാസന്മാരുടെമേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും; അവരും പ്രവചിക്കും. (അപ്പോസ്തല പ്രവർത്തികൾ 2:17,18)

ഏഴുവരിൽ ഒരുവനായിരുന്ന പിലിപ്പോസിന് കന്യകമാരും പ്രവചിക്കുന്നവരുമായ നാലു പുത്രിമാർ ഉണ്ടായിരുന്നു. (അപ്പോസ്തല പ്രവർത്തികൾ: 21:9).

സ്ത്രീകൾ സഭയിൽ പ്രാർത്ഥിക്കുമെന്നും പ്രവചിക്കും എന്നും, പുത്രന്മാരും പുത്രിമാരും പ്രവചിക്കും എന്നും പൗലോസ് വെളിപ്പെടുത്തുകയാണ്. സ്ത്രീകൾ സഭയിൽ പ്രാർത്ഥിക്കുന്നത് മൗനമായിട്ടല്ലല്ലോ, പ്രവചിക്കണമെങ്കിൽ വായ് തുറന്നു നല്ല ശബ്ദത്തിലല്ലേ പ്രവചിക്കുന്നത് ? അപ്പോൾ സ്ത്രീകൾ സഭയിൽ മൗനമായിരിക്കേണം എന്നു പറയുന്നതിൽ പ്രസക്തിയുണ്ടോ? അപ്പോൾ പൗലോസ് മൗനമായിരിക്കേണം എന്നു പറഞ്ഞതിന്റെ പശ്ചാത്തലം വേറെയാണ്.

സ്ത്രീകൾ മൗനം ആയി ഇരിക്കേണം എന്നു പറഞ്ഞ വചനത്തിലൂടെ അർത്ഥമാക്കുന്നത് ആ കാലഘട്ടത്തിൽ ദൈവവചനം ഇന്നുള്ളതുപോലെ സുലഭം ആയിരുന്നില്ല. പൗലോസ് തിരുവചനങ്ങളെ പൊരുൾ തിരിച്ചു കൊടുക്കുമ്പോൾ സ്ത്രീകൾ പലവിധമായ ക്രമംകെട്ട ചോദ്യങ്ങൾ ചോദിച്ചിരുന്നിരിക്കാം അങ്ങനെ പല സ്ത്രീകൾ പലവിധമായ ചോദ്യങ്ങൾ ചോദിക്കുമ്പോൾ സഭ അലങ്കോലപ്പെട്ടിട്ടുണ്ടായിരിക്കാം. ആ ഒരു സാഹചര്യത്തിലാണ് പൗലോസ് ഇങ്ങനെ ഒരു പ്രസ്ഥാവന ഇറക്കിയത്.

ദൈവസഭയിൽ സുവിശേഷ ഘോഷണത്തിൽ സ്ത്രീകൾ പ്രധാന പങ്കാളികൾ ആണ്. താഴെക്കൊടുത്തിരിക്കുന്ന വചനങ്ങൾ അതു ഉറപ്പാക്കുന്നു.

പൗലോസിനെപ്പോലെ തിരുവചന ഘോഷണത്തിൽ വളരെ പ്രഗത്ഭനായ ഒരു വ്യക്തിയായിരുന്നു അപ്പല്ലോസ്. പക്ഷെ അദ്ദേഹം ഒരു പുതിയ ശിഷ്യൻ ആയിരുന്നതുകൊണ്ട് കൂടുതൽ തിരു വചന സത്യങ്ങൾ അറിയുമായിരുന്നില്ല. അവന്റെ പ്രസംഗം കേട്ട അകിലാസും ഭാര്യ പ്രിസ്കില്ലയും അവന്റെ പ്രസംഗം കേട്ടാറെ അവനെ ചേർത്തുകൊണ്ടു ദൈവത്തിന്റെ മാർഗ്ഗം അധികം സ്പഷ്ടമായി അവന്നു തെളിയിച്ചുകൊടുത്തു. (അപ്പോസ്തല പ്രവർത്തികൾ 18:26)

ആശേർ ഗോത്രത്തിൽ ഫനൂവേലിന്റെ മകളായ ഹന്നാ എന്നൊരു പ്രവാചകി ഉണ്ടായിരുന്നു; അവൾ കന്യാകാലത്തിൽ പിന്നെ ഭർത്താവിനോടുകൂടെ ഏഴു സംവത്സരം കഴിച്ചു എൺപത്തിനാലു സംവത്സരം വിധവയും വളരെ വയസ്സു ചെന്നവളുമായി ദൈവാലയം വിട്ടു പിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ആരാധന ചെയ്തു പോന്നു. ആ നാഴികയിൽ അവളും അടുത്തു നിന്നു ദൈവത്തെ സ്തുതിച്ചു, യെരൂശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ചു പ്രസ്താവിച്ചു. (ലൂക്കോസ് 2:36-38). ഇവിടെ ദൈവത്തെ സ്തുതിച്ചതും, വീണ്ടെടുപ്പുകാരനായ യേശുവിനെക്കുറിച്ച് അവിടെ കൂടിവന്ന എല്ലാവരോടും പ്രസ്താവിച്ചതും ഹന്ന പ്രവാചകിയാണ്. എത്ര ഉച്ചത്തിൽ ആയിരിക്കണം രക്ഷനെക്കുറിച്ച് പ്രസ്താവിച്ചത് ?

'ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അകിലാവെയും വന്ദനം ചെയ്‌വിൻ. അവർ എന്റെ പ്രാണന്നു വേണ്ടി തങ്ങളുടെ കഴുത്തു വെച്ചുകൊടുത്തവരാകുന്നു; അവർക്കു ഞാൻ മാത്രമല്ല, ജാതികളുടെ സകലസഭകളും കൂടെ നന്ദി പറയുന്നു' (റോമർ 16:34)

കർത്താവിൽ അദ്ധ്വാനിക്കുന്നവരായ ത്രുഫൈനെക്കും ത്രുഫോസെക്കും വന്ദനം ചൊല്ലുവിൻ. കർത്താവിൽ വളരെ അദ്ധ്വാനിച്ചവളായ പ്രിയ പെർസിസിന്നു വന്ദനം ചൊല്ലുവിൻ (റോമർ 16:12). സുവിശേഷ ഘോഷണത്തിൽ സഹോദരിമാർ വളരെ വലിയ പങ്കു വഹിച്ചു എന്ന് സുവിശേഷങ്ങളിലും അപ്പോസ്തലന്മാരുടെ ലേഖനങ്ങളിലും കാണുന്നു.

പ്രധാന അപ്പോസ്തലന്മാരായ പൗലോസും പത്രോസും സ്ത്രീകൾക്കു കൊടുക്കുന്ന സന്ദേശം

(1 തിമോഥെയോസ് 3:11)

ഭാര്യമാരേ, കർത്താവിന്നു എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. (1 പത്രോസ് 3:1, എഫെസ്യർ 5:22)

യേശുക്രിസ്തുവിനോടുകൂടെ അനേകം സ്ത്രീകൾ അനുഗമിക്കുകയും അനവധി ശുശ്രൂഷകൾ ചെയ്തതായും വചനത്തിൽ കാണുന്നു. *'ഗലീലയിൽ നിന്നു യേശുവിനെ ശുശ്രൂഷിച്ചുകൊണ്ടു അനുഗമിച്ചുവന്ന പല സ്ത്രീകളും ദൂരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു. അവരിൽ മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെയും യോസെയുടെയും അമ്മയായ മറിയയും സെബെദിപുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു' (മത്തായി 27:55.56).*

'അവൻ ഗലീലയിൽ ഇരിക്കുമ്പോൾ അവർ അവനെ അനുഗമിച്ചും ശുശ്രൂഷിച്ചും പോന്നു; അവനോടുകൂടെ യെരൂശലേമിലേക്കു വന്ന മറ്റു സ്ത്രീകളും ഉണ്ടായിരുന്നു' (മർക്കൊസ് 15:41).

'ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്നയും ശൂശന്നയും തങ്ങളുടെ വസ്തു വക കൊണ്ടു അവർക്കു ശുശ്രൂഷ ചെയ്തുപോന്ന മറ്റു പല സ്ത്രീകളും ഉണ്ടായിരുന്നു' (ലൂക്കോസ് 8:3)

സുവിശേഷ ഘോഷണത്തിൽ പൗലോസിനോടൊപ്പവും അനേകം സ്ത്രീകളുണ്ടായിരുന്നു.

'ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോടുകൂടെ സുവിശേഷ ഘോഷണത്തിൽ പോരാടിയിരിക്കുന്നു' (ഫിലിപ്യർ 4:3)

സ്ത്രീകൾ മൗനമായിരിക്കണം എന്ന പ്രസ്താവന കൊണ്ടു, സ്ത്രീകൾ സുവിശേഷം ഘോഷിക്കരുതെന്നോ, ശുശ്രൂഷകൾ ചെയ്യരുതെന്നോ സഭയിൽ വായ് തുറന്ന് സ്തുതിക്കരുതെന്നോ, പ്രവചിക്കരുതെന്നോ എന്നൊന്നുമല്ല വിശുദ്ധ പൗലോസ് ഉദ്ദേശിച്ചത്. മറിച്ചു മുൻപു പ്രസ്താവിച്ചതുപോലെ ഒരു പ്രത്യേക സാഹചര്യത്തിൽ പറഞ്ഞതാണ്.

സുവിശേഷം ഘോഷിക്കുവാൻ കർത്താവ് സ്ത്രീകൾക്ക് അനുവാദം കൊടുക്കുന്നു.

തന്നോടു കുടിക്കാൻ വെള്ളം ചോദിച്ച യേശുവിനെ ശമര്യാ സ്ത്രീ ഒരു യഹൂദൻ ആണെന്ന് വിചാരിച്ചു, പിന്നെ യജമാനൻ എന്നു വിളിച്ചു, പിന്നെ പ്രവാചകൻ എന്നു വിളിച്ചു. എന്നാൽ തന്റെ മുൻപിൽ നിൽക്കുന്നത് സാക്ഷാൽ മശിഹാ ആണെന്ന് മനസിലാക്കിയപ്പോൾ ഒരു വെളിപ്പാട് അവൾക്കുണ്ടായി. മിശിഹാ തന്റെ മാത്രം രക്ഷകനല്ല മറിച്ചു സർവ്വ ലോകത്തിന്റെയും രക്ഷകനാണെന്ന്. അവൾക്ക് യേശുവിനെ തന്റേതാക്കാമായിരുന്നു, പാദത്തിൽ ഇരുന്നു ദർശനം പ്രാപിക്കാമായിരുന്നു. എന്നാൽ അവൾ മനസിലാക്കി തന്റെ ദേശവും വരുവാനുള്ള മശിഹായെ അറിയണം. അവൾ സകലവും ഉപേക്ഷിച്ച് പട്ടണത്തിൽ ചെന്ന് എല്ലാവരെയും വിവരം അറിയിച്ചു, പട്ടണം മുഴുവനും ഇളകി എല്ലാവരും മശിഹായുടെ സന്നിധിയിൽ എത്തി. മശിഹായുടെ ദർശനം പ്രാപിച്ച ഒരു സാധാരണ സ്ത്രീ ഒരു പട്ടണത്തെ മുഴുവനും യേശുവിന്റെ പാദത്തിൽ കൊണ്ടുവരുവാൻ സാധിച്ചു.

അനന്തരം സ്ത്രീ പാത്രം വെച്ചിട്ടു പട്ടണത്തിൽ ചെന്നു ജനങ്ങളോടു: ഞാൻ ചെയ്തതു ഒക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ; അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ എന്നു പറഞ്ഞു. ഞാൻ ചെയ്തതു ഒക്കെയും അവൻ എന്നോടു പറഞ്ഞു എന്നു സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു. ഏറ്റവും അധികം പേർ അവന്റെ വചനം കേട്ടു വിശ്വസിച്ചു: ഇനി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നതു; ഞങ്ങൾ തന്നേ കേൾക്കയും അവൻ സാക്ഷാൽ ലോകരക്ഷിതാവു എന്നു അറികയും ചെയ്തിരിക്കുന്നു എന്നു സ്ത്രീയോടു പറഞ്ഞു. (യോഹന്നാൻ 4:28,29, 39,41,42).

ഒരുവൻ വെള്ളത്തിൽ മുങ്ങിത്താഴുക ആയിരുന്നു. ഒരു കൈ അവനെ പിടിച്ചു അ

(ശേഷം പേജ് 12)

ഇന്ന് കേരളത്തിലും, ബാംഗ്ലൂരിലും ഇന്ത്യയിലെ പല സ്ഥലങ്ങളിലും ലേഡീസ് പാസ്റ്റേഴ്സ് സഭാശുശ്രൂഷകൾ ചെയ്യുന്നു. ഇത് ദൈവം അനുവദിക്കുന്നതല്ല. കർത്താവിന്റെ സന്നിധിയിൽ ചെയ്തുപോയ തെറ്റ് ഏറ്റുപറഞ്ഞു ക്ഷമ ചോദിച്ച് കർത്താവ് ദൈവ വചനത്തിൽ അനുവദിച്ചിരിക്കുന്ന ശുശ്രൂഷകൾ ചെയ്ത് കർത്താവിന്റെ വേലയിൽ ഉത്സാഹിച്ച് നിത്യതയിൽ പ്രതിഫലം വാങ്ങേണ്ടതിന് പ്രയത്നിക്ക. അറിവില്ലായ്മകളുടെ കാലങ്ങളെ ദൈവം ലക്ഷ്യ മാക്കുന്നില്ലല്ലോ. എന്നാൽ സത്യം അറിഞ്ഞിട്ടും മനസാന്തരപ്പെടാതെ അതു തുടരുകയാണെങ്കിൽ ന്യായവിധിയിൽ നിന്നും തെറ്റി ഒഴികയില്ല എന്നോർക്ക.

ലോക പ്രസിദ്ധ സുവിശേഷകൻ ഡോ. ബില്ലിഗ്രഹാമിനെ കൊലപ്പെടുത്താനായി ആസ്ട്രേലിയയിലെ മെൽബൺ സ്റ്റേഡിയത്തിൽ തിര നിറച്ച തോക്കുകളുമായി കൊലപാതക പദ്ധതികൾ ആസൂത്രണം ചെയ്ത് എത്തിയതായിരുന്നു ജോർജ് പാർമറിന്റെ നേതൃത്വത്തിലുള്ള ആ 10 അംഗ ഗുണ്ടാ സംഘം. പക്ഷേ അവിടെ സംഭവിച്ചത് മറ്റൊന്നായിരുന്നു...

1959 മാർച്ച് 15; ആസ്ട്രേലിയയിലെ മെൽബൺ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നിറഞ്ഞ സദസിന് മുൻപാകെ ലോക പ്രസിദ്ധ സുവിശേഷകൻ ഡോ. ബില്ലി ഗ്രഹാം പ്രസംഗിച്ച് കൊണ്ടിരിക്കുന്നു. പതിനായിരങ്ങൾ തടിച്ച് കൂടിയ ആ സ്റ്റേഡിയത്തിനുള്ളിലേക്ക് അൽപ്പ സമയത്തിനുള്ളിൽ 10 പേരടങ്ങുന്ന ചെറുപ്പക്കാരുടെ ഒരു സംഘവും കടന്ന് വന്നു. മറ്റുള്ളവരെ പോലെ സുവിശേഷം കേൾക്കാനുള്ള വ്യഗ്രതയിലല്ല അവർ വന്നത്, പിന്നേയും ആ സുവിശേഷകനെ എന്നന്നേക്കുമായി ലോകത്ത് നിന്ന് ഇല്ലാതാക്കുകയെന്ന ലക്ഷ്യമായിരുന്നു അവർക്കുള്ളത്. അതിനായി ജോർജ് പാർമറുടെ നേതൃത്വത്തിൽ കൃത്യമായ കൊലപാതക പദ്ധതി ആസൂത്രണം ചെയ്ത് നിറതോക്കുകളുമായാണ് അവർ സ്റ്റേഡിയത്തിലേക്ക് കടന്നത്. .

ഹാം മരിക്കും, ജോർജ്ജ് വെറുക്കുന്ന യേശു ക്രിസ്തുവിന്റെ പേരിൽ ലോകം അറിഞ്ഞിട്ടുള്ളതിൽ വച്ച് ഏറ്റവും മികച്ച ശബ്ദങ്ങളിലൊന്നിനെ നിശബ്ദമാക്കും. തന്റെ മനസിന്റെ ഉറച്ച തീരുമാനമായിരുന്നു അത്. ലജോർജിന് അതൊരു സ്വപ്നസാക്ഷാത്കാരമായിരുന്നു, മുഴുവൻ ലോകത്തിനും മുന്നിൽ ദൈവത്തോട് ഒരു പ്രതികാരം നടത്താനുള്ള അവസരം.

ദൈവസ്നേഹത്തെക്കുറിച്ചും അവിടുത്തെ പുത്രനായ ക്രിസ്തുവിനെക്കുറിച്ചും ഡോ. ഗ്രഹാം പ്രസംഗിച്ച് കൊണ്ടിരുന്നു. ദൈവം സ്നേഹമാണെങ്കിൽ, തങ്ങളെയെല്ലാം അനാഥരാക്കിയിട്ട് പത്ത് വർഷം മുമ്പ് തന്റെ പിതാവിനെ അവൻ കൊണ്ടുപോകുമായിരുന്നില്ല, അന്ന് ജോർജിന് 7 വയസ്സും സഹോദരന് 4 വയസ്സും അവരുടെ കുഞ്ഞു സഹോദരന് വെറും 5 ആഴ്ചയും പ്രായമാണ്.

1949 സെപ്റ്റംബർ 29 ജോർജിന്റെ ഓർമ്മയിൽ

ങ്ങി, മനസ്സിനെ അടിമയാക്കി. പിന്നീട് ഉണർന്നിരിക്കുന്ന ഓരോ നിമിഷവും അയാൾ തെറ്റിൽ നിന്ന് തെറ്റിലേക്ക് അക്രമത്തിൽ നിന്ന് അക്രമത്തിലേക്ക് പോയിക്കൊണ്ടിരുന്നു. . അച്ഛന്റെ മരണത്തിന് തൊട്ടുപിന്നാലെ ഒരു സ്കൂൾ സഹപാഠി ജോർജിന്റെ അടുത്തേക്ക് വന്ന് അവനെ ഒരു കുള്ളൻ എന്ന് വിളിച്ചപ്പോൾ, വെറും 8 വയസ്സുള്ള, പ്രായത്തിനനുസരിച്ചുള്ള വലിപ്പത്തേക്കാൾ ചെറുതായിരുന്ന ജോർജ്ജ് ആ കുട്ടിയുടെ മുൻപല്ലുകൾ അടിച്ചു തകർത്തു. സ്കൂൾ അധികൃതർ ജോർജിനെ പുറത്താക്കി. അവന്റെ അമ്മ വിവിധ സ്കൂളുകളിലേക്ക് അവനെ അയച്ചു. പബ്ലിക് സ്കൂളിലായാലും സ്വകാര്യ സ്കൂളിലായാലും അക്രമങ്ങൾ അവന്റെ ദൈനംദിന ആചാരമായി മാറി. ദിവസങ്ങൾ കഴിയുന്തോറും കാര്യങ്ങൾ കൂടുതൽ വഷളായി.

നൽകിയിരുന്നു. ഞാൻ കുഞ്ഞു പൂച്ചക്കുട്ടികളെ വാഷിംഗ് മെഷീനിൽ ഇട്ടു, അതിൽ വെള്ളം നിറച്ചു, അവ മുങ്ങിമരിക്കുന്നത് വരെ അത് ഞാൻ ഒരു മൃഗീയ ആനന്ദത്തോടെ നോക്കിനിന്നു.....ജോർജ് തന്റെ സാക്ഷ്യവിവരണത്തിൽ പറയുന്നു.

ടെക്നിക്കൽ കോളേജിനുശേഷം, ജോർജ്ജ് വിക്ടോറിയൻ റെയിൽവേയിൽ അപ്രന്റീസായി, ഒരു ഇലക്ട്രിക്കൽ ഫിറ്ററായിട്ടായിരുന്നു തുടക്കം. അവിടെ തന്റെ രണ്ട് സഹപ്രവർത്തകരുമായി സൗഹൃദം സ്ഥാപിച്ചു, അവർ അന്ന് സജീവമായിരുന്ന ഒരു ഗുണ്ടാ സംഘത്തിലെ അംഗങ്ങളാണെന്ന് താമസിയാതെ മനസ്സിലാക്കി. അധികം വൈകാതെ ജോർജ് അവരുടെ നേതാവായി. ഏന്തിനും ഏതിനും പോരുന്ന,യാതൊരു കരുണയുമില്ലാത്ത കൗമാരത്തിൽ നിന്ന് യൗവ്വനത്തിലേക്ക് കാലെടുത്ത് വയ്ക്കുന്ന ഗുണ്ടാസംഘം. പ്രായം കൂടുന്തോറും കുറ്റകൃത്യങ്ങളും എണ്ണവും കൂടി. പോലീസിനും നാട്ടുകാർക്കും തലവേദനയായി. ഭീതി വിഷയമായി. നിലവിൽ പ്രായാധ്യക്യത്തിലെത്തിയിരിക്കുന്ന ജോർജ്ജ് തന്റെ ഓർമ്മയിൽ നിന്ന് മായ്ച്ചുകളയാൻ ശ്രമിക്കുന്ന എല്ലാത്തരം ഭയാനകമായ കാര്യങ്ങളും ചെയ്തു. തന്റെ ഒരു എതിർ സംഘത്തിന്റെ നേതാവിനെ പിടികൂടുകയും വലതു കൈ നിലത്തേക്ക് പിടിച്ച് വച്ച് അതിന് മുകളിൽ കൂടി കാർ അഞ്ച് തവണ പിന്നോട്ടും മുന്നോട്ടും ഓടിച്ചതക്കം നിന്ദ്യവും നികൃഷ്ടവും അതിക്രൂരവുമായ അതിക്രമങ്ങൾ.

ഈ സമയത്താണ് 1959 ന്റെ തുടക്കത്തിൽ, ഡോ. ബില്ലി ഗ്രഹാം മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ടിലേക്ക് സുവിശേഷവുമായി വരുന്നുണ്ടെന്ന് ജോർജ്ജ് കേട്ടത്. യൗവ്വന രക്തത്തിന്റെ തിളപ്പിൽ അത് ദൈവത്തോടുള്ള പ്രതികാരത്തിനുള്ള അവസരമായി കണ്ടു.

'ഡോ. ബില്ലി ഗ്രഹാമിനെക്കുറിച്ച് എനിക്ക് അധികമൊന്നും അറിയില്ലായിരുന്നു, പക്ഷേ ആ മീറ്റിംഗുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ അദേഹം ലോകമെങ്ങും സഞ്ചരിക്കുന്ന സുവിശേഷകനാണെന്ന് ഞങ്ങൾ കേട്ടു, എനിക്ക് കേൾക്കേണ്ടിയിരുന്നതും അതു മാത്രമായിരുന്നു, ഞാൻ വെറുക്കുന്ന എല്ലാത്തിനും വേണ്ടിയും ഡോ. ഗ്രഹാം നിലകൊണ്ടതിനാൽ അദ്ദേഹത്തെ കൊല്ലുക എന്ന തീരുമാനത്തിലേക്കാണ് ഞങ്ങൾ എത്തിച്ചേർന്നത്' ജോർജ് പാർമർ പറയുന്നു.

കൊലപാതകക്കുറ്റത്തിന് തൂക്കിലേറ്റപ്പെടുമെന്നോ, ഒരു ലക്ഷത്തിലധികം വരുന്ന ഒരു ജനക്കൂട്ടത്തിനിടയിൽ മറ്റാരെങ്കിലും വെടിവ



ജോർജ് പാർമ്മർ

നിറതോക്കിനെ നിശബ്ദമാക്കിയ ദൈവശബ്ദം

ഓസ്ട്രേലിയയിലെ മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ടിലെ വേദിക്ക് മുന്നിലുള്ള പുല്ലിൽ ജോർജ് സ്ഥാനം പിടിച്ചു. തനിക്ക് പിന്നിലായി വിവിധ സ്ഥാനങ്ങളിലായി സംഘാംഗങ്ങളേയും ഇരുത്തി. സുവിശേഷകന്റെ വാക്കുകൾ കേൾക്കാൻ എത്തിയ ആയിരക്കണക്കിന് ആളുകളോടൊപ്പം അവരും പുൽപ്പുറത്ത് ഇരുപ്പുറപ്പിച്ചു. .വിക്ടോറിയൻ റെയിൽവേയിലെ അപ്രന്റീസ് ജോലിയിൽ ലാത്ത് ഉപയോഗിച്ച് നിർമ്മിച്ച ഒരു സിപ്പ് തോക്ക് അദ്ദേഹത്തിന്റെ വസ്ത്രത്തിനടിയിൽ ഒളിപ്പിച്ചിരുന്നു. താൻ തന്നെ നിർമ്മിച്ച 10 തോക്കുകൾ തന്റെ സംഘത്തിലെ ഓരോ അംഗത്തിനും നൽകിയിരുന്നു – അവർ വെടിവയ്ക്കാൻ തയ്യാറായിരുന്നു. ഡോ. ഗ്രഹാം എന്താണ് പറയുന്നതെന്ന് അറിയാൻ ജോർജിന് താൽപ്പര്യമില്ലായിരുന്നു.

തന്റെ കൂട്ടാളികൾക്ക് നിർദേശം നൽകിയിരുന്നു. ജോർജ് സിഗ്നൽ നൽകുമ്പോൾ അവരെല്ലാം അവന്റെ അടുത്തെത്തണം. എന്നിട്ട് ഒറ്റയടിക്ക് വെടിയുതിർക്കണം. ബില്ലി ഗ്രഹാം മരിച്ചുവെന്ന് പറഞ്ഞു. തനിക്കത് വിശ്വസിക്കാൻ പ്രയാസമായിരുന്നു. താൻ ഇനി ഒരിക്കലും പപ്പയെ കാണില്ല. ആ സ്നേഹവും കരുതലും വാൽസല്യവും ഇനിയില്ലയെന്നത് അവനെ തളർത്തിക്കളഞ്ഞു. പിതാവിന്റെ മരണവാർത്ത കേട്ട് ജോർജ്ജ് തങ്ങളുടെ ഫാമിന് സമീപമുള്ള പാടശേഖരത്തിലേക്ക് ഓടി, അവിടെ അവന്റെ പിതാവ് 100 ചെറി മരങ്ങൾ നട്ടുപിടിപ്പിച്ചിരുന്നു, അവിടെ നിന്ന് കൊണ്ട് അവൻ ദൈവത്തോട് നിലവിളിച്ചു: 'എന്റെ പപ്പയെ കൊണ്ടുപോകാൻ നിങ്ങൾക്ക് അവകാശമില്ല! എനിക്ക് പപ്പയെ വേണം, ഇനിയുള്ള ക്രിസ്മസിന് എന്റെ പപ്പ ഇവിടെ ഉണ്ടാകില്ല. അതുകൊണ്ട് യേശുവെ ഞാൻ നിന്നെ വെറുക്കുന്നു, എന്റെ പൂർണ്ണഹൃദയത്തോടെ, ഞാൻ നിങ്ങളെ വെറുക്കുന്നു.'

ആ നിമിഷം ജോർജ് എന്ന ബാലകന് തോന്നിയ കോപം അയാളുടെ ഹൃദയത്തെ വിഴുങ്ങി, അവന്റെ ഹൃദയം കല്ലായി മാറി. 'എനിക്ക് ആളുകളെ വേദനിപ്പിക്കുന്നതും വസ്തുക്കൾ തകർക്കുന്നതും എനിക്ക് ഹരമായിരുന്നു. ഞങ്ങൾക്ക് ഒരു ബെൻഡിക്സ് വാഷിംഗ് മെഷീൻ ഉണ്ടായിരുന്നു, ഞങ്ങളുടെ പൂച്ച ഒരു കൂട്ടം പൂച്ചക്കുട്ടികൾക്ക് ജന്മം

യ് പ്പിൽ അകപ്പെട്ടേക്കാമെന്നോ ഒന്നും അപ്പോൾ ജോർജിനോ മറ്റ് സംഘാംഗങ്ങൾക്കോ തോന്നിയില്ല. തനിക്ക് ദൈവത്തോട് തോന്നിയ വെറുപ്പും കോപവും മാത്രമായിരുന്നു

(ശേഷം പേജ് -10)



ജോർജ് പാർമ്മറിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്ന 10 അംഗ ഗുണ്ടാസംഘം (അദേഹത്തിന്റെ ഫയൽ ശേഖരത്തിൽ നിന്ന്)

ടാറ്റൂമാന്റെ മാറ്റം

ശരീരത്തിന്റെ 95 ശതമാനവും പച്ച കുത്തി (tattooing), ലോക ശ്രദ്ധ നേടിയ ബ്രസീലുകാരൻ ലിയാന്ദ്രോ ഡിസൂസയുടെ (Leandro de Souza) ജീവിതം ഇന്ന് അവിശ്വസനീയമായ ഒരു മാറ്റത്തിന്റെ കഥ പറയുകയാണ്. തന്റെ ശരീരത്തിലുണ്ടായിരുന്ന 180 ഓളം ടാറ്റൂകൾ നീക്കം ചെയ്യാനുള്ള ദുഷ്കരമായ ഒരു യാത്രയിലാണ് അദ്ദേഹമിപ്പോൾ. ദൈവവുമായുള്ള അപ്രതീക്ഷിതവും ഗാഢവുമായ ഒരു കൂടിക്കാഴ്ചയാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഈ വലിയ വഴിമാറ്റത്തിന് കാരണമായത്.



വെറും 13 വയസ്സുള്ളപ്പോഴാണ് ലിയാന്ദ്രോ ഡിസൂസ ആദ്യമായി ടാറ്റൂ ചെയ്തത്. ഏതൊരു കൗമാരക്കാരനേയും പോലം വേറിട്ട നിലയിൽ സമൂഹത്തിന്റെ ശ്രദ്ധ നേടുകയെന്നതായിരുന്നു ലക്ഷ്യം.

മുഖത്ത് ഡിസൈനുകൾ ഉൾപ്പെടെ 170 മുതൽ 180 വരെ ടാറ്റൂകൾ കൊണ്ട് അദ്ദേഹം ഒടുവിൽ ശരീരത്തിന്റെ 95% മൂടിയിരുന്നു. ലോകത്തിന് മുന്നിൽ ടാറ്റൂകളാൽ മൂടപ്പെട്ട ഒരു കവചം പോലെയായിരുന്നു വർഷങ്ങളോളം ലിയാന്ദ്രോ ജീവിച്ചിരുന്നത്. മുഖത്തും കൺപോളകളിൽ പോലും കറുത്ത മഷികൊണ്ട് ചിത്രങ്ങൾ തീർത്ത്, ഭയപ്പെടുത്തുന്ന രൂപഭാവങ്ങളോടെ അദ്ദേഹം നടന്നു. തന്റെ തീവ്രമായ രൂപം ആദ്യം അദ്ദേഹത്തിന് ബ്രസീലിലുടനീളം പ്രശസ്തി നേടിക്കൊടുത്തു, പക്ഷേ പിന്നീട് അദ്ദേഹത്തെ ഒരു കോമാളിയെ പോലെയാണ് സമൂഹം വിലയിരുത്തുവാൻ തുടങ്ങിയത്. പുറമെ കാണുന്നവർക്ക് അതൊരു സാഹസികതയോ കൗതുകമോ മാത്രം ആയിരുന്നു. താൻ സമൂഹത്തിൽ ഒരു അപഹാസ്യ കഥാപാത്രമായി മാറുന്നുയെന്ന ചിന്ത തന്നെ തളർത്തി. അത് ലഹരി ഉപയോഗത്തിലേക്കാണ് തന്നെ നടത്തിയത്. ഉള്ളിൽ വലിയൊരു ശൂന്യതയും വേദനയുമാണ് അദ്ദേഹം അനുഭവിച്ചിരുന്നത്. അതിനിടയിൽ തകർന്നടിഞ്ഞ വിവാഹജീവിതവും ജയിൽ വാസവും കടുത്ത ലഹരി ഉപയോഗവും വ്യക്തിപരമായ മറ്റ് പ്രതിസന്ധികളും ലിയാന്ദ്രോയെ കടുത്ത വിഷാദത്തിന്റെ ലോകത്തേക്ക് എത്തിച്ചു. തനിക്കുള്ളിലെ ഭയവും അസന്തുഷ്ടിയും പുറംലോകം കാണാതിരിക്കാൻ അദ്ദേഹം വീണ്ടും വീണ്ടും തന്റെ ശരീരത്തെ ടാറ്റു നിറഞ്ഞ ഒരു കോട്ടയാക്കി മാറ്റുകയായിരുന്നു. എന്നാൽ ദുരിത ജീവിതം ഏറെ നാൾ മുന്നോട്ടു പോകാൻ ദൈവം അനുവദിച്ചില്ല. അദ്ദേഹത്തിന്റെ ജീവിതം മാറ്റിമറിച്ച ആ രാത്രിയെത്തി. ഒരു വ്യക്തിപരമായ പ്രതിസന്ധിയുടെയും നിരാശയുടെയും ഘട്ടത്തിൽ ഒരു ഷെൽട്ടറിൽ അഭയം പ്രാപിച്ച ലിയാന്ദ്രോ, അവിടെ വെച്ച് ദൈവസ്നേഹത്തെയും ദൈവീക വചനങ്ങളെയും തിരിച്ചറിഞ്ഞു. ബ്രസീലിലെ ബാഗെയിലുള്ള ഒരു മുനിസിപ്പൽ ഷെൽട്ടറിൽ വ്ച്ച് ഒരു ഔട്ട്റീച്ച് ഗ്രൂപ്പിനെ കണ്ടുമുട്ടിയത് തന്റെ ജീവിതത്തിൽ വഴിത്തിരിവായി. അവർ ലിയാന്ദ്രോയെ ചേർത്തു പിടിച്ചു. തന്റെ സങ്കടങ്ങളും വേദനയും അവരുമായി താൻ പങ്കിട്ടു. പകരമായി അവർ മനുഷ്യന്റെ സകല പ്രശ്നങ്ങൾക്കും പരിഹാരകനായ ക്രിസ്തുവിനെ അവർ കാട്ടിക്കൊടുത്തു. ആ ഏകാന്ത നിമിഷങ്ങളിൽ, ആരും കാണാത്ത കോണുകളിലേക്ക് പോലും പടർന്നു കയറിയ ഒരു ദിവ്യ സാന്നിധ്യം അദ്ദേഹം അനുഭവിച്ചു. അത് വിധിക്കാനുള്ള കണ്ണുകളായിരുന്നില്ല, മറിച്ച് ഉപാധികളില്ലാത്ത സ്നേഹത്തിന്റെ പ്രകാശമായിരുന്നു.



ഒരു വ്യക്തിപരമായ പ്രതിസന്ധിയുടെയും നിരാശയുടെയും ഘട്ടത്തിൽ ഒരു ഷെൽട്ടറിൽ അഭയം പ്രാപിച്ച ലിയാന്ദ്രോ, അവിടെ വെച്ച് ദൈവസ്നേഹത്തെയും ദൈവീക വചനങ്ങളെയും തിരിച്ചറിഞ്ഞു. ബ്രസീലിലെ ബാഗെയിലുള്ള ഒരു മുനിസിപ്പൽ ഷെൽട്ടറിൽ വ്ച്ച് ഒരു ഔട്ട്റീച്ച് ഗ്രൂപ്പിനെ കണ്ടുമുട്ടിയത് തന്റെ ജീവിതത്തിൽ വഴിത്തിരിവായി. അവർ ലിയാന്ദ്രോയെ ചേർത്തു പിടിച്ചു. തന്റെ സങ്കടങ്ങളും വേദനയും അവരുമായി താൻ പങ്കിട്ടു. പകരമായി അവർ മനുഷ്യന്റെ സകല പ്രശ്നങ്ങൾക്കും പരിഹാരകനായ ക്രിസ്തുവിനെ അവർ കാട്ടിക്കൊടുത്തു.

'നീ എന്തിനാണ് ഒളിക്കുന്നത്?' എന്ന ഒരു മൃദുവായ ചോദ്യം അവന്റെ ആത്മാവിനെ തൊട്ടുണർത്തി. താൻ സമൂഹത്തിൽ നിന്നും സ്വയം ഒളിക്കാനാണ് ടാറ്റൂകളാൽ ശരീരത്തെ മൂടിയതെന്ന് ആ തിരിച്ചറിവിലൂടെ അയാൾ മനസ്സിലാക്കി. ആ നിമിഷം ലിയാന്ദ്രോയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഉള്ളിലെ ഭാരവും വേദനയും ഒഴിഞ്ഞ് പോയി. അവിടെ ഒരു പുതിയ ലിയാന്ദ്രോ ജനിക്കുകയായിരുന്നു. പിറ്റേന്ന് രാവിലെ കണ്ണാടിയിൽ നോക്കിയപ്പോൾ, തന്റെ ശരീരത്തിലെ ആ ടാറ്റൂകൾക്ക് വലിയ ഭാരമുള്ളതായി അദ്ദേഹത്തിന് തോന്നി. അവയൊക്കെയും തന്റെ പഴയകാലത്തിന്റെ അടയാളങ്ങൾ മാത്രമാണെന്നും, ആ ജീവിതം അവസാനിച്ചുവെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. തുടർന്ന്, തന്റെ ശരീരത്തിലുണ്ടായിരുന്ന 180-ഓളം ടാറ്റൂകൾ ലേസർ ചികിത്സയിലൂടെ നീക്കം ചെയ്യാൻ അദ്ദേഹം തീരുമാനിച്ചു. പക്ഷേ അതത്ര എളുപ്പമായിരുന്നില്ല.

മുഖത്തും കഴുത്തിലും ആഴത്തിൽ പതിഞ്ഞ കറുത്ത മഷി ലേസർ ഉപയോഗിച്ച് നീക്കം ചെയ്യുക എന്നത് ടാറ്റൂ കുത്തിയതിനേക്കാൾ നൂറുമടങ്ങ് വേദനാജനകമായ പ്രക്രിയയാണ്. എങ്കിലും ആ വേദനയെല്ലാം ഒരു പുതിയ ജീവിതത്തിലേക്കുള്ള ശുദ്ധീകരണമായി അദ്ദേഹം കണക്കാക്കുന്നു. വർഷങ്ങളോളം വെളിച്ചം കാണാതെ മഷിക്കടിയിൽ ഒളിഞ്ഞിരുന്ന തന്റെ സ്വാഭാവിക ത്വക്ക് പതുക്കെ പുറത്തുവരുന്നതായി ലിയാന്ദ്രോ പറയുന്നു.മുഖത്തെയും ശരീരത്തെയും ടാറ്റൂകൾ നീക്കം ചെയ്യുന്നതിനായി ലിയാന്ദ്രോ ദീർഘവും വേദനാജനകവുമായ ലേസർ ചികിത്സകൾക്ക് വിധേയനാകുകയാണ് ഇപ്പോൾ.

ഷെൽട്ടറിലെ മാനസാന്തരത്തിന് ശേഷം 15 ദിവസത്തിനുള്ളിൽ അദ്ദേഹം സ്നാനമേറ്റു സഭയോട് ചേർന്നു. ഇന്ന് ബ്രസീലിലെ ഒരു പ്രമുഖ സുവിശേഷ വിഭാഗമായ ബാഗെയിലുള്ള അസംബ്ലിയ ഡി ഡ്യൂസ് ചർച്ചിൽ അദ്ദേഹം സജീവ അംഗമാണ്. മാത്രമല്ല, ശുശ്രൂഷയ്ക്കും മിഷനറി പ്രവർത്തനത്തിനുമുള്ള സ്കോളർഷിപ്പ് ലഭിച്ച ലിയാന്ദ്രോ, പെർണാംബുക്കോയിലെ ഒരു സെമിനാരിയിൽ ദൈവശാസ്ത്ര പഠനത്തിന് തയ്യാറെടുക്കുകയാണ്.

'എനിക്ക് അതിയായ സന്തോഷവുമുണ്ട്. നാല് വർഷങ്ങൾ കഴിഞ്ഞു, ഭാവി ദൈവത്തിന്റേതാണ്. അവൻ എന്നെ എവിടേക്ക് നയിച്ചാലും, ഞാൻ പോകാനാണ് ആഗ്രഹിക്കുന്നത് - ബ്രസീലിലോ ആഫ്രിക്കയിലോ അല്ലെങ്കിൽ കൂടുതൽ വിദൂര പ്രദേശങ്ങളിലോ ആകട്ടെ. മറ്റുള്ളവരെ സഹായിക്കാൻ ഞാൻ തയ്യാറാണ്,' ലിയാന്ദ്രോ പറയുന്നു. എത്ര വലിയ ഇരുണ്ട ലോകത്തുനിന്നും മനുഷ്യർക്ക് ദൈവത്തിന്റെ പ്രകാശത്തിലേക്ക് തിരിച്ചുവരാൻ സാധിക്കുമെന്നതിന്റെ വലിയൊരു മാതൃകയാണ് ലിയാന്ദ്രോ ഡിസൂസയുടെ ഈ ജീവിതയാത്ര.

മാറാനാഥ

വിലാപ വീഥിയിൽ സിറിയൻ ക്രൈസ്തവർ...പേജ് 5 ൽ നിന്ന്

യക്കാർ താമസിച്ചിരുന്നുവെന്ന് ആർച്ച് ബിഷപ്പ് പറഞ്ഞു.ആഭ്യന്തരയുദ്ധത്തിന് മുമ്പ് ഏകദേശം 2.2 ദശലക്ഷം ക്രിസ്ത്യാനികൾ സിറിയയിലുണ്ടായിരുന്നുവെന്ന് അംസിഹ് പറഞ്ഞു, അവരിൽ മൂന്നിൽ രണ്ട് ഭാഗവും രാജ്യം വിട്ടുപോയതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

‘വഴിയരികിൽ ക്രിസ്ത്യാനികളുടെ തലയറുത്ത മൃതദേഹങ്ങൾ നായ്ക്കൾ തിന്നുന്നത് ഞങ്ങൾ കണ്ടു, ‘ഞങ്ങളുടെ ഹൃദയത്തെ വേദനിപ്പിക്കുന്ന ഒരു ചിത്രം‘ എന്ന് ഞങ്ങൾ അതിനെ വിളിച്ചു. ഐ.എസ് ആക്രമണത്തിന് മുമ്പ് ടെൽ താലിൽ ഏകദേശം 400 താമസക്കാർ ഉണ്ടായിരുന്നു., ഇന്ന് ഏകദേശം 30 പേർ മാത്രം. മറ്റു പലരെയും പോലെ തന്റെ കുടുംബം എന്നെന്നേക്കുമായി പ്രദേശം വിട്ട് പോകാത്തത് ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ ശവകുടിരങ്ങളും ഞങ്ങളുടെ പ്രിയപ്പെട്ട രക്തസാക്ഷികളും ഇവിടെയുണ്ട്. ഇത് ഇത് ഞങ്ങളുടെ നാടാണ്.‘ ടെൽ താൽ നിവാസിയായ ഏലിയാസ് പറയുന്നു

ഐഎസ് കഥയുടെ ഒരു ഭാഗം മാത്രമായിരുന്നു

ഇസ്ലാമിക് സ്റ്റേറ്റും മറ്റ് തീവ്രവാദ സംഘടനകളും ക്രിസ്ത്യൻ സമൂഹങ്ങളിൽ അസാധാരണമായ ദുരിതം വരുത്തിവച്ചു. ക്രിസ്ത്യാനികളെ തട്ടിക്കൊണ്ടുപോകൽ, വധശിക്ഷ, ആരാധനാലയങ്ങൾ നശിപ്പിക്കൽ, നാടുകടത്തൽ, മതപരമായ സ്വത്വത്തിന് നേരെയുള്ള ഭീഷണികൾ എന്നിവ നേരിട്ടു. ഒപ്പം ആഭ്യന്തര യുദ്ധം സാധാരണ ജീവിതത്തെ കൂടുതൽ ദുഷ്കരമാക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിച്ചു. വൈദ്യുതി നിലച്ചു. അടിസ്ഥാന സൗകര്യങ്ങൾ വഷളായി. തൊഴിലുകൾ അപ്രത്യക്ഷമായി. ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിച്ചു. വീടുകൾ നശിപ്പിക്കപ്പെട്ടു. യുവാക്കൾക്ക് അവസരങ്ങൾ കുറഞ്ഞു. കുടുംബങ്ങൾ അതിർത്തികൾക്കപ്പുറം വേർപിരിഞ്ഞു. സാമ്പത്തിക തകർച്ചയാണ് ക്രിസ്ത്യാനികളെ പുറത്താക്കാൻ പ്രേരിപ്പിച്ചതെന്ന് ക്രിസ്ത്യൻ കൺസേൺ ആവർത്തിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. സിറിയയിലെ ക്രിസ്ത്യാനികളിൽ ഏകദേശം 80% പേർ കഴിഞ്ഞ രണ്ട് ദശകങ്ങളിലായി രാജ്യം വിട്ടുപോയതായി വിശ്വസിക്കപ്പെടുന്നു, ഇത് ഏകദേശം 200,000 ക്രിസ്ത്യൻ ജനസംഖ്യയെ അവശേഷിപ്പിച്ചു. ആരെങ്കിലും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതിന്റെ പേരിൽ പോകുന്നതിനും ദൈനംദിന ജീവിതം അസാധ്യമായതിനാൽ പോകുന്നതിനും ഇടയിൽ ഒരു പ്രധാന വ്യത്യാസമുണ്ട്, എന്നാൽ ക്രിസ്ത്യൻ സമൂഹങ്ങൾ ഇവ രണ്ടിനാലും രാജ്യം വിട്ടവരാണ്.

അസദിന്റെ പതനം

2024 ഡിസംബറിൽ സിറിയ വീണ്ടും മാറി. രണ്ട് പതിറ്റാണ്ടിലേറെ അധികാരത്തിലിരുന്ന ശേഷം, വിമതരുടെ ദ്രുതഗതിയിലുള്ള ആക്രമണത്തെത്തുടർന്ന് ബഷർ അൽ-അസദിന്റെ സർക്കാർ തകർന്നു. അസദ് രാജ്യം വിട്ട് പലായനം ചെയ്തു, സിറിയയുടെ പുതിയ രാഷ്ട്രീയ ക്രമത്തിന് പിന്നിലെ പ്രബല ശക്തിയായി ഹയാത്ത് തഹ്രീർ അൽ-ഷാം (എച്ച്ടിഎസ്) ഉയർന്നുവന്നു. പല സിറിയക്കാർക്കും, അസദിന്റെ പതനം ക്രൂരമായ ഒരു സ്വേച്ഛാധിപത്യ വ്യവസ്ഥയുടെ അവസാനകാലമായിരുന്നു. എന്നാൽ, ക്രിസ്ത്യാനികൾക്ക്, അത് അനിശ്ചിതത്വത്തിന്റെ മറ്റൊരു കാലഘട്ടത്തിനും വഴിയൊരുക്കി. ഇസ്ലാമിക തീവ്രവാദ പ്രസ്ഥാനത്തിൽ വേരുകളുള്ള എച്ച്.ടി.എസ്. മുമ്പ് അൽ-ഖയ്ദയുടെ സിറിയൻ ശാഖയുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ അധികാരം ഏറ്റെടുത്തതോടെ മതന്യൂനപക്ഷങ്ങൾക്കും പ്രീയരായി ഒരു മതേതരത്വ മുഖം ഉറപ്പാക്കാൻ അതിന്റെ നേതൃത്വം ശ്രമിച്ചു. വിമത സേന അലപ്പോയിൽ പ്രവേശിച്ചപ്പോൾ, പുതിയ ഭരണാധികാരിയായ അബു മുഹമ്മദ് അൽ-ജൊലാനി എന്നറിയപ്പെട്ടിരുന്ന അഹമ്മദ് അൽ-ഷറ മത വൈവിധ്യത്തിന് പ്രാധാന്യം നൽകുകയും ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ പോരാളികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തതായി ഐസിസി റിപ്പോർട്ട് ചെയ്തു .

അഹമ്മദ് അൽ-ഷറ

അഹമദ് അൽ ഷറയുടെ ഭരണത്തിൽ ആദ്യ കാല റിപ്പോർട്ടുകളിൻ പ്രകാരം ക്രിസ്ത്യൻ ആരാധനാലയങ്ങളും ക്രിസ്ത്യൻ ആഘോഷങ്ങളും ബഹുമാനിക്കപ്പെടുമെന്ന് ഉറപ്പുണ്ടായിരുന്നു. പുതിയ സിറിയ എന്തായിത്തീരുമെന്ന് കാണാൻ അവർ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചു. അസദിന്റെ പതനത്തിന് ഏതാനും ആഴ്ചകൾക്കുള്ളിൽ, മുഖംമൂടി ധരിച്ച ആളുകൾ ക്രിസ്ത്യൻ ഭൂരിപക്ഷ പട്ടണമായ അൽ-സുഖൈലബിയയിൽ ക്രിസ്ത്യൻ സമ്മേളനങ്ങളെ തടസ്സപ്പെടുത്തി. അതോടെ ക്രിസ്ത്യാനികൾ തെരുവിലിറങ്ങി പ്രതിഷേധിക്കേണ്ടി വന്നു. സിറിയൻ ക്രിസ്ത്യാനികൾ തങ്ങളെ അതിജീവിക്കാൻ അനുവദിക്കുമോ എന്ന് മാത്രമല്ല, പരസ്യമായി ക്രിസ്ത്യാനികളായി തുടരാൻ അനുവദിക്കുമോ എന്നു കൂടി ഭരണകൂടത്തോട് ചോദിക്കേണ്ടി വന്നു. ആറ് മാസത്തിന് ശേഷം മാർ ഏലിയാസ് ചർച്ചിൽ ഉണ്ടായ ഭീകരാക്രമണത്തോടെ ആ ചോദ്യം കൂടുതൽ ആവർത്തിച്ചു; ഞങ്ങളെ ക്രിസ്ത്യാനികളായി തുടരുവാൻ അനുവദിക്കുമോ?

2025 ജൂണിൽ ഡമാസ്കസിൽ നടന്ന ബോംബാക്രമണം വർഷങ്ങളായി സിറിയൻ ക്രിസ്ത്യാനികൾക്കെതിരെ നടന്ന് വരുന്ന ആക്രമണങ്ങളിൽ ഏറ്റവും മാരകമായിരുന്നു. പ്രാർത്ഥനയ്ക്കായി പള്ളിയിലേക്ക് പോയവർ ചിലർ ആംബുലൻസുകളിൽ ആശുപത്രികളിലേക്കാണ് മടങ്ങിയത്. മറ്റു ചിലർ ശവമഞ്ചങ്ങളിൽ സെമിത്തേരിയിലേക്കും!

സിറിയൻ ക്രൈസ്തവരുടെ ഭാവി

സിറിയയിൽ നിന്ന് ക്രിസ്തുമതം അപ്രത്യക്ഷമായിട്ടില്ല. ഡമാസ്കസിലും, അലപ്പോയിലും, മാലൂലയിലും, മറ്റിടങ്ങളിലും, ക്രിസ്ത്യാനികൾ ഇപ്പോഴും ആരാധനയ്ക്കായി ഒത്തു കൂടുന്നു. പുരോഹിതന്മാർ കുർബാന അർപ്പിക്കുന്നു. പാസ്റ്റർമാർ പ്രസംഗിക്കുന്നു. സുവിശേഷകർ തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്നു. ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് പള്ളികൾ ഭക്ഷണവും സഹായവും നൽകുന്നു. സ്നാനപ്പെടുത്തുന്നു. ക്രിസ്മസും ഈസ്റ്ററും ഇപ്പോഴും ആചരിക്കപ്പെടുന്നു. പക്ഷേ അതൊന്നും ആ പഴയ സിറിയൻ ക്രൈസ്തവ നിറവോളം എത്തുന്നില്ല.

പുരാതന പള്ളികൾ സംരക്ഷിക്കുക എന്ന ലക്ഷ്യം മാത്രമല്ല ,സിറിയയിലെ ക്രിസ്തുമതത്തിന്റെ നിലനിൽപ്പ്, ക്രിസ്ത്യാനികൾക്ക് അവരുടെ മാതൃരാജ്യത്ത് സുരക്ഷ, അന്തസ്സ്, സാമ്പത്തിക അവസരം, യഥാർത്ഥ മതസ്വാതന്ത്ര്യം എന്നിവയോടെ തുടരാനും പരിശ്രമിക്കുന്നു.

. വൈദ്യസഹായവും അവശ്യവസ്തുക്കളും നൽകുന്നതിലൂടെയും, വരുമാന അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും, ആഘാതമേറ്റ സമൂഹങ്ങളെ പരിപാലിച്ച് പള്ളികളെ സഹായിക്കുന്നതിലൂടെയും, അലപ്പോ, ഹോംസ് പോലുള്ള സ്ഥലങ്ങളിൽ പുനർനിർമ്മാണത്തിന് ക്രിസ്ത്യാനികളെ പിന്തുണക്കുന്നതിലൂടെയും ഇന്റർനാഷണൽ ക്രിസ്ത്യൻ കൺസേൺ തങ്ങളുടെ ലക്ഷ്യം നിറവേറ്റുന്നു. പക്ഷേ അതുകൊണ്ടായില്ല, ക്രൈസ്തവ സമൂഹത്തിന്റെ ഈറ്റില്ലമായ സിറിയയിലെ ക്രൈസ്തവ സാന്നിധ്യം നിലനിർത്തുവാൻ അന്താരാഷ്ട്ര ക്രിസ്ത്യൻ ഭരണകൂടങ്ങളുടെ ഇടപെടലും അന്താരാഷ്ട്ര ക്രിസ്ത്യൻ സമൂഹത്തിന്റെ സഹായവും പ്രാർത്ഥനയും ഏറെ അനിവാര്യമാണ്.

മാറാനാഥ

നിറതോക്കിനെ നിശബ്ദമാക്കിയ ദൈവ ശബ്ദം...

പേജ് 8 ൽ നിന്ന് തുടർച്ച...

ജോർജിന്റെ മനസ് നിറയെ. ഇവരെല്ലാം എന്തിനാണ് ഇവിടെ വരുന്നത്? സ്നേഹനിധിയായ ഒരു ദൈവത്തെക്കുറിച്ചുള്ള ഈ നുണകൾ അവർ എന്തിനാണ് പറയുന്നത് മറ്റുള്ളവരെ വിശ്വസിപ്പിക്കുന്നത്? ഇത് മാത്രമായിരുന്നു ജോർജിനെ അപ്പോൾ ഭരിച്ചിരുന്നത്. ഒരു ശാന്തമായ ശബ്ദം താൻ കേൾക്കുന്നതുവരെ ദൈവത്തോടുള്ള പൂർണ്ണമായ അവജ്ഞ അവനെ ബാധിച്ചിരുന്നു.

സ്റ്റേഡിയത്തിൽ ഡോ. ഗ്രഹാമിന്റെ സന്ദേശം മുഴങ്ങുകയാണ്.....പെട്ടെന്ന് തന്റെ പിന്നിലായി ഒരു ശബ്ദം താൻ കേട്ടു.

‘ജോർജ്ജ്, നീ ഇവിടെ എന്താണ് ചെയ്യുന്നത്?‘

അയാൾ ചുറ്റും നോക്കി. ക്രിക്കറ്റ് ഗ്രൗണ്ടിൽ തന്റെ സംഘാംഗങ്ങൾക്കല്ലാതെ ആർക്കും അവന്റെ പേര് അറിയില്ലായിരുന്നു, അവർ വളരെ പിന്നിലുമായിരുന്നു. പിന്നെ ആരാണത്? ചോദ്യം രണ്ടാമതും മൂന്നാമതും വന്നു. ജോർജ് ആരോടാണ് നീ പക വീട്ടാൻ ഒരുങ്ങുന്നത്?

‘ജോർജ്ജ്,‘ ആ ശബ്ദം പിന്നേയും പറയുന്നതായി തോന്നി. ‘നിന്നെയോ അമ്മയെയോ വേദനിപ്പിക്കാൻ വേണ്ടിയല്ല ഞാൻ നിന്റെ പിതാവിനെ കൊണ്ടുപോയത്. നിന്റെ പപ്പ വളരെ രോഗിയായതുകൊണ്ടാണ് ഞാൻ അവനെ കൊണ്ടുപോയത്. നിന്നെ ഒരിക്കലും വേദനിപ്പിക്കുന്ന ഒന്നും ഞാൻ ചെയ്തില്ല, കാരണം ഞാൻ നിന്നെ വളരെയധികം സ്നേഹിക്കുന്നു.‘ ജീവിതത്തിൽ ആദ്യമായി കേട്ട സാന്ത്വന വാക്കുകൾ!! ഉള്ളിന്റെ ഉള്ളിൽ എന്തോ ഒന്ന് പൊട്ടിത്തെറിച്ചു. മനസ് ആർദ്രമായി, അനുതാപ ചിന്തകൾ അവനെ പൊതിഞ്ഞു. കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകി അയാൾക്ക് ഒന്നും കാണാൻ കഴിയാതെയായി. ആ രാത്രി സമയം മുഴുവൻ, അവന്റെ മനസ്സിൽ പിന്നിട്ട ജീവിതത്തിലെ രംഗങ്ങൾ മിന്നിമറഞ്ഞു. പിന്നെയൊന്നും ചിന്തിച്ചില്ല, തന്റെ ആളുകളോട് വെടിവയ്ക്കാൻ ആംഗ്യം കാണിക്കുന്നതിന് പകരം, ജോർജ്ജ് തന്റെ പാപങ്ങൾക്ക് ക്ഷമ ചോദിക്കാൻ മുന്നോട്ട് ഓടി. അവന്റെ കൂട്ടാളികളായ സുഹൃത്തുക്കൾ അവന്റെ പിന്നിലുണ്ടായിരുന്നു.

‘ഞങ്ങൾ പത്ത് പേരിൽ ഒമ്പത് പേരും ആ രാത്രിയിൽ മാനസാന്തരപ്പെട്ടു,‘ അദ്ദേഹം പറയുന്നു. ‘അത് അത്ഭുതകരമായിരുന്നു.‘

അടുത്ത ദിവസം, വലിയ മാറ്റമാണ് തന്നിൽ സംഭവിച്ചിരിക്കുന്നതെന്ന് ജോർജ് മനസിലാക്കി. താൻ ചെയ്ത് കൂട്ടിയ തിന്മകൾക്കും ക്രൂരതകൾക്കും ഇരയായവരോട് ക്ഷമ ചോദിച്ച് നിരപ്പ് പ്രാപിക്കാൻ ദൈവാത്മാവ് തന്നെ നിർബന്ധിക്കാൻ തുടങ്ങി. താൻ കൈ പിടിച്ച് വച്ച് കാർ കയറ്റിയിറക്കിയ എതിരാളി സംഘത്തിന്റെ നേതാവിനോട് ക്ഷമ ചോദിക്കാൻ ദൈവം തന്നെ നയിക്കുന്നതായി ജോർജ്ജിന് തോന്നി. ജീവിതത്തിൽ ആദ്യമായി അയാൾ ഭയന്നു.

‘യേശുവെ, ഞാൻ അവിടെ പോയാൽ ആ ആൾ എന്നെ കൊല്ലും,‘ കർത്താവിനോട് പറഞ്ഞു. എന്നാൽ ദൈവാത്മാവ് നിർബന്ധിച്ചു ആ മനുഷ്യനെ തേടിപ്പോയി. അത്ഭുതമാണ് അവിടേയും സംഭവിച്ചത്. ഒരു നീണ്ട സംഭാഷണത്തിനുശേഷം, രണ്ടുപേരും അടുത്ത സുഹൃത്തുക്കളായി പിരിഞ്ഞു.

രണ്ടാം ദിവസം, ദൈവം തന്നെ ഒരു ക്രിസ്തീയ ശുശ്രൂഷയിലേക്ക് വിളിക്കുന്നതായി തനിക്ക് തോന്നി.



ജോർജ് പാർമറും ഭാര്യ ജൂഡിത്തും സാൽവേഷൻ ആർമി ശുശ്രൂഷാ കാലയളവിൽ

‘ ദൈവമേ, നീ തമാശ പറയുകയാണ്,‘ വെറും 4 അടി 11 ഇഞ്ച് ഉയരമുള്ള ജോർജ് പറഞ്ഞു. ‘എനിക്ക് പ്രസംഗപീഠത്തിന് മുകളിലൂടെ കാണാൻ പോലും കഴിയില്ല.‘ പക്ഷേ ജോർജിന്റെ മുടന്തൻ ന്യായങ്ങൾക്ക് മുന്നിൽ വിട്ട് കൊടുക്കാൻ ദൈവം തയാറായിരുന്നില്ല. ആ വർഷം തന്നെ ജോർജിന്റെ ശരീരത്തിലും ദൈവം ഒരത്ഭുതം ചെയ്തു. പത്തര ഇഞ്ച് നീളം കൂടി. ഒരു ഞായറാഴ്ച രാവിലെ, ജോർജ്ജ് സൈക്കിൾ ചവിട്ടി തനിക്കറിയാവുന്ന, കുടുംബാംഗങ്ങൾ പങ്കെടുക്കുന്ന് സാൽവേഷൻ ആർമി പള്ളിയിലേക്ക് പോയി. വർഷങ്ങൾക്ക് മുമ്പ് പരിചയമുള്ള ഒരു വൃദ്ധൻ വാതിൽക്കൽ വെച്ച് അദ്ദേഹത്തെ കണ്ടുമുട്ടി. ആ മനുഷ്യൻ ജോർജിനെ കെട്ടിപ്പിടിച്ച് പറഞ്ഞു, “ഞാൻ നിങ്ങൾക്കുവേണ്ടി വർഷങ്ങളായി പ്രാർത്ഥിക്കുകയായിരുന്നു.” അവർ ഒരുമിച്ച് കരഞ്ഞു.

താമസിയാതെ, ചർച്ച് മെമ്പറായ ജൂഡിത്ത് എന്ന യുവതി ജോർജുമായി സംസാരിക്കാൻ തുടങ്ങി. രണ്ടാഴ്ച കഴിഞ്ഞപ്പോൾ, അവർ ഹൃദയം തുറന്ന് സംസാരിച്ചു. 14 വയസ്സ് മുതൽ ഒരു സുവിശേഷകയാകാൻ വിളിക്കപ്പെട്ട വനിതയായിരുന്നു അത്. താമസിയാതെ, ദൈവം തന്നേയും വിളിക്കുന്നതും അവിടുത്തെ ശുശ്രൂഷകനാകാനാണെന്ന് ജോർജും വ്യക്തമായി മനസിലാക്കി. 1964-ൽ അവർ വിവാഹിതരായി, 1965-ൽ സഭയുടെ വേദപരിശീലനത്തിനായി പോയി, 1967-ൽ സാൽവേഷൻ ആർമി ശുശ്രൂഷകരായി അവരിരുവരും ചുമതലയേറ്റു. വിരമിക്കുന്നതിന് മുമ്പ് വിക്ടോറിയ, ടാസ്മാനിയ, സൗത്ത് ഓസ്ട്രേലിയ, വെസ്റ്റ് ഓസ്ട്രേലിയ എന്നിവിടങ്ങളിൽ ശുഷ്ക്കാന്തിയോടെ കർത്യവേലയിൽ ഒരുമിച്ച് പ്രവർത്തിച്ചു. അവർ മൂന്ന് ആൺമക്കളെ വളർത്തി, ഇപ്പോൾ അവർക്ക് എട്ട് പേരക്കുട്ടികളുണ്ട്, അവരെല്ലാം കർത്താവിനെ സേവിക്കുന്നു.

“ഞങ്ങളുടെ ശുശ്രൂഷയിൽ വളരെയധികം ആളുകൾ കർത്താവിലേക്ക് വരുന്നത് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു,” ജോർജ് പറഞ്ഞു. “ബില്ലി ഗ്രഹാം ഇല്ലായിരുന്നെങ്കിൽ, ഞാൻ ഇന്ന് ജീവിച്ചിരിക്കുമായിരുന്നില്ല എന്ന് ഞാൻ കരുതുന്നു. എന്റെ പിതാവ് മരിച്ചപ്പോൾ ഞാൻ അനാഥനായെന്ന് ചിന്തിച്ചു. പക്ഷേ അപ്പോൾ മുതൽ ദൈവം എന്റെ കരം പിടിച്ചിരുന്നു. ഇല്ലായിരുന്നുയെങ്കിൽ ഞാൻ കൊല്ലപ്പെടുകയോ, ഏതെങ്കിലും വിധത്തിൽ ഇല്ലാതായി തീരുകയോ ചെയ്യുമായിരുന്നു. ഇന്ന് ദൈവം എന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നത് എനിക്ക് കാണാൻ കഴിയും. ആ വെറുപ്പിനെയെല്ലാം മറികടന്ന് ദൈവം എന്നെ വിജയിപ്പിച്ചു. ഞാൻ അവന് എല്ലാ മഹത്വവും നൽകുന്നു.” ജോർജ് പാർമർ പറഞ്ഞ് നിർത്തുന്നു. **മാറാനാഥ**

HOW TO OBTAIN HOLINESS

Holiness is obtained by faith, Peter tells us that the Holy Ghost is given through faith. "And God, which knoweth the hearts, bare them witness, giving them the Holy Spirit, even as he did unto us;
and put no difference between us and them, purifying their hearts by faith" Acts 15:8,9. St. Paul also declares the experience is received by faith. While it is true that we are sanctified by faith, many have overlooked the fact that there are conditions to be met in order to exercise the faith that brings the victory. It is absolutely required that we be justified freely, saved from all sin, and adopted into the family of God. When the seeker for heart purity is not making progress, it is evident that there is something wrong with his experience. He is either back backslidden in heart, or he has never been converted. To all such seekers we invite your careful and prayerful consideration to the following scriptural evidences of a justified life.
1. The Soul has peace with God. Rom. 5:1
2. Does not commit sin. 1 JOHN 3:9
3. Overcometh the world. 1 John 5:4
4. Walks as He walked. 1 John 2:6
5. Loves the brethren. 1 John 3:14
6. Hath the witness in himself. 1 John 5;10.
So the soul that is clearly justified has peace with God; is saved from all sin; overcomes the world instead of the world overcoming him. He knows he is saved because he loves the brethren, and the witness in himself that he is born of God. We must be fully consecrated, entirely given up to God, all there is of us. The "carnal mind" or the "old man" can only be gotten rid of by crucifixion. "knowing this, that our old man is crucified with him, that the body of sin might be destroyed, that henceforth we should not serve sin" Rom. 6:6. We cannot kill the "old man of sin" - only in the sense that we can confess the



"THE WAY TO AN "EASY" LIFE"

Pastor K. V. Kuruvilla,Chicago.

carnal mind, renounce it, cry out to God with all our soul, "Away with it, let it be crucified."

When the Holy Spirit brings to view the "old man", confess and renounce him and all his traits as the Holy Ghost reveals them to you: lust, envy, pride, jealousy, covetousness, love of praise, unholy ambition, self-will, and the rest of the brood as revealed to you, and then you will have the faith which brings complete deliverance and victory. We do not have to tease God to sanctify us when the conditions are fully met. Neither will we have to urge seekers much to believe, for when they get the light and feel the depths of carnality and have unreservedly handed all over to God, they cannot but have faith in God, and the faith brings the victory. The soul is made pure; the fleshly lusts that war against the soul have been washed away. No more inward stirrings or uprisings. The peace of God takes the place of the angry turmoil. You will then have constant peace, purity, and power while you walk in the light and obey God. No one can retain justification, only as he walks in the light. Light comes through the Word. The Word of God demands holiness (Lev. 19:2; 1 Peter 1:15-16; 1 Thess. 4:7). Jesus suffered and shed His precious Blood that we might be justified freely and sanctified; the Holy Ghost will witness to your soul (Heb. 10:14-19; Acts 15:8-9). Holiness is necessary: for without holiness no man shall see the Lord (Heb. 12:14; Matt. 5:8; Eph. 5:5; 2 Cor. 7:1). Wesley says, "We must either be in possession of this high state of grace or be pressing after it if we would retain the favor of God and be certain of heaven." It being a fact that God demands holiness. Jesus shed His Blood that you might obtain the experience, or you will not see God. Jesus said, "Blessed are the pure in heart; for they shall see God." Remember, Holiness is not a state of freedom from infirmities. It does not produce a perfect head, but rather a perfect heart!

MARRIAGE:
A DIVINE INSTITUTION WITH DIVINE REQUIREMENTS



Dr. Jiji Paul

Marriage is not a human invention but a sacred institution established by God himself. Since God is a perfect being and in His perfect wisdom and purpose, everything He ordains reflects perfection in nature. Marriage is not merely a social contract but a divine covenant. God designed marriage for companionship, mutual support, the nurturing of future generations, and the reflection of His covenant relationship with His people. While marriage is God's perfect institution, a successful and godly marriage does not happen automatically. The scripture teaches that it flourishes when it is built upon certain divine provisions and principles.

1. Marriage requires God's special call:

"... God has called us to live in peace."1 Cor 7:15.
First Corinthians 7 is one of the most important chapters in the Bible concerning marriage. In this chapter, the Apostle Paul discusses both the principles and responsibilities of married life. While addressing the subject of marriage he does talk about the call for marriage. Indeed, marriage is not merely a personal choice or social arrangement, it is a divine calling. Just as God calls individuals to salvation and discipleship, and just as He calls some to serve as ministers of the Gospel, He also calls many to the sacred vocation of married life. Marriage is therefore more than a relationship, it is a God given responsibility and commitment to be lived according to His purpose.
The above scripture also teaches that believers' marriages are governed by God's peace and will not be controlled by bitterness, pride, or constant strife. Instead, it will be characterized by forgiveness, patience and unity.

2. Marriage requires God's special gift:

"...but each of you has your own gift from God; one has this gift, another has that". 1 Cor 7:7.
The above verse also reveals a sacred truth about marriage, entering into marriage requires a special gift from God. While the Apostle Paul doctrinally explains the subjects of marriage and singleness, he emphasizes that each person must have a special gift from God to get married (7:7). In other words, just as a life of celibacy requires a special gift from God, a successful married life requires God's unique gift. Marriage brings with it sacred responsibilities, challenges and commitments that cannot be fulfilled by human knowledge and strength alone. Therefore, husbands and wives must depend upon God's empowering grace, recognizing that the ability to live faithfully and fruitfully in marriage comes from Him. Through His gift, couples are enabled to abide in love, serve, forgive, and remain devoted to one another according to His divine purpose.

3. Marriage requires a prayer-centered life:

"... that you may devote yourselves to prayer". 1 Cor 7:5.
This verse highlights the importance of prayer. Prayer is one of the greatest safeguards of a Christian marriage. A couple that seeks God together develops spiritual intimacy that strengthens every other aspect of their relationship.
Prayer invites God's presence into the home, strengthens the bond between husband and wife and provides protection against temptation, division and spiritual attacks. A praying couple becomes a stronger couple.

4. Marriage requires God's special favour:

"He who finds a wife finds what is good and receives favour from the Lord. Pro 18:22.
A successful marriage is ultimately a manifestation of God's grace and favour. Finding a godly spouse is not merely a matter of personal achievement; it is an expression of God's gracious blessing (Pro 18:22).
The blessing of marriage is an evidence of God's favour and kindness. When husbands and wives recognize that their union is sustained by divine favour, they cultivate gratitude, humility and dependence upon God. His favour enables them to endure difficulties and enjoy the blessings of covenant life together.

5. Marriage requires a holy life style:

"...I will conduct the affairs of my house with a blameless heart." Ps 101:2.
King David understood that the home should be adorned with holiness. A godly marriage is strengthened when husbands and wives cultivate integrity, faithfulness, purity of heart and devotion to God. As they seek to honour the Lord in their daily conduct, their home becomes a miniature heaven on earth.
A Christian marriage flourishes when both husband and wife pursue a life of holiness. Since marriage is God's sacred institution, it must be nurtured in an atmosphere of godliness, purity and obedience to His word. Where God's holiness is honoured, His presence brings joy, peace and spiritual harmony into the home.

ഹൈബ്രിഡീസിന്റെ ഉണർവ്വ് ...പേജ് 6 ൽ നിന്ന്

പക്ഷേ ദ്വീപിലെ പുതിയ ഉണർവ്വിനെതിരെ ദ്വീപിൽ ശക്തരായ പ്രസ്ബിറ്റേറിയൻ സഭക്കാരിൽ നിന്ന് തന്നെ വലിയ എതിർപ്പ് ദ്വീപിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നിരുന്നു. പക്ഷേ ദൈത്തിന്റെ പരിശുദ്ധാത്മാവ് ജീവിതങ്ങളെ ശക്തമായി തൊട്ടിരുന്നതിനാൽ ആ എതിർപ്പുകളൊക്കെ അലിഞ്ഞ് പോയി.

ഒരു വൈകുന്നേരം, രാത്രി 10:45 ഓടെ സ്ഥലത്തെ പ്രസ്ബിറ്റേറിയൻ പള്ളിയിലെ ഒരു ശുശ്രൂഷ അവസാനിച്ചപ്പോൾ, അപ്രതീക്ഷിതമായി വലിയൊരു ജനക്കൂട്ടം പള്ളിക്ക് പുറത്ത് തടിച്ചുകൂടാൻ തുടങ്ങി. പള്ളിയിൽ എന്തോ അസാധാരണമായത് സംഭവിക്കുന്നുയെന്ന് കേട്ടാണ് അവർ വന്നത്. പലരും അടുത്തുള്ള ഒരു നൃത്തശാലയിൽ നിന്നാണ് വന്നത്. പക്ഷേ അവർ പിന്നീട് വിനോദം അന്വേഷിച്ചില്ല.തങ്ങളുടെ പാപത്തെക്കുറിച്ച് അവർക്ക് കുറ്റ ബോധം തോന്നിയതിനാലും ദൈവത്തെ അന്വേഷിക്കാൻ ആഗ്ര ഹിച്ചതിനാലുമാണ് അത് സംഭവിച്ചത്.

ഒരു മൂപ്പന്റെ വീട്ടിൽ ഒരു സായാഹ ത്തിൽ കാത്തിരിപ്പ് യോഗം നടക്കുകയാണ്. രാത്രി ഏറെ വൈകി. സുവിശേഷകൻ ഡങ്കൻ ആ പ്രദേശത്തുള്ള ഒരു കൗമാരക്കാരന്റെ നേരെ തിരിഞ്ഞു: "ജോൺ, നിങ്ങൾ പ്രാർത്ഥിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.'' കേൾക്കേണ്ട താമസം ജോൺ പ്രാർത്ഥിക്കാൻ എഴുന്നേറ്റു. പ്രാർത്ഥനയുടെ മധ്യത്തിൽ അവൻ താൽക്കാലികമായി നിർത്തി വലതു കൈ സ്വർഗത്തിലേക്ക് ഉയർത്തി പറഞ്ഞു: "ദൈവമേ, ദാഹിച്ചിരിക്കുന്നവന്റെ മേൽ ജലവും വരണ്ട നിലത്ത് നീരൊഴുക്കും പകരാമെന്ന് അങ്ങ് പറഞ്ഞു. ഞങ്ങൾ ദാഹത്തോടെ കാത്തിരിക്കുന്നു; കർത്താവേ, അത് സംഭവിക്കുന്നില്ല.' അവൻ വീണ്ടും തുടർന്നു: "കർത്താവേ, ഇവിടെയുള്ള മറ്റുള്ളവർ അവിടുത്തെ സന്നിധിയിൽ എങ്ങനെ നിൽക്കുന്നുവെന്ന് എനിക്കറിയില്ല; ശുശ്രൂഷകർ എങ്ങനെ നില കൊള്ളുന്നുവെന്ന് എനിക്കറിയില്ല, പക്ഷേ, കർത്താവേ, ഞാൻ ഒരു ശൂന്യമായ പാത്രമായി നിന്റെ മുമ്പാകെ നിൽക്കുന്നു, അങ്ങയുടെ ആത്മശക്തി വെളിപ്പെടുത്തേണമേ.... ഒരു നിമിഷം അവർ ഇരിക്കുന്ന സ്ഥലം കുലുങ്ങിയതായി, വീട് ഇളകിയതായി അവിടെയുണ്ടായിരുന്ന പലരും സാക്ഷ്യം വഹിച്ചു. പരിശുദ്ധാത്മാവിന്റെ കൊടിയകാറ്റ് ആ കെട്ടിടത്തെ നിറച്ചു. യുവാക്കൾ ആത്മലഹരിയിലായി. ഡങ്കന്റെ അരികിൽ നിൽക്കുകയായിരുന്ന ശുശ്രൂഷകൻ പറഞ്ഞു: "മിസ്റ്റർ. ക്യാമ്പ്ബെൽ, ഭൂചലനം സംഭവിക്കുന്നു! ' അപ്പോസ്തലന്മാരുടെ കാലത്ത് അവർ മാളികമുറിയിൽ കൂടിയിരുന്നപ്പോൾ സംഭവിച്ചത് ഇവിടേയും സംഭവിക്കുകയാണെന്ന് സുവി. ഡങ്കൻ മനസിലാക്കി. യോഗത്തിലുണ്ടായിരുന്നവർ പറഞ്ഞത്: യുവ ഡീക്കൻ ആഴമായ ആത്മീയ ഭാരത്തിൽ വീണു എന്നാണ്, മൂപ്പന്മാർക്ക് എന്തോ കാര്യമായ മാറ്റം സംഭവിച്ചതായി തോന്നി. താമസിയാതെ നിയന്ത്രിക്കാനാകാത്ത നിലയിൽ ജനങ്ങളിൽ ഒരു ആത്മീയ ആവേശം പ്രകടമായി.

ഒരു വൈകുന്നേരം, രാത്രി 10:45 ഓടെ സ്ഥലത്തെ പ്രസ്ബിറ്റേറിയൻ പള്ളിയിലെ ഒരു ശുശ്രൂഷ അവസാനിച്ചപ്പോൾ, അപ്രതീക്ഷിതമായി വലിയൊരു ജനക്കൂട്ടം പള്ളിക്ക് പുറത്ത് തടിച്ചുകൂടാൻ തുടങ്ങി. പള്ളിയിൽ എന്തോ അസാധാരണമായത് സംഭവിക്കുന്നുയെന്ന് കേട്ടാണ് അവർ വന്നത്. പലരും അടുത്തുള്ള ഒരു നൃത്തശാലയിൽ നിന്നാണ് വന്നത്. പക്ഷേ അവർ പിന്നീട് വിനോദം അന്വേഷിച്ചില്ല.തങ്ങളുടെ പാപത്തെക്കുറിച്ച് അവർക്ക് കുറ്റബോധം തോന്നിയതിനാലും ദൈവത്തെ അന്വേഷിക്കാൻ ആഗ്രഹിച്ചതിനാലുമാണ് അത് സംഭവിച്ചത്. ഡങ്കൻ കാംബെല്ലിന്റെ വിവരണമനുസരിച്ച്, സ്ഥലത്തെത്തിയ ഒരു പ്രാദേശിക പോലീസ് ഉദ്യോഗസ്ഥൻ അദ്ദേഹത്തോട് പറഞ്ഞു, 'മിസ്റ്റർ കാംബെൽ, അസാധാരണമായ എന്തോ സംഭവിക്കുന്നു. എല്ലായിടത്തും ദൈവത്തോട് നിലവിളിക്കുന്ന ആളുകൾ ഉണ്ട്.' തുടർന്നുള്ള മണിക്കൂറുകളിൽ നൂറുകണക്കിന് ആളുകൾ തെരുവുകളിൽ നിറഞ്ഞു. ദൈവത്തെ അന്വേഷിക്കാൻ ആളുകൾ ഒത്തുകൂടിയതിനാൽ രാത്രി വൈകിയും പ്രാർത്ഥനാ യോഗങ്ങൾ തുടർന്നു.

തുടർന്നുള്ള മാസങ്ങളിൽ, ലൂയിസ് ദ്വീപിലെ സമൂഹങ്ങളിൽ ആത്മീയ ഉണർവ് വ്യാപിച്ചു. പള്ളികൾ തിങ്ങിനിറഞ്ഞു, പ്രാർത്ഥനാ സമ്മേളനങ്ങൾ വർദ്ധിച്ചു, നിരവധി ആളുകൾ ക്രിസ്തുവിൽ വിശ്വസിച്ചു. ഇന്ന് ചരിത്രകാരന്മാർ ഇതിനെ ഹെബ്രൈഡ്സ് ഉണർവ്വ് എന്നാണ് വിളിക്കുന്നത്... ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും ശക്തമായ ആത്മീയ ഉണർവുകളിൽ ഒന്ന്. ചരിത്രത്തിലുടനീളമുള്ള നിരവധി പുനരുജ്ജീവനങ്ങൾ ആരംഭിച്ച അതേ രീതിയിലാണ് ഇത് ആരംഭിച്ചത്: ലൂയീസിന്റെ തീരത്തുള്ള ബെർണറെ എന്ന ഗ്രാമത്തിലായിരുന്നു ആ സംഭവം. അതിന് ശേഷം അനേകം ചെറുപ്പക്കാർ പരിശുദ്ധാത്മ പ്രകടനത്തിന്റെ പ്രത്യക്ഷ സാക്ഷികളായി മാറി. ആൺകുട്ടികളും പെൺകുട്ടികളും ദർശനങ്ങളും വെളിപ്പാടുകളും കണ്ടു. മരണനിഴലിൽ താഴ്വരകളിലൂടെ കടന്ന് പോകുന്ന ജീവിതങ്ങളെ വെളിപ്പാടിനാൽ കടന്ന് പോയി സന്ദർശിച്ച് ജീവനിലേക്ക് നടത്തി. കൗമാരക്കാരേയും യുവതികളേയും യുവാക്കളേയുമായിരുന്നു ദൈവം ഏറെയും സന്ദർശിച്ചത്. അവർ ഉണർവ്വിന്റെ ജ്വാലയ്ക്ക് ആക്കം കൂട്ടി സുവി. ഡങ്കൻ കാം ബെൽ അതിനെല്ലാം മുൻനിരയിൽ നിന്ന് തന്നെ പ്രവർത്തിച്ചു. ദ്വീപുകളിൽ കരിസ്മാറ്റിക് -പെന്തക്കോസ്ത് കൂട്ടായ്മകൾ സജീവമായി. ഉൾക്കാഴ്ച കൊണ്ട് ദൈവത്തിന്റെ വാഗ്ദത്തങ്ങളെ മുറുകിപ്പിടിച്ച് പ്രാർത്ഥിച്ച പെഗ്ഗി, ക്രിസ്റ്റിൻ എന്നീ വയോധിക സഹോദരിമാരെയാണ് ഈ മഹാദൗത്യത്തിനായി ദൈവം ഉപയോഗിച്ചത് എന്നത് ഇന്നും ഒരത്ഭുതമാണ്. പ്രതിസന്ധികളല്ല, ഏറ്റെടുക്കാനുള്ള വൈമുഖ്യമാണ് ദൈവവേലയ്ക്ക് തടസ്സമായി തീരുന്നതെന്ന് ഹൈബ്രിഡീസ് ദ്വീപ് സമൂഹത്തിലെ ഈ സംഭവം വ്യക്തമാക്കുന്നു. **മാറാനാഥ**

ഉഗാണ്ടയിൽ ക്രിസ്തു വിശ്വാസം ...പേജ് 4 ൽ നിന്ന്

ട്ടികൾ ഉണർന്നു. നിലവിളിച്ച് കൊണ്ട് പുറത്തേക്ക് ഓടി. അവർ കഷ്ടിച്ചു രക്ഷപെടുകയായിരുന്നു.

'ഞങ്ങളുടെ ജീവൻ അപകടത്തിലാണെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. ഞങ്ങൾ വീടിന്റെ ഇഷ്ടിക നീക്കം ചെയ്ത് ആ ദ്വാരത്തിലൂടെ രക്ഷപെടുകയായിരുന്നു. കടുത്ത തീയും പുകയും ഇരുട്ട് നിറഞ്ഞ അന്തരീക്ഷവും ആദ്യം ഞങ്ങളെ തളർത്തിയെങ്കിലും ദൈവത്തിൽ ആശ്രയിച്ച് കൊണ്ട് ഞങ്ങൾ ഇഷ്ടിക ഇളക്കി മാറ്റി പുറത്തേക്ക് വരികയായിരുന്നു. ആ ഭീകര രാത്രിയിൽ ജീവനോടെ പുറത്തേക്കു കടക്കാൻ ഒരു വഴി കാണിച്ചതിനു ദൈവത്തിനു നന്ദി.... ഷമീല പറഞ്ഞു. അവരുടെ വീട് കത്തിയമർന്നു. സാധന സാമഗ്രികൾ കത്തിനശിച്ചു. തീപിടുത്തത്തിനുശേഷം തന്റെയും സഹോദരിയുടെയും വിശ്വാസം മുമ്പത്തേക്കാൾ കൂടുതൽ ശക്തമായി എന്ന് ആമിന സാക്ഷീകരിക്കുന്നു.

" ഞങ്ങളുടെ അഭയ കേന്ദ്രം തീ വിഴുങ്ങിക്കളഞ്ഞു. പക്ഷെ യേശുക്രിസ്തുവിലുള്ള ഞങ്ങളുടെ വിശ്വാസവും പ്രത്യാശയും തീ ദഹിപ്പിച്ചില്ല" ഷമീലയും ആമിനയും പ്രത്യാശയോടെ പറയുന്നു. സംഭവത്തിനു പിന്നാലെ അയൽക്കാരായ ക്രിസ്ത്യാനികൾ തങ്ങളെ സഹായിക്കാനായി എത്തിയതായും ഇരുവരും മാധ്യമങ്ങളോട് പറഞ്ഞു.

സ്ത്രീകൾ പാസ്റ്റർ ആകുവാൻ ബൈബിൾ .... പേജ് 7 ൽ നിന്ന്

തൊരു സ്ത്രീയുടെ കൈ ആയിരുന്നു അവൻ രക്ഷ പ്രാപിച്ചു. കൈ ആരുടേതോ ആയിക്കൊള്ളട്ടെ മനുഷ്യർ രക്ഷപ്പെടുക എന്നുള്ളതാണ് പ്രധാനം.

ശിഷ്യന്മാർ പേടിച്ചരണ്ട് ഭയന്നു വിറച്ച് ഒളിച്ചിരിക്കുമ്പോൾ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നുള്ള സന്ദേശം ശിഷ്യന്മാർക്കും ലോകത്തിനും വെളിപ്പെടുത്തുവാൻ ദൈവം ഒരു സ്ത്രീയെ ആണ് നിയോഗിച്ചത്.

ഉയിർത്തെഴുന്നേറ്റ യേശു ആദ്യം പ്രത്യക്ഷപ്പെട്ടത് മഗ്ദലന മറിയയ്ക്കാണ്.

'യേശു അവളോടു: സ്ത്രീയേ, നീ കരയുന്നതു എന്തു? ആരെ തിരയുന്നു എന്നു ചോദിച്ചു. അവൻ തോട്ടക്കാരൻ എന്നു നിരൂപിച്ചിട്ടു അവൾ: യജമാനനേ, നീ അവനെ എടുത്തുകൊണ്ടു പോയി എങ്കിൽ അവനെ എവിടെ വെച്ചു എന്നു പറഞ്ഞു തരിക; ഞാൻ അവനെ എടുത്തു കൊണ്ടുപൊയ്ക്കൊള്ളാം എന്നു അവനോടു പറഞ്ഞു. യേശു അവളോടു: മറിയയേ, എന്നു പറഞ്ഞു. അവൾ തിരിഞ്ഞു എബ്രായഭാഷയിൽ: റബ്ബൂനി എന്നു പറഞ്ഞു; അതിന്നു ഗുരു എന്നർത്ഥം. യേശു അവളോടു: എന്നെ തൊടരുതു; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു: എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു അവരോടു പറക എന്നു പറഞ്ഞു. മഗ്ദലക്കാരത്തി മറിയ വന്നു താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരോടു അറിയിച്ചു. (യോഹന്നാൻ 20:15-18)

പെന്തക്കൊസ്തു നാൾ വന്നപ്പോൾ കൂടിയിരുന്ന 120 പേരുടെ കൂട്ടത്തിൽ അനവധി സ്ത്രീകളും ഉണ്ടായിരുന്നു. എല്ലാവരുടെ മേലും പരിശുദ്ധാത്മാവു വന്നു എല്ലാവരും അന്യഭാഷയിൽ സംസാരിച്ചു ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിച്ചു.സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരന്മാരോടും കൂടെ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചു പോന്നു. (അപ്പോസ്തല പ്രവർത്തികൾ: 1:14)

'പെന്തെക്കൊസ്തനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു.

പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്നാവുകൾ അവർക്കു പ്രത്യക്ഷമായി. അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. (അപ്പോസ്തല പ്രവർത്തികൾ 2:1 4).

'യേശുവിന്റെ വംശാവലിയിൽ താമാർ, രാഹാബ്, രൂത്ത് എന്നീ 3 സ്ത്രീകൾ വരുവാൻ ഇടയായി (മത്തായി; 1:5)

എലീശബെത്ത് പ്രവചിച്ചു, മറിയ പ്രവചിച്ചു

1 കൊരിന്ത്യർ 11:11 *ക്രിസ്തുവിൽ സ്ത്രീയെ കൂടാതെ പുരുഷനുമില്ല പുരുഷനെക്കൂടാതെ സ്ത്രീയുമില്ല.*

ദെബോര പവചകി ആയിരുന്നു, ന്യായപാലനം ചെയ്തു. എന്നാൽ പുരോഹിത ശുശ്രൂഷ ചെയ്തില്ല.

'ആ കാലത്തു ലപ്പീദോത്തിന്റെ ഭാര്യയായ ദെബോരാ എന്ന പ്രവാചകി യിസ്രായേലിൽ ന്യായപാലനം ചെയ്തു.അവൾ എഫ്രയീം പർവ്വതത്തിൽ രാമെക്കും ബേഥേലിന്നും മദ്ധ്യേയുള്ള ദെബോരയുടെ ഈന്തപ്പനയുടെ കീഴിൽ പാർത്തിരുന്നു; യിസ്രായേൽമക്കൾ ന്യായവിസ്താരത്തിന്നു അവളുടെ അടുക്കൽ ചെല്ലുക പതിവായിരുന്നു. 'ഉണരുക, ഉണരുക, ദെബോരയേ, ഉണരുക, ഉണർന്നു, പാട്ടുപാടുക. എഴുന്നേൽക്ക, ബാരാക്കേ, അബീനോവാത്മജാ. നിന്റെ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോക. *(ന്യായാധിപന്മാർ 4:4, 5:12)*

കെംക്രെയ സഭയിലെ ശുശ്രൂഷക്കാരത്തി ആയിരുന്നു സഹോദരി ഫേബ (റോമൻസ് 16:1) ശുശ്രൂഷക്കാരത്തി എന്നതിന് deacon/servant എന്ന പദമാണ് കൊടുത്തിരിക്കുന്നത്

Is deacon and pastor are the same? No, a deacon and a pastor are not the same; a pastor is a spiritual leader with teaching and oversight responsibilities, while a deacon is an appointed assistant focused on practical service.

പുരുഷന്മാർക്ക് കടന്നു ചെല്ലാൻ പറ്റാത്ത ഇടങ്ങളിൽ അഥവാ സ്ത്രീകൾക്കു മാത്രം പ്രവേശനമുള്ള ഇടങ്ങളുണ്ട്. അവിടെ സ്ത്രീകൾക്ക് കൂട്ടായ്മകൾ നടത്തുവാനും, Prayer Cells തുടങ്ങുവാനും, meetings ലീഡ് ചെയ്യുവാനും കഴിയും. അങ്ങനെ സുവിശേഷ ഘോഷണത്തിൽ പങ്കാളികൾ ആകാം.

അപ്പോൾ പ്രധാനപ്പെട്ട ചോദ്യം സ്ത്രീകൾക്ക് സഭയുടെ പാസ്റ്റർ ആകുവാൻ കഴിയില്ലേ ?

ഉത്തരം ഇല്ല എന്നാണ്. കാരണം ദൈവ വചനം അതു അനുവദിക്കുന്നില്ല എന്നുള്ളതുകൊണ്ടാണ്.

അപ്പോസ്തലനായ പൗലോസ് സഭയുടെ അധ്യക്ഷസ്ഥാനം സ്ത്രീകൾക്കു നൽകുന്നില്ല.

'എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം.

മദ്യപ്രിയനും തല്ലുകാരനും അരുതു; ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൌരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം. സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും?

അവണ്ണം ശുശ്രൂഷകന്മാർ ഘനശാലികളായിരിക്കേണം; ഇരുവാക്കുകാരും മദ്യപന്മാരും ദുർല്ലാഭമോഹികളും അരുതു.

ശുശ്രൂഷകന്മാർ ഏകഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്തകുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കേണം. (1 തിമൊഥെയൊസ് 3:2-12)

'നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നേ, ഇരട്ടി മാനത്തിന്നു യോഗ്യരായി എണ്ണുക' (1തിമൊഥെയൊസ് 5:17)

'സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവരെ അറിഞ്ഞു അവരുടെ വേലനിമിത്തം' (1 തെസ്സലൊനീക്യർ 5:12).

സഭയുടെ പാസ്റ്റർ ശുശ്രൂഷകൻ മാത്രമല്ല, സഭയെ അച്ചടക്കത്തിൽ നന്നായി ഭരിക്കുകയും ചെയ്യുന്ന വ്യക്തിയാണ്. പുരുഷന്മാരുടെമേൽ കർത്തൃത്വം നടത്തുവാൻ (ഭരിക്കുവാൻ) സ്ത്രീകൾക്കു അനുവാദമില്ല. തർജ്ജനം ചെയ്യണം, ശാസിക്കണം, പുറത്താകേണ്ടവരെ പുറത്താക്കണം ഇതൊക്കെ അധികാരത്തിന്റെ ഭാഗമാണ്. സ്ത്രീയുടെ തലയാണ് പുരുഷൻ, പുരുഷന്റെ തലയാണ് ക്രിസ്തു ആ സീകൻസ് തെറ്റിക്കാൻ പാടില്ല. വിവിധ ശുശ്രൂഷകൾ ചെയ്യുമ്പോൾ പുരുഷന്മാരുടെ മേൽ കൈവച്ച് പ്രാർത്ഥിക്കേണ്ടത് അനിവാര്യം ആണ്. സ്ത്രീകൾ അല്ല മറിച്ചു പുരുഷന്മാർ ആണ് ആ ശുശ്രൂഷ ചെയ്യേണ്ടത്. അപ്പം നുറുക്കൽ, സ്നാനം എന്നീ ശുശ്രൂഷകൾ ദൈവദാസന്മാർ ചെയ്യേണ്ടവയാണ്. ഇന്ന് കേരളത്തിലും, ബാംഗ്ലൂരിലും ഇന്ത്യയിലെ പല സ്ഥലങ്ങളിലും ലേഡീസ് പാസ്റ്റോഴ്സ് സഭാശുശ്രൂഷകൾ ചെയ്യുന്നു. ഇത് ദൈവം അനുവദിക്കുന്നതല്ല. കർത്താവിന്റെ സന്നിധിയിൽ ചെയ്തുപോയ തെറ്റ് ഏറ്റുപറഞ്ഞു ക്ഷമ ചോദിച്ച് കർത്താവ് ദൈവ വചനത്തിൽ അനുവദിച്ചിരിക്കുന്ന ശുശ്രൂഷകൾ ചെയ്ത് കർത്താവിന്റെ വേലയിൽ ഉത്സാഹിച്ച് നിത്യതയിൽ പ്രതിഫലം വാങ്ങേണ്ടതിന് പ്രയത്നിക്ക. അറിവില്ലായ്മകളുടെ കാലങ്ങളെ ദൈവം ലക്ഷ്യ മാക്കുന്നില്ലല്ലോ. എന്നാൽ സത്യം അറിഞ്ഞിട്ടും മനസാന്തരപ്പെടാതെ അതു തുടരുകയാണെങ്കിൽ ന്യായവിധിയിൽ നിന്നും തെറ്റി ഒഴികയില്ല എന്നോർക്ക. ദൈവം സൽബുദ്ധി നൽകട്ടെ.

മരണകുരുക്ക്....

പേജ് 3 ൽ നിന്ന്

ഹിന്ദുമതത്തിലേക്ക് പുനഃപരിവർത്തനം നടത്തുന്നതിനോ പ്രാദേശിക പള്ളികൾ അടച്ചുപൂട്ടുന്നതിനോ വേണ്ടി ഹിന്ദു ഗ്രൂപ്പുകൾ ദിവസങ്ങളായി മൃതദേഹങ്ങളെ ബന്ദികളാക്കി വച്ചിരിക്കുകയാണ്, സംസ്ഥാന സർക്കാർ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് ശ്മശാന സ്ഥലങ്ങൾ ഉറപ്പാക്കണമെന്നും അദേഹം കൂട്ടിച്ചേർത്തു.

2024-ൽ ഒഡീഷയിൽ ബിജെപി അധികാരത്തിൽ വന്നതിനുശേഷം ക്രിസ്ത്യാനികൾക്കെതിരായ വിവേചനം രൂക്ഷമായതായി നാഷണൽ ക്രിസ്ത്യൻ ഫ്രണ്ട് ജനറൽ സെക്രട്ടറി ഇസ്മായിൽ പത്രോ പറഞ്ഞു. സംസ്ഥാനത്തെ 42 ദശലക്ഷം ജനങ്ങളിൽ 2.77 ശതമാനം മാത്രമാണ് ക്രിസ്ത്യാനികൾ.

കേരള പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം സെമിനാറിന് അനുഗ്രഹ സമാപ്തി



ഡാളസ് : കേരള പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം ഡാളസ് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ മസ്ക്യൂട്ട് ഷാരോൺ ഫെലോഷിപ്പ് സഭാ ആഡിറ്റോറിയത്തിൽ നടന്ന സെമിനാറിൽ റവ.ജോർജ്ജ് മാത്യൂ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. 'എഴുത്ത് തലമുറകളിലൂടെ' എന്നതായിരുന്നു സെമിനാറിലെ ചിന്താവിഷയം. റവ. കോശിവൈദ്യന്റെ പ്രാർത്ഥനയോടെ തുടക്കംകുറിച്ച സമ്മേളനത്തിൽ ചാപ്റ്റർ പ്രസിഡന്റ് ഷാജി മണിയാറ്റ് അദ്ധ്യക്ഷ പ്രസംഗത്തിൽ എഴുത്തിന്റ ലക്ഷ്യവും വിവിധ ഘടനകളും വിശദീകരിച്ചു പ്രസംഗിച്ചു. ഷാജി വിളയിൽ, ഷാരോൻ മാത്യു, സിസ്റ്റർ പ്രിൻസി മാത്യൂ തുടങ്ങിയവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു . ജെയിംസ് ഇമ്മാനുവേൽ ആശംസ അറിയിച്ചു. ചാപ്റ്റർ സെക്രട്ടറി എസ്. പി. ജെയിംസ് സദസിനെ സ്വാഗതം ചെയ്തു. രാജു തരകൻ (ട്രഷറർ) കൃതജ്ഞത അറിയിച്ചു. പട്ടണത്തിലെ വിവിധ സഭകളിൽ നിന്നും സഭാശുശ്രൂഷകർ, സഭാ ലീഡേഴ്സ് , വിശ്വാസികൾ, വിവിധ മാധ്യമ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു, റവ. മാത്യൂവർഗ്ഗീസ്, റവ.വിയപുരം ജോർജ്ജുകുട്ടി, വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. വെസ്ലി മാത്യു (മീഡിയ), സാം മാത്യു (പബ്ലിസിറ്റി) എന്നി നിലകളിൽ ഭരണ സമിതിയോടൊപ്പം വിവിധ നിലകളിൽ പ്രവർത്തിച്ചു. എഴുത്ത് ഒരു കാലഘട്ടത്തിന്റെ ചരിത്രമായ് വരും തലമുറകളിലേക്ക് പകരെപ്പെടണമെന്ന ആഹ്വാനത്തോടെയാണ് സമ്മേളനം സമാപിച്ചത്. **രാജു തരകൻ**

റഷ്യയിൽ സുവിശേഷ സഭകൾക്കും സംഘടനകൾക്കും വിലക്ക് ....

പേജ് 4 ൽ നിന്ന്

പ്രവർത്തനങ്ങളും നടത്തി വരുന്ന നിരവധി വിദേശ മിഷൻ സംഘടനകളും സന്നദ്ധ സംഘടനകളും പ്രവർത്തകരും രാജ്യത്തു പ്രവർത്തിക്കുന്ന സാഹചര്യത്തിൽ വലിയ പ്രതിസന്ധിയാണ് ഭരണകൂടം അവർക്ക് സൃഷ്ടിച്ചിരിക്കുന്നത്. ഇതോടെ നിരവധി ബാപ്റ്റിസ്റ്റ്-പെന്തക്കോസ്ത് മെതഡിസ്റ്റ് സഭാ സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് രാജ്യത്ത് വിലങ്ങ് വീഴും. റഷ്യൻ ഓർത്തഡോക്സ് സഭയ്ക്ക് പ്രാമുഖ്യമുള്ള രാജ്യത്ത് വിദേശ ബന്ധമുള്ള കത്തോലിക്ക-ആംഗ്ലിക്കൻ സഭകളുടെ പ്രവർത്തനങ്ങളും പരിമിതപ്പെട്ടേക്കാം. സുവിശേഷ വിഹിത സഭകളുടെ പ്രവർത്തനങ്ങളെ രാജ്യത്ത് നിന്ന് ഒഴിവാക്കുകയെന്ന ലക്ഷ്യമാണ് ഇതിന് പിന്നിലുള്ളത്. അത്തരം സഭകൾ അമേരിക്കൻ ചാരന്മാരാണെന്നുള്ള മുൻവിധിയോടെ റഷ്യയുടെ ഉക്രൈൻ അധിനിവേശത്തിൽ ആയിരക്കണക്കിന് ബാപ്റ്റിസ്റ്റ്- പെന്തക്കോസ്ത് ആരാധനാലയങ്ങൾ റഷ്യൻ പട്ടാളക്കാർ തകർത്തിരുന്നു. നിരവധി പാസ്റ്റർമാരേയും അധിനിവേശ സ്ഥലങ്ങളിൽ നിന്ന് പലായനം ചെയ്യിച്ചിരുന്നു. റഷ്യൻ പട്ടാളക്കാരുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട വിശ്വാസികളും ഏറെയാണ്. യുഎസ്എസ്ആർ സഖ്യ സമൂഹത്തിന്റെ തകർച്ചയ്ക്ക് ശേഷം റഷ്യയിൽ നവീകരണ സഭകൾക്ക് വലിയ വളർച്ചയാണ് ഉണ്ടായത്. ഇതിനെ തടയാനാണ് റഷ്യയുടെ പാരമ്പര്യ സഭയുടെ പിന്തുണയോടെ സർക്കാർ പുതിയ നടപടിക്കൊരുങ്ങുന്നത്.

സൂത്രധാരർക്ക് ..

പേജ് 4 ൽ നിന്ന്...

ണെന്ന് റിപ്പോർട്ടുകൾ പറയുന്നു. ചാവേർ ബോംബാക്രമണങ്ങളുടെ പ്രധാന സൂത്രധാരനെന്ന് കേസ് നടത്തിയവർ ചൂണ്ടിക്കാണിച്ച മുഹമ്മദ് ഇബ്രാഹിം മുഹമ്മദ് നൗഫർ ഉൾപ്പെടെയുള്ള 15 പേർക്കാണ് കൊളംബോ പെർമനന്റ് ഹൈക്കോടതി ട്രയൽ-അറ്റ്-ബാർ 200 മുതൽ 260 വർഷം വരെ തടവുശിക്ഷ വിധിച്ചത്. കുറ്റക്കാരായ ആളുകളുടെ സമ്പാദ്യവും മറ്റു സ്വത്തുക്കളും പിടിച്ചെടുക്കാൻ കോടതി ഉത്തരവിട്ടു. ശിക്ഷ ലഭിച്ച ആളുകളെല്ലാം ശ്രീലങ്കയിലെ മുസ്ലിം സമുദായത്തിൽ നിന്നുള്ളവരാണ്. ശ്രീലങ്ക കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന രണ്ട് ഇസ്ലാമിക തീവ്രവാദ സംഘടനകളാണ് (നാഷണൽ തൗഹീദ് ജമാഅത്ത്, ജമ്മിയത്തുൽ മില്ലത്തു ഇബ്രാഹീം) ഈ ആക്രമണങ്ങൾ നടത്തിയത്. ബോംബാക്രമണങ്ങളിൽ നേരിട്ട് പങ്കെടുത്ത ആരും തന്നെ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ആസൂത്രണത്തിലും ആക്രമണങ്ങൾക്ക് സഹായം നൽകിയതിലുമുള്ള പങ്കാളിത്തം കണക്കിലെടുത്ത് അഞ്ച് പേർക്ക് 200 വർഷം വീതവും, അഞ്ച് പേർക്ക് 220 വർഷം വീതവും, നാല് പേർക്ക് 240 വർഷം വീതവും, ഒരാൾക്ക് 260 വർഷ തടവുശിക്ഷയുമാണ് കോടതി നൽകിയത്. മരിച്ചവരുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്ന ഒന്നാണ് ഈ കോടതി വിധി. ഭാവിയിൽ ഇത്തരം ദാരുണ സംഭവങ്ങൾ ഉണ്ടാവാതിരിക്കാൻ ഈ ശിക്ഷ വലിയൊരു പാഠമായി മാറും.




RAMESH GALANI, CPA
Accounting & Tax Services
1901 N. Roselle Road, Suite 800
Schaumburg, IL 60195
(847) 957-1320

Don't let this upcoming tax season overwhelm you..
If you are looking for expert guidance to navigate the comolexities of our tax system, please call me for a free consultation.

Services offered include-

* Personal Taxes
* Corporate Taxes
* Payroll
* Bookkeeping
* Sales Tax

Whether you are an individual, a small business, a non profit or a corporation, we have got you covered with our personalized approach and in-depth knowledge spanning over three decades of expertise and experience!

QUALITY ENGINEERING SERVICES



Call for all your needs of:

✓ Heating & Air Conditioning
✓ Plumbing & Electrical



Sam George
224 - 627 - 3078
847 - 223 - 8622
Services offered in Chicago and its suburbs

MATRIMONIALS

MVM-609

Pentecostal parents invite proposals for their son (DoB: September,1997/ 5”6’). Born and raised in the Middle East. Working as an Engineer in USA. Seeking alliance from God fearing and professionally qualified girls. Preferred girls from similar upbringing. If interested, please reach out. **Contact Info; +14072320233**

MVM-610

Syrian Martoma girl “3/1995,165,70kg interior designing graduate working in Qatar very rich family Preferably Boy India or Abroad.

8089075270, 9447457068

MVM-611

Syrian christian parents invite proposal for their born again daughter born and brought up in nigeria, 35, 15/7/1990 ,5'4.Primary and secondary Higher education all done in Lagos, Nigeria, Diploma in Hardware NIIT Ekm,“MS Specialist course, from Nig., Aptech Ekm short MCSE. Now settled down in Palakkad Dstr, Never married, ornament wearing, loves music & travel. Sttending an independent church. Seeking suitable alliance from educated, born again boy, strong believer in the Lord, preferably from out of India “ **Ph: +91 9447457068 8089075270**

MVM-612

Christian Pentecostal Parents invite proposals for their son, Brought up in Middle East (DoB: Aug 1999/ 178 cm/ 86 kg/ nuclear family) B. Tech in Mechanical Engineering & MBA (Pursuing). Currently working in GCC, Seeking suitable alliances from parents of born again, baptised, God fearing, Spiritual and professionally qualified, non ornamental, kind girls. NRI (Preferred) **Contact on Whatsapp +91 9495440151**

MVM-613

Pentacostal parents inviting proposals for their born again Spirit filled son (30yrs, 74kg, 172cm). MA (English literature)NET Qualified. Now working as a Manager at Christ Centre Gospel Foundation. Seeking proposals from parents of Spirit filled, God fearing professionally qualified pentacostal girls (Non ornamental) **Contact. 9495662058//9447026078**

MVM-614

Syrian christian Pentecostal Parents seek alliance for their son (38/DOB 02/12/87/82 Kg /) Diploma in Mechanical Engineering now working in Govt. Service at Ernakulam. Invite proposal from born again Baptized and God fearing Pentecostal family, Educated and Preferably from Kerala.

Contact 9446016032

MVM-615

Pentacost girl B.E/147cm/06-05-1998 working as RPA Engineer (Infopark Kochi). Seeking suitable proposals from professonally qualified pentacostal boys.

Contact: 7907863823

MVM-616

Pentecostal parents invite marriage proposals for their daughter 38/ 164cm., American citizen and federal employee. Seeking qualified Pentecostal boys who are interested in Gospel work preferably from USA. Contact by WhatsApp only. **+919526001751**

MVM-617

Christian Pentecostal parents invite proposals for their son (DoB:17.10.1999 /172cm/60kg). PG in Economics. Middle class family. Currently working as an Accountant. Seeking a suitable alliance from parents of God-fearing, spiritual, and professionally qualified girls.**Contact: 9961311081, 8157993499**

MVM-618

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് (27/ 1999/ 170 cm/Middle Class Family) M. Div. കഴിഞ്ഞ് സഭയുടെ പാസ്റ്റർ ആയി സേവനം അനുഷ്ഠിക്കുന്നു. സുവിശേഷ വേലക്ക് താല്പര്യം ഉള്ള പെന്തക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹലോചകൾ ക്ഷണിച്ചുകൊള്ളുന്നു.

ഫോൺ: 9988583868,9605519022

MVM-619

Kumbanad based Pentecostal family invites proposals for their daughter (29 years/Nov 1996/ 157cm), BE(ECE) from VTU, Bangalore. She is presently Manager in a USA based MNC (WFH). Professionally qualified boys who are spiritually sound and belongs to upper middle class family preferred.

WhatsApp: 9633632889

MVM-620

Christian Pentecostal Parents seek alliance for their son: Age: 29 (DOB:17-08-1995) Height: 6feet (180cm) Educational Qualification : B Tech Electrical engineering. Occupation: Project Engineer (Electrical) at Bluemist, Dubai, UAE.Languages known: English, Malayalam, Hindi. Location: Irinjalakuda, Thrissur, Preference: No ornament wearing, Born again, baptised,Holy spirit filled and Qualified, professional girl.
Contact & Whatsapp number:

+91 9497318536.

MVM-621

ഈഴവ വിഭാഗത്തിൽ നിന്നും രക്ഷിക്കപ്പെട്ട പെന്തക്കോസ്ത് യുവാവ് 165cm/2-5-1998(28), diploma in computer application.ഇപ്പോൾ KSEB- (contract Base) ജോലി ചെയ്യുന്നു. രക്ഷിക്കപ്പെട്ട യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. **ഫോൺ : 9447703765**

shabucjacob65@gmail.com

MVM-622

സിറിയൻ ക്രിസ്ത്യൻ യുവാവ് 36 (26/2/1990) 180 cm. +2 ഡിപ്ലോമ ജോലി ഡ്രൈവർ, സാധാരണ കുടുംബം. വിശ്വാസികളായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു. abinabraham@008gmail.com

ഫോൺ :9946872516, 9744743705

MVM-623

Syrian Christian Pentecostal family invite proposal for their born again, baptised, spirit filled daughter, non ornamental (26/Feb 2000, 158cm/ 55kg) Doctor of Pharmacy graduate from Bangalore, currently working in an US based MNC in Kochi. Seeking proposals from parents of God fearing, born again, baptised and spirit filled professionally qualified boys, who are also interested in ministry (below 30 years) from India or abroad. “Contact: **8281609076, +12013977820**

MVM-624

Prayerful Pentecostal parents invite proposals for their born-again, baptized, spirit filled son DOB: 12/08/ 1997,5'10", B.Tech in Mechanical Engineering, NEBOSH,IOSH,ISO 45001 Lead Auditor. working as an HSE/Safety Officer (Consultant) in UAE. Seeking suitable proposals. Please contact with photos. **Contact: (WhatsApp):+917012622788**

MVM-625

Pentecostal parents invite marriage proposals for their daughter (19/08/ 1997),born again , baptised, Spirit filled and professionally a Physiotherapist (passed pro-metric exam) .Seeking proposals from parents of God fearing, born again , baptised and Spirit filled , professionally qualified boys from India or abroad. Contact:

9746677783, 9388746069

MVM-626

Born Again Boy Ornaments wearing, Date of Birth 15/5/1995, Weight 57 Kg ,Height 165, Pharm D.Settled in Germany. Bride Requirement Priority Born Again ,Pharm D/B pharm/M pharm/Btech Engineering/ Computer Science/Msc Chemistry/MSC Physics/ MSC Biology/MSC Maths/ BSC Nurse/MSC Nurse“Contact:

9447457068/ 8089075270

MVM-627

Syrian Christian Pentecostal parents invite proposals for their daughter (born 13 November 1998, 162 cm, 46 kg), She has completed her MBA and is currently working as a Coordinator in a hospital in Kerala.“We prayerfully seek a suitable alliance from born-again, baptized and professionally qualified boys.

9961508270, +447938802493

MVM-628

Pentecostal parents invite proposals for their son (DoB: September,1997/5”6’). Born and raised in the Middle East. Working as an Engineer in USA. Seeking alliance from God fearing and professionally qualified girls. Preferred girls from similar upbringing. If interested, please reach out. **Contact Info; +14072320233**

MVM-629

Jacobite born again girl27years 155cm height MSc bed tet upper middile class.Seeking suitable proposals. Please contact: **8281291154**



വിവാഹ പരസ്യങ്ങൾ സൗജന്യമായി

മാറാനാഥ വോയ്സിൽ വിവാഹ പരസ്യങ്ങൾ സൗജന്യമായി പ്രസിദ്ധീകരിക്കുന്നു. വിവാഹ പരസ്യ വാചകങ്ങൾ ചുരുങ്ങിയ വാക്കുകളിൽ ടൈപ്പ് ചെയ്ത് ഫോൺ നമ്പർ, ഇമെയിൽ ഐഡി എന്നിവ സഹിതം വാട്സാപ്പിലോ, ഇമെയ്ലിലോ ഞങ്ങൾക്ക് അയക്കുക. വാട്സ്ആപ്പ്നമ്പർ: 9446785383

Email: maranathavoice@gmail.com

പത്രാധിപർ



പാസ്റ്റർ കെ.കെ. ചെറിയാന്റെ സംസ്കാരം നടത്തി

തോന്നിയാമല: പ്രശസ്ത കൺവൻഷൻ പ്രഭാഷകനും വേദാദ്ധ്യാപകനും, ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ സീനിയർ ശുശ്രൂഷ കനുമായിരുന്ന പാസ്റ്റർ കെ. കെ. ചെറിയാൻ നിത്യ വിശ്രാമത്തിലേക്ക് ചേർക്കപ്പെട്ടു. സംസ്കാരം ഒക്ടോ. 13 ന് ചൊവ്വാഴ്ച രാവിലെ 8 മുതൽ 12 വരെ കുമ്പനാട് മണിയാറ്റ് ഓഡിറ്റോറിയത്തിലും, ഉച്ചയ്ക്ക് 12:30 മുതൽ 3 വരെ തോന്നിയാമല ബഥേൽ എ.ജി ചർച്ചിലും നടന്ന ശുശ്രൂഷകൾക്ക് ശേഷം. തോന്നിയാമല സഭാ സെമിത്തേരിയിൽ നടത്തി.

ദീർഘവർഷങ്ങൾ ഐ.പി.സിയുടെ റാന്നി, ആലപ്പുഴ, എറണാകുളം, വാളകം സെന്റർ പാസ്റ്ററായിരുന്നു. തോന്നിയാമല പകലോമറ്റം കമുകും പുരയിടത്തിൽ കുടുംബാംഗമാണ്.

മാവേലിക്കര വാണിയംപറമ്പിൽ പരേതനായ പാസ്റ്റർ ജി. സമുവേലിന്റെ മകൾ ജയ ചെറിയാനാണ് ഭാര്യ.

മക്കൾ:റേയ്ച്ചൽ, കോശി, എലിസബേത്ത്, സാം, ഏബ്രഹാം സൂസൻ.

മരുമക്കൾ: പാസ്റ്റർ ബെൻ ജോൺസ്, ഷൈനി, പ്രമോദ്, ഷെറിൻ, ജാൻസി, ജോഷ്.

ജീവിതാന്ത്യം വരെ ഉപദേശ സത്യങ്ങൾക്ക് വേണ്ടി നിലകൊണ്ട പാസ്റ്റർ കെ.കെ ചെറിയാൻ അമേരിക്കൻ ഐക്യ നാടുകളിലും ഗൾഫ് രാജ്യങ്ങളിലും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും നിരന്തരമായി യാത്ര ചെയ്ത് സുവിശേഷ സാക്ഷ്യം വഹിച്ചിരുന്നു. സഭയിൽ ഉടലെടുക്കുന്ന അനാത്മീക പ്രവണതകൾക്കെതിരെയും വചനത്തിൽ നിന്നകലുന്ന സഭാ നേതാക്കൾക്കെതിരേയും മുഖം നോക്കാതെ പ്രതികരിക്കുകയും അന്ത്യം വരേയും വചനത്തിന്റെ കാവലാളായി നിലകൊള്ളുകയും ചെയ്ത ക്രിസ്തുവിന്റെ ധീരപോരാളിയായിരുന്നുപാസ്റ്റർ കെ.കെ. ചെറിയാൻ.



ഗീവർഗീസ് ചാക്കോ

മണ്ണൂർ; മാറാനാഥ വോയ്സ് ന്യൂസ് എഡിറ്റർ റോയി മണ്ണൂരിന്റെ പിതാവ് അഞ്ചൽ മണ്ണൂർ മാത്തിയോട്ട് വിളയിൽ ഗീവർഗ്ഗീസ് ചാക്കോ (93-റിട്ട.ഹെഡ്മാസ്റ്റർ, എൽ.എം എസ് മണ്ണൂർ) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഒക്ടോബർ 6ന് ചൊവ്വാഴ്ച 11ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് മണ്ണൂർ ശാലേം മാർത്തോമ പള്ളി സെമിത്തേരിയിൽ നടത്തി.

ഭാര്യ;ഓടനാവട്ടം മങ്ങാട്ട് കുടുംബാംഗം കുഞ്ഞമ്മ ചാക്കോ.മറ്റ് മക്കൾ: പരേതയായ സിസിലി ജേക്കബ്, ഷേർലി ജോൺസൻ.

മരുമക്കൾ: ഡോ. ആനി ജേക്കബ്, ജോൺസൻ ചാക്കോ.

പാസ്റ്റർ കെ.കെ.ചെല്ലപ്പൻ

ന്യൂഡൽഹി: ഡൽഹി എൻ.സി.ആർ. മേഖലയിൽ ദീർഘകാലം സുവിശേഷ ശുശ്രൂഷ നിർവഹിച്ചിരുന്ന റവ. പാസ്റ്റർ കെ. കെ. ചെല്ലപ്പൻ (57) നിത്യതയിൽ ചേർക്കപ്പെട്ടു. കോട്ടയം കാനം സ്വദേശിയാണ്. ഡൽഹി എൻ.സി.ആർ മേഖലയിൽ സുവിശേഷ പ്രവർത്തനങ്ങളിലും സഭകളുടെ വളർച്ചയ്ക്കുമായി സജീവമായി പ്രവർത്തിച്ചിരുന്നു. സംസ്കാരം ഒക്ടോബർ 5, തിങ്കളാഴ്ച രാവിലെ 11 ന് ന്യൂഡൽഹിയിലെ ബാത്ര ഹോസ്പിറ്റലിന് സമീപമുള്ള സെന്റ് തോമസ് ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തി. ഭാര്യ: രാജമ്മ ചെല്ലപ്പൻ. മകൻ: ബ്ലെസ്സൺ.



ജി. ജോർജ്

കൊട്ടാരക്കര : ചെങ്ങമനാട് അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗം, വില്ലൂർ പാലമുക്ക് ചരുവിള പുത്തൻ വീട്ടിൽ ജി ജോർജ് (84) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഒക്ടോബർ 21 ന് ബുധനാഴ്ച ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം സഭയുടെ തൃക്കണ്ണമംഗൽ കടലാവിളയിലുള്ള സെമിത്തേരിയിൽ നടത്തി.

ഭാര്യ:ഇഞ്ചക്കാട് മാവിലഴികത്ത് കുടുംബാംഗം ശാന്തമ്മ .മക്കൾ: ബിജു ജോർജ് (ഡെൽഹി) സജു ജോർജ് ക്രൂവൈറ്റ്) സുജ ഷാജൻ. മരുമക്കൾ: ലിസി (ഡെൽഹി) ഷീബ,ഷാജൻ ജോർജ്.




സരളാഭായി

കാട്ടാക്കട: കുറ്റിച്ചൽ പ്രാർത്ഥനകൂടാരം സഭാംഗം കുറ്റിച്ചൽ ഷാരോൺ ഹൗസിൽ സരളഭായി (70) ഒക്ടോബർ 1ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഒക്ടോബർ 3ന് വീട്ടിലും പ്രാർത്ഥനാ കൂടാരത്തിലും നടന്ന ശുശ്രൂഷകൾക്ക് ശേഷം വീട്ടുവളപ്പിൽ സംസ്കരിച്ചു.ശുശ്രൂഷകൾക്ക് പാസ്റ്റർ രാജൻ വികൂർ, ഐജിസി പാസ്റ്റർ അനിക്കുട്ടൻ എന്നിവർ നേതൃത്വം നൽകി.

ഭർത്താവ് ശശിധരൻ, മക്കൾ ശമുവേൽ, ബോവസ്, ഫേബ. മരുമകൻ: പാസ്റ്റർ സോജി .(ദി ചർച്ച് ഓഫ് ഗോഡ് കല്ലുമല)

നൈജീരിയിൽ ചർച്ചിലേക്കുള്ള യാത്രാമദ്ധ്യേ പാസ്റ്ററെ കൊലപ്പെടുത്തി

തീവ്രവാദികൾ ക്രൈസ്തവരെ കണ്ടെത്തുന്നത് ഡ്രോൺ നിരീക്ഷണത്തിലൂടെ



ബോർണോ: നൈജീരിയയിലെ ബോർണോ സംസ്ഥാനത്ത് ആരാധനാലയത്തിലേക്ക് ശുശ്രൂഷയ്ക്കായി പോവുകയായിരുന്ന പാസ്റ്ററേയും മകനേയും തീവ്രവാദികൾ ആക്രമിച്ചു. സംഭവത്തിൽ വെടിയേറ്റു പാസ്റ്റർ തൽക്ഷണം മരിച്ചു. ഗുരുതരമായി പരുക്കേറ്റ മകൻ ചികിത്സയിലാണ്. സെപ്റ്റംബർ 20 ഞായറാഴ്ച രാവിലെ ബാർക്കിൻ ലാഡി ലോക്കൽ ഗവൺമെന്റ് ഏരിയയിലെ മറബൻ കാന്റോമയിലുള്ള തന്റെ ചർച്ചിലേക്ക് സഭായോഗം നടത്തുന്നതിനായി പോകുന്നതിനിടെയാണ് പാസ്റ്റർ സാമുവൽ നന്ദി കൊല്ലപ്പെട്ടത്. ഏഴ് ദിവസത്തിനിടെ ബോക്കോസ്, റിയോം, ബാർക്കിൻ ലാഡി, മാംഗു എന്നിവിടങ്ങളിൽ ക്രൈസ്തവ സമൂഹത്തെ ലക്ഷ്യമിട്ട് നടന്ന ആക്രമണങ്ങളിൽ 27 ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.ഒരാഴ്ചയ്ക്കുള്ളിൽ പാസ്റ്ററും 27 പേരും കൊല്ലപ്പെട്ടതിനെ തുടർന്ന് പ്ലാറ്റോ ഗവർണർ കർഫ്യൂ ഏർപ്പെടുത്തി. സെപ്റ്റംബർ 20ന് ഞായറാഴ്ച രാവിലെ ചർച്ചിലേക്ക് പോവുകയായിരുന്ന പാസ്റ്ററെ വഴിയിൽ തടഞ്ഞ് ആക്രമിക്കുകയായിരുന്നു. സംഭവദിവസം രാത്രിയിൽ ദാർവത് സമൂഹത്തെ മുഴുവൻ ഒരു ഡ്രോൺ ഉപയോഗിച്ച് തീവ്രവാദികൾ നിരീക്ഷിച്ചതായും ആക്രമണം നടത്താൻ തയ്യാറെടുക്കുന്ന സായുധ സംഘങ്ങളുമായി ഈ ഉപകരണം ബന്ധിപ്പിച്ചാണ് ക്രൈസ്തവ കൂട്ടക്കൊലയ്ക്ക് പദ്ധതികൾ തയാറാക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇന്റർനാഷണൽ കമ്മിറ്റി ഓൺ നൈജീരിയയിലെ ഡേവിഡ് നാൻപെറ്റ് ആണ് ഇത് സംബന്ധിച്ച് വിശദ റിപ്പോർട്ട് തയാറാക്കിയത്. സെപ്റ്റംബർ 13 നും സെപ്റ്റംബർ 20 നും ഇടയിൽ പ്ലാറ്റോ സംസ്ഥാനത്തെ നിരവധി ക്രൈസ്തവ സമൂഹങ്ങളിൽ ആക്രമണങ്ങൾ രേഖപ്പെടുത്തിയതോടെയാണ് റിപ്പോർട്ടുകൾ വന്നത്.

ശുശ്രൂഷ കഴിഞ്ഞ് മടങ്ങിയ പാസ്റ്ററെ മ്യാൻമർ സൈന്യം വെടിവച്ചു കൊന്നു

കൊലപാതകം മനഃപൂർവ്വവും ലക്ഷ്യം വച്ചുള്ളതുമാണെന്ന് സഭാ വക്താക്കൾ പറഞ്ഞു



ചിൻ: മ്യാൻമറിലെ ചിൻ സ്റ്റേറ്റിൽ ആത്മീയ ശുശ്രൂഷ കഴിഞ്ഞ് ഭവനത്തിലേക്ക് മടങ്ങുകയായിരുന്ന പാസ്റ്ററെ സൈന്യം വെടിവച്ചു കൊന്നും. 49 കാരനായ ബാപ്റ്റിസ്റ്റ് സഭാ പാസ്റ്റർ ദാൽ തൗൺ തുവാങ് ആണ് കൊല്ലപ്പെട്ടത്. ലംസാങ് ഗ്രാമത്തിലെ ബാപ്റ്റിസ്റ്റ് ചർച്ചിൽ അസിസ്റ്റന്റ് പാസ്റ്ററായിരുന്നു, സെപ്റ്റംബർ 14ന് വൈകിട്ട് 4 മണിക്കായിരുന്നു സംഭവം.

സംഭവ ദിവസം സമീപ പ്രദേശമായ ടുയി തൗ ഗ്രാമത്തിൽ ശുശ്രൂഷ കഴിഞ്ഞ് ലംസാങ്ങിലേക്ക് മടങ്ങുമ്പോൾ പാസ്റ്റർ തുവാങ്ങിനെ ടാറ്റ്മഡോ സൈന്യം മൂന്ന് തവണ വെടിവച്ചതായി വിശ്വസനീയ സ്രോതസ്സുകൾ സ്ഥിരീകരിച്ചു. പാസ്റ്റർ തുവാങ്ങിന്റെ മൃതദേഹം പരിശോധിച്ചപ്പോൾ നെഞ്ച്, വയറ്, തുട എന്നീ മൂന്ന് ഭാഗങ്ങളിൽ വെടിയേറ്റ മുറിവുകൾ കണ്ടെത്തി, കൊലപാതകം മനഃപൂർവവും ലക്ഷ്യം വച്ചുള്ളതുമാണെന്ന് സഭാ വക്താക്കൾ പറഞ്ഞു.. കഴിഞ്ഞ 22 വർഷമായി ലംസാങ്ങ് ഗ്രാമത്തിലെ ചർച്ചിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു. ഭാര്യയും രണ്ട് കുട്ടികളുമുണ്ട്. ടെഡിം പട്ടണത്തിൽ നിന്ന് ഏകദേശം അഞ്ച് മൈൽ അകലെയുള്ള ലാംസാങ് ഗ്രാമത്തിൽ സെപ്റ്റംബർ 16 ന് അദ്ദേഹത്തിന്റെ ശവസംസ്കാര ശുശ്രൂഷ നടന്നു.

ചിൻ സ്റ്റേറ്റിൽ തന്നെയുള്ള ടാറ്റ്മഡോവ്, പാസ്റ്റർ വില്യമിനെയും മറ്റൊരു ക്രിസ്ത്യാനിയായ മിസ്റ്റർ നാം സിയുവിനെയും നിയമവിരുദ്ധമായി കൊലപ്പെടുത്തി ചില ആഴ്ചകൾക്കുള്ളിലാണ് പാസ്റ്റർ തുവാങ്ങിനേയും സൈന്യം കൊലപ്പെടുത്തിയത്. ചിൻ സംസ്ഥാനത്തെ ക്രൈസ്തവർ സർക്കാരിനെതിരെ യുദ്ധം ചെയ്യുന്ന റിബലുകളെ സഹായിക്കുന്നുയെന്ന ചിന്തയിലാണ് ചിന്നിലെ ക്രിസ്തീയ സഭകളും ശുശ്രൂഷകരും നിരന്തരമായി ആക്രമിക്കപ്പെടുന്നത്.

മാറാനാഥ ബൈബിൾ ഷോപ്പ്

മേപ്രാൽ, തിരുവല്ല

ഫോൺ: 9061105278



വിവിധ പ്രസാധകരുടെ, വ്യത്യസ്ഥ വലുത്തിലും മനോഹരമായ ബയന്റിംഗോടും ചെറുതും വലുതുമായ അക്ഷരങ്ങളോടും കൂടിയ മലയാളം, ഇംഗ്ലീഷ് തമിഴ്, ഭാഷകളിലുള്ള ബൈബിളുകളും വേദ പഠന ഗ്രന്ഥങ്ങളും ക്രിസ്തീയ ഗാനങ്ങളുടെ സിഡികളും മിതമായ നിരക്കിൽ മാറാനാഥ ബൈബിൾ ഷോപ്പിൽ ലഭ്യമാണ്. ഓർഡറനുസരിച്ച് തപാലിലും അയച്ച് തരുന്നതാണ്.

പ്രവേശനം ക്രൈസ്തവ വിശ്വാസികൾക്ക് ..പേജ് 1 ൽ നിന്ന്

ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നതായി പ്രാദേശിക ഹിന്ദി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 'ഏപ്രിലിൽ മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഞങ്ങൾ അത്തരം നോട്ടീസുകൾ നൽകാൻ തുടങ്ങി,' ഡയമണ്ട് ഫലെസ് കൂട്ടിച്ചേർത്തു.

നിയമം പ്രാബല്യത്തിൽ വന്നതു മുതൽ, നിയമവിരുദ്ധ മതപരിവർത്തന ആരോപണങ്ങളിൽ വൈദികരേയും പാസ്റ്റർമാരെയും വിശ്വാസികളെയും ചോദ്യം ചെയ്ത് കൊണ്ട് ധംതാരിയിലെ ക്രിസ്ത്യൻ ആരാധനാലയങ്ങളിലും മറ്റ് പ്രാർത്ഥനാകൂട്ടായ്മകളിലും നിരവധി ഹിന്ദു സംഘടനകൾ സന്ദർശിക്കുന്നുണ്ട്. ഇത് പ്രാർത്ഥനായോഗങ്ങളെ അലങ്കോലമാക്കുകയും സംഘർഷങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ദരിദ്രരായ അക്രൈസ്തവരെ പള്ളികളിലേക്ക് ക്ഷണിച്ചുകൊണ്ട് ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുന്നതായി ഹിന്ദു ദേശീയ വാദികളും പ്രാദേശിക തദ്ദേശീയ സമൂഹങ്ങളുടെ പ്രതിനിധികളും സെപ്റ്റംബർ 15 ന് ക്രിസ്ത്യൻ ഗ്രൂപ്പുകളുമായി നടത്തിയ ഒരു യോഗത്തിൽ ആരോപിച്ചു. ക്രിസ്ത്യൻ പ്രാർത്ഥനാ യോഗങ്ങളിൽ സ്വമേധയാ പങ്കെടുത്തതായി വ്യക്തമാക്കുന്ന സ്വയം പ്രഖ്യാപന ഫോമുകൾ ആയിരത്തോളം പേർ ജില്ലാ കളക്ടറേറ്റിൽ സമർപ്പിച്ചതായി യോഗത്തിൽ പങ്കെടുത്ത ഫിലസ് പറഞ്ഞു.

ഏപ്രിൽ 7 ന് പ്രാബല്യത്തിൽ വന്ന ഛത്തീസ്ഗഢ് മതസ്വാതന്ത്ര്യ നിയമം, 2026, 2000 ൽ ഛത്തീസ്ഗഢ് സംസ്ഥാനം രൂപീകരിക്കുന്നതിനായി പഴയ മധ്യപ്രദേശ് സംസ്ഥാനം പാസാക്കിയ 1968 ലെ നിയമത്തിന് പകരമാണ്. നിർബന്ധിതമോ വഞ്ചനാപരമോ ആയി അധികാരികൾ തരംതിരിക്കുന്ന മതപരിവർത്തനങ്ങൾക്ക് പുതിയ നിയമത്തിൽ കർശനമായ വ്യവസ്ഥകളും കഠിനമായ ശിക്ഷകളും അവതരിപ്പിക്കുന്നു.

ഭാരതീയ ജനതാ പാർട്ടി ഭരിക്കുന്ന ഒരു ഡസൻ ഇന്ത്യൻ സംസ്ഥാനങ്ങൾ നടപ്പിലാക്കിയ മതപരിവർത്തന വിരുദ്ധ നിയമങ്ങളെ ചോദ്യം ചെയ്ത് 107 വർഷം പഴക്കമുള്ള ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ ഉൾപ്പെടെ നിരവധി ക്രിസ്ത്യൻ സംഘടനകൾ സമർപ്പിച്ച നിരവധി ഹർജികൾ ഇന്ത്യയിലെ പരമോന്നത കോടതി ഇതിനകം പരിഗണിക്കുന്നുണ്ട്.

ഛത്തീസ്ഗഢും ഭരിക്കുന്നത് ബിജെപിയാണ്. സംസ്ഥാനത്തെ ഏകദേശം 30 ദശലക്ഷം ജനങ്ങളിൽ രണ്ട് ശതമാനത്തിൽ താഴെയാണ് ക്രിസ്ത്യാനികൾ.

MARANATHA VOICE

Plamoottil building
Mepral p.o
Thiruvalla-689591
PH: 0 8547414937

15 OCTOBER 2026 | MONTHLY | 16 PAGES | Annual Subscription Rs. 200/-

പഞ്ചാബിൽ പാസ്റ്റർ കൊല്ലപ്പെട്ടു

ലോഹം മുറിക്കാൻ ഉപയോഗിക്കുന്ന മൂർച്ചയേറിയ ആയുധം ഉപയോഗിച്ച് പാസ്റ്ററുടെ കഴുത്തിന് മാരകമായി മുറിവേൽക്കുകയായിരുന്നു.



ഗുരുദാസ്പൂർ: പഞ്ചാബിലെ ഗുരുദാസ് പൂരിലെ ബടാല നഗരത്തിൽ ഒക്ടോബർ 8ന് വ്യാഴാഴ്ച ഒരു പാസ്റ്ററെ അജ്ഞാതരായ അക്രമികൾ കൊലപ്പെടുത്തി. ബടാല നഗരത്തിലെ ഗാന്ധി ക്യാമ്പ് പ്രദേശത്തെ താമസക്കാരനായ പാസ്റ്റർ ബൽവീന്ദർ പാൽ എന്ന ലാഡി (46) ആണ് കൊല്ലപ്പെട്ടത്. പാസ്റ്റർ പാൽ തന്റെ വീട്ടിൽ ഒരു സഭാ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകിയിരുന്നതായും സംഭവസമയത്ത് വീട്ടിൽ തനിച്ചായിരുന്നുവെന്നും പോലീസ് പറഞ്ഞു.

സംഭവദിവസം രാവിലെ 9.30ന് വീട്ടിൽ തനിച്ചായിരിക്കെ 2 അക്രമികൾ വീട്ടിൽ കയറി മൂർച്ചയുള്ള ആയുധം ഉപയോഗിച്ച് പാസ്റ്ററെ ആക്രമിക്കുകയായിരുന്നു. ലോഹം മുറിക്കാൻ ഉപയോഗിക്കുന്ന മൂർച്ചയേറിയ ആയുധം ഉപയോഗിച്ചുള്ള ആക്രമണത്തിൽ പാസ്റ്ററുടെ കഴുത്തിന് മാരകമായി മുറിവേൽക്കുകയായിരുന്നു. ചില സമയങ്ങൾക്ക് ശേഷം കുടുംബാംഗങ്ങളും ബന്ധുക്കളും ചേർന്ന് പാസ്റ്ററെ ബട്ടാല സിവിൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും ഡോക്ടർമാർ മരണം സ്ഥിരീകരിക്കുകയായിരുന്നു. സംഭവമറിഞ്ഞ് സിവിൽ ലൈൻസ് പോലീസ് സ്ഥലത്തെത്തി വിശദമായ പരിശോധന നടത്തി. . സംഭവത്തിന്റെയും പ്രദേശത്തെ സംഘർഷത്തിന്റെയും സിസിടിവി ദൃശ്യങ്ങൾ ലഭ്യമായിട്ടുണ്ട്. സംഭവത്തിന് ശേഷം പ്രതികൾ ഓടിപ്പോകുന്നതും സിസി ടിവി ദൃശ്യങ്ങളിൽ കാണാം. കേസ് രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം ശക്തമാക്കി. മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ട് കൊടുത്തു. മരിച്ചയാളുടെ കുടുംബാംഗങ്ങളുടെ മൊഴികളുടെ അടിസ്ഥാനത്തിൽ ഗാന്ധി ക്യാമ്പിലെ താമസക്കാരനായ നരേഷിനെ കസ്റ്റഡിയിൽ എടുത്തതായും പോലീസ് സ്റ്റേഷൻ ഇൻചാർജ് നരേന്ദർ സിംഗ് പറഞ്ഞു.

'കൊലപാതകവുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ പോലീസ് ഇപ്പോൾ അന്വേഷിച്ചുവരികയാണ്. കൊലപാതകത്തിന് പിന്നിലെ യഥാർത്ഥ ലക്ഷ്യവും ഈ സംഭവത്തിൽ മറ്റാരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ എന്നതും പോലീസ് അന്വേഷണത്തിന് ശേഷം മാത്രമേ വ്യക്തമാകൂ,' അദ്ദേഹം കൂട്ടിച്ചേർത്തു. പാസ്റ്റർക്ക് ആരുമായും ശത്രുതയോ മുൻവൈരാഗ്യമോ ഉണ്ടായിരുന്നില്ലെന്നും അദ്ദേഹത്തിന്റെ ജീവിതം അനേകർക്ക് പ്രചോദനമായിരുന്നുയെന്നു ബന്ധു സണ്ണി മാധ്യമങ്ങളോട് പറഞ്ഞു.

സർവ്വേശ്വരനെ പാടി സ്തുതിക്കാൻ മാറാനാഥാ പബ്ലിക്കേഷൻസിൽ നിന്നും സമ്പൂർണ്ണമായൊരു പാട്ട് പുസ്തകം...

വില: 400 രൂപ
(ഇന്ത്യയിൽ)

കോപ്പികൾക്ക് താഴെ കാണുന്ന നമ്പരുകളിൽ ബന്ധപ്പെടുക


9061105278
8547414937 (india)
708-254 7402
917-753 8867(usa)

Email:
maranathavoice@gmail.com

മാറാനാഥാ ഗീതങ്ങൾ

പരിഷ്കരിച്ച മൂന്നാം പതിപ്പ്

>2267 സമ്പൂർണ്ണ ക്രിസ്തീയ ഗാനങ്ങൾ
>മലയാളം, ഇംഗ്ലീഷ് , ഹിന്ദി, തമിഴ്, കന്നട ഭാഷകളിലെ ഏറ്റവും പുതിയതും പഴയതുമായ പ്രസിദ്ധ ഗാനങ്ങൾ
>ശാസ്ത്രീയ,അർദ്ധ ശാസ്ത്രീയ ഗാനങ്ങൾ
>ആധുനിക ക്രൈസ്തവ സമൂഹം മറന്ന് പോയ പഴയ ഗാനങ്ങളുടെ സംഗ്രഹം
>പാട്ടുകൾക്കൊപ്പം പ്രസിദ്ധ ഗാനങ്ങളുടെ രചനാനുഭവങ്ങൾ
>ബൈബിൾ പേപ്പറിൽ, ആകർഷകമായ ബൈന്റിംഗോടെ, വിവിധ ശുശ്രൂഷകളിൽ പാടത്തക്കവണ്ണം ക്രമീകരിച്ചത്





നോഹയുടെ പെട്ടകം അറാറാത്ത് പർവ്വതത്തിൽ തന്നെ

തുർക്കിയിൽ അറാറാത്ത് പർവ്വതത്തിന് സമീപം നോഹയുടെ പെട്ടകം കണ്ടെത്തിയതായി നൂറ് ശതമാനവും സ്ഥിരീകരിച്ച് ശാസ്ത്രജ്ഞർ

ദുറുപിനാർ (തുർക്കി); ബൈബിളിൽ പരാമർശിക്കുന്ന നോഹയുടെ പെട്ടകം സ്ഥിതി ചെയ്യുന്ന സ്ഥലം മാറ്റമില്ലാതെ നൂറു ശതമാനവും ഉറപ്പിച്ചതായി ഗവേഷകരുടെ പുതിയ പ്രഖ്യാപനം. തുർക്കിയിലെ അരാരത് പർവ്വതനിരകൾക്ക് സമീപമുള്ള ദുറുപിനാർ എന്ന പ്രദേശത്ത് ഭൂമിക്കടിയിലേക്ക് തുളച്ചുകയറുന്ന അത്യാധുനിക ത്രിഡി സ്കാനിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തിയ പരിശോധനയിലാണ് ശാസ്ത്രജ്ഞരെ ഞെട്ടിച്ച കണ്ടെത്തലുണ്ടായത്. പ്രദേശത്തെ കുന്നുകൾക്ക് താഴെയായി കപ്പലിന്റെ ആകൃതിയിലുള്ള കൂറ്റൻ ഘടനയും അതിനുള്ളിൽ കൃത്രിമമായി നിർമ്മിച്ച തുരങ്കങ്ങളും മുറികളും സ്ഥിതിചെയ്യുന്നതായി സ്കാനുകളിൽ വ്യക്തമായിട്ടുണ്ട്. വിപുലമായ പടവുകളും മനുഷ്യനിർമ്മിതമായ അറകളും തടികൊണ്ട് നിർമ്മിച്ചതെന്ന് തോന്നിപ്പിക്കുന്ന ഭാഗങ്ങളും മണ്ണിനടിയിൽ നിലനിൽക്കുന്നുണ്ടെന്ന് ഗവേഷണ സംഘം വെളിപ്പെടുത്തി.ബൈബിളിലെ പഴയനിയമത്തിൽ വിവരിച്ചിരിക്കുന്ന നോഹയുടെ പെട്ടകത്തിന്റെ കൃത്യമായ അളവുകളോടും രൂപത്തോടും അമ്പരപ്പിക്കുന്ന സാമ്യമാണ് ഈ കണ്ടെത്തലിനുള്ളത്. പ്രദേശത്തു നിന്ന് ശേഖരിച്ച മണ്ണും പാറ സാമ്പിളുകളും പരിശോധിച്ചതിൽ ക്രിസ്തുവിന് മുമ്പ് 5000 മുതൽ 3000 വരെ വർഷങ്ങൾ പഴക്കമുള്ള സമുദ്രജീവികളുടെ അവശിഷ്ടങ്ങളും വികസിത മനുഷ്യസാന്നിധ്യത്തിന്റെ തെളിവുകളും കണ്ടെത്തിയിട്ടുണ്ട്.വർഷങ്ങളായി തുടരുന്ന നോഹയുടെ പെട്ടകത്തെക്കുറിച്ചുള്ള തിരച്ചിലുകളിലും ചരിത്ര ഗവേഷണങ്ങളിലും നിർണ്ണായകമായ വഴികാട്ടിയാകുന്നതാണ് ഈ പുതിയ പ്രഖ്യാപനം. വരും ദിവസങ്ങളിൽ കൂടുതൽ ആഴത്തിലുള്ള ഖനനങ്ങൾ നടത്തി ലോകശ്രദ്ധയാകർഷിച്ച ഈ കണ്ടെത്തലിന്റെ കൂടുതൽ വിവരങ്ങൾ പുറത്തുവിടാനാണ് അന്താരാഷ്ട്ര ഗവേഷക സംഘത്തിന്റെ തീരുമാനം.

Printed, Published & Owned by Thampi Thomas , Printed at deepika press, kottayam, and published from Plamoottil building, mepral p.o,Thiruvalla,pathanamthitta -689591